


**സമര കേരളം കൂടിയിരിക്കുന്നു**

വിവിധ മേഖലകളിലെ സമര-സാമൂഹിക പ്രവർത്തകരുടെ കൂട്ടായ ശ്രമത്തിലൂടെ തയ്യാറാക്കുകയും 2016 ഏപ്രിൽ 23, 24 തീയ്യതികളിൽ കോഴിക്കോട് വെച്ച് നടന്ന ജനകീയ സമരപ്രവർത്തകരുടെയും ബദൽ അന്വേഷകരുടെയും കൂടിച്ചേരലിൽ ചർച്ച ചെയ്ത് വിപുലപ്പെടുത്തുകയും ചെയ്ത...

# നിലനിൽപ്പിന്റെ മാനിഫെസ്റ്റോ

പ്രിയരേ,

'പുറന്തള്ളൽ വികസനത്തിന് ഒരറുതി, ജനകീയ വികസനത്തിന് ഒരു മാനിഫെസ്റ്റോ: സമരകേരളം കൂടിയിരിക്കുന്നു' എന്ന പേരിൽ ജനകീയ സമരപ്രവർത്തകരുടെയും ബദൽ അന്വേഷകരുടെയും ഒരു കൂടിച്ചേരൽ 2016 ഏപ്രിൽ 23, 24 തീയ്യതികളിൽ കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിലും എം.എസ്.എസ് ഹാളിലും വെച്ച് നടക്കുകയുണ്ടായി. ഈ കൂടിച്ചേരലിൽ അവതരിപ്പിക്കുന്നതിനായി ജനകീയ സമരപ്രവർത്തകരും വിഷയവിദഗ്ദ്ധരും ആയ നിരവധി പേരുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി ഒരു കരട് മാനിഫെസ്റ്റോ തയ്യാറാക്കുകയും വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പലവിധ വിഷയങ്ങളിന്മേൽ ഗൗരവമായ ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്യുകയുണ്ടായി. ഈ ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾച്ചേർത്തുകൊണ്ട് ഈയൊരു രേഖ നിലനിൽപ്പിന്റെ മാനിഫെസ്റ്റോ എന്ന പേരിൽ കേരളീയ സമൂഹത്തിന്റെ മുന്നിൽ തുടർ സംവാദങ്ങൾക്കായി വെക്കുകയാണ്. വിഷയങ്ങളുടെ വൈപുല്യം, ഇനിയും ശ്രദ്ധചെലുത്തേണ്ട മേഖലകൾ, എതിർ ശബ്ദങ്ങളെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങൾകൂടി അവധാനതയോടെ പരിഗണിച്ചുകൊണ്ട് ഈ രേഖ വിപുലമായ പരിവർത്തനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട് എന്നുതന്നെയാണ് സംഘാടക സമിതിയുടെ അഭിപ്രായം. പാരിസ്ഥിതിക അസന്തുലനത്തിന്റെയും സാമൂഹിക അസമത്വത്തിന്റെയും വിടവുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന വർത്തമാന സാഹചര്യത്തിൽ കേരളത്തിന്റെ ഭാവി എന്തായിരിക്കണമെന്ന് ജനകീയ സമരപ്രവർത്തകർ ഒരുമിച്ച് ചേർന്ന് തീരുമാനിക്കുന്നതിനുള്ള പ്രാഥമികഘട്ടം എന്ന നിലയിൽ മാത്രം ഈയൊരു ചുവടുവെപ്പിനെ കാണണമെന്നും ഈയൊരു നയരേഖ പുതുക്കിപ്പണിയാനുള്ള എല്ലാ അവകാശവും ആത്യന്തികമായി കേരളത്തിലെ ജനങ്ങൾക്കാണെന്നും ഉറച്ചുവിശ്വസിച്ചുകൊണ്ട്, 'നിലനിൽപ്പിന്റെ മാനിഫെസ്റ്റോ' നിങ്ങളുടെ കൈകളിൽ ഏൽപ്പിക്കുന്നു.

സ്നേഹപൂർവ്വം

**സംഘാടക സമിതി**

*ബന്ധങ്ങൾക്ക്: 9447313388, 9446586943*

# ആമുഖം

ബഹുമാന്യരേ,

കൊടുംചൂടിന്റെയും വരൾച്ചയുടെയും പാരിസ്ഥിതിക തകർച്ചകളുടെയും സാമൂഹ്യാസമത്വങ്ങളുടെയും മത -ജാതി അസഹിഷ്ണുതകളുടെയും മൂർത്ത സാഹചര്യങ്ങളിലാണ് വീണ്ടുമൊരു നിയമസഭാ തെരഞ്ഞെടുപ്പ് കേരളീയരുടെ മുന്നിൽ എത്തിനിൽക്കുന്നത്. ഒരു തിരഞ്ഞെടുപ്പിന് പോലും സാധ്യതകളില്ലാത്തവിധം കേരളത്തിലെ ഇടതു-വലതു മുന്നണികൾ തങ്ങളുടെ ഭരണവർഗ്ഗ താൽപര്യങ്ങളെ ഒരേപോലെ സംരക്ഷിച്ചു നിർത്തുകയാണ്. ഇവയോടൊപ്പം തന്നെ കേന്ദ്രം ഭരിക്കുന്ന ഫാസിസ്റ്റ് മുന്നണിയും കേരളത്തിൽ വേരുറപ്പിക്കാൻ ശ്രമിക്കുന്ന ഭീതിപ്പെടുത്തുന്ന കാഴ്ചകളും നമുക്ക് കാണാൻ സാധിക്കും. ഈ മൂന്ന് മുന്നണികളും രാജ്യത്തിന്റെ വികസനത്തെക്കുറിച്ചാണ് നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നത്. ഏഴുപതിറ്റാണ്ടുകാലത്തെ 'വികസന പ്രവർത്തനങ്ങൾ' രാജ്യത്തെ എവിടെക്കൊണ്ടുചെന്നെത്തിച്ചുവെന്ന് ഈ മുന്നണികളോടും നമ്മുടെ ഭരണകർത്താക്കളോടും തിരിച്ചു ചോദിക്കാൻ സമയമായിരിക്കുന്നു. വൻകിട അണക്കെട്ടുകൾക്കും ഖനനപദ്ധതികൾക്കും വ്യവസായ പാർക്കുകൾക്കും മറ്റുംമറ്റുമായി തെരുവിലിറക്കപ്പെട്ട ആദിവാസി-ദളിത്-പിന്നോക്ക വിഭാഗങ്ങളുടെ കണക്കുകൾ ഈ വികസനവാദികളുടെ മുന്നിലേക്കിട്ടുകൊടുക്കാൻ നേരമായി. 40%ത്തിലധികം വരുന്ന ജനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെക്കഴിയുന്ന ഒരു രാജ്യം ലോക സാമ്പത്തികശക്തിയായി ഉയരുന്നുവെന്ന അവകാശവാദങ്ങൾക്കിടയിലെ ക്രൂരഫലിതത്തെ ചോദ്യം ചെയ്തേ മതിയാവൂ. നൂറ്റി മുപ്പത് കോടിയോളം വരുന്ന ഇന്ത്യക്കാരുടെ പൊതുവിഭവങ്ങൾ കവർന്നെടുത്ത് വിരലിലെണ്ണാവുന്ന ഏതാനും കുത്തകകളെ സഹസ്ര കോടികളുടെ ഉടമകളാക്കി മാറ്റുന്നതല്ല വികസനം എന്ന് നാം ഉറക്കെപ്പറയേണ്ടതുണ്ട്. മണ്ണും വെള്ളവും വായുവും വിഷലിപ്തമാക്കിക്കൊണ്ട്, സാധാരണക്കാരായ ജനങ്ങളെ പുറമ്പോക്കിലേക്ക് തള്ളിവിട്ടുകൊണ്ട്, പ്രകൃതിവിഭവങ്ങൾ അന്യമാക്കിക്കൊണ്ട് നടക്കുന്ന ഈ പുറന്തള്ളൽ വികസനത്തിന് അറുതിവരുത്താൻ നേരമായെന്ന് ഈയൊരു വേളയിലെങ്കിലും നാം വിളിച്ചുപറയേണ്ടതുണ്ട്. ആത്മഹത്യ ചെയ്യുന്ന കർഷകരുടെയും, ഓരങ്ങളിലേക്ക് തള്ളിമാറ്റപ്പെടുന്ന ദളിത്-പിന്നോക്ക വിഭാഗങ്ങളുടെയും വംശഹത്യയിലേക്ക് നയിക്കപ്പെടുന്ന ആദിവാസി-ഗോത്രവിഭാഗങ്ങളുടെയും വംശീയവെറിയുടെ പേരിൽ ആക്രമിക്കപ്പെടുന്ന ന്യൂനപക്ഷവിഭാഗങ്ങളുടെയും പ്രശ്നങ്ങളെ ജനകീയപക്ഷത്തു നിന്ന് ഏറ്റെടുത്തേ മതിയാകൂ. വികസനത്തിനായി ബലിയർപ്പിക്കാൻ കേരളത്തിൽ ഇനി കാടുകളും പുഴകളും കുന്നുകളും തണ്ണീർത്തടങ്ങളും നെൽവയലുകളും കണ്ടൽക്കാടുകളും കടലും കടലോരവും ഇല്ലെന്ന തിരിച്ചറിവിൽ അവയുടെ സംരക്ഷണത്തിനായി പോരാടുന്ന സംഘടനകളും, ജാതി-മത-ലിംഗ വിവേചനങ്ങൾക്കെതിരെ ചെറുത്തുനിൽപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളും മനുഷ്യാവകാശ സംഘടനകളും ജനകീയ ബദലുകൾക്കായുള്ള അന്വേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങളും ഒരുമിച്ച് ചേർന്നുകൊണ്ട് പരിസ്ഥിതി സൗഹൃദപരവും സാമൂഹിക നീതി ഉറപ്പുവരുത്തുന്നതുമായ ഒരു ജനകീയ വികസന അജണ്ട നിശ്ചയിക്കേണ്ടതുണ്ട്. ലോകം പിന്തുടർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത സമ്പദ്ക്രമം അതിന്റെ അടിത്തറയിൽ തന്നെ ജനവിരുദ്ധമാണെന്ന ബോദ്ധ്യത്തിൽ നിന്നുകൊണ്ട് കേരളം നേരിടുന്ന പ്രശ്നങ്ങളെ അവധാനതയോടെ നിരീക്ഷിക്കുകയും സ്ഥായിയായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള അന്വേഷണങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ഒരു ജനകീയ വികസന മാനിഫെസ്റ്റോ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. പ്രാദേശിക വിഭവ ലഭ്യതയെയും പാരിസ്ഥിതിക സങ്കീർണ്ണതകളെയും സാമൂഹ്യ പിന്നോക്കാവസ്ഥകളെയും പരിഗണിച്ചുകൊണ്ട് ഏറ്റവും താഴേത്തട്ടിൽ നിന്നും തുടങ്ങേണ്ട ആസൂത്രണങ്ങൾക്ക് ദിശാബോധം പകരുക എന്ന ലക്ഷ്യം മാത്രമാണ് ഈ കരട് രേഖയ്ക്ക് നിർവ്വഹിക്കുവാനുള്ളത്. കോർപ്പറേറ്റ് അധിനിവേശങ്ങൾക്കും മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്കും എതിരെ ആഗോളതലത്തിൽ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പുകളുടെ ചൂടും ചൂരും ഉൾക്കൊണ്ടുകൊണ്ട്, സഹകരണത്തിലും സഹവർത്തിത്വത്തിലും സമത്വത്തിലും അടിയുറച്ച ഒരു പ്രാദേശിക സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി ലോകമെങ്ങും നടക്കുന്ന പരീക്ഷണങ്ങളിൽ നിന്ന് ഊർജ്ജം സ്വീകരിച്ചുകൊണ്ട് കേരളം ഇന്നെത്തിനിൽക്കുന്ന പ്രതിസന്ധിയെ ആഴത്തിൽ മനസിലാക്കാനും മുതലാളിത്ത വികസനനയങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടാനും കേരളത്തിന്റെ ഭാവി വികസനം എത്തരത്തിലുള്ളതായിരിക്കണമെന്ന് ചിന്തിക്കാനും നമുക്ക് കൂട്ടായി ശ്രമിക്കാം.

### കേരള വികസനം: പുനഃപരിശോധനയ്ക്ക് സമയമായി

''ഒരു മാതൃക സ്ഥായിയായുള്ളതല്ലായെങ്കിൽ, അത് ഒരു ദുരന്തമായിരിക്കും''. കേരള വികസന മാതൃകയെ സംബന്ധിച്ച് പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ എം.

എ. ഉമ്മൻ തയ്യാറാക്കിയ ഒരു ചെറുകുറിപ്പ് ആരംഭിക്കുന്നതിങ്ങനെയാണ്. കൊട്ടിഘോഷിക്കപ്പെട്ട കേരള മോഡൽ വികസനം വൻതോതിലുള്ള പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ് എന്ന വസ്തുത ഇന്ന് സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മാത്രമല്ല, സാധാരണ ജനങ്ങൾക്കുപോലും നിത്യജീവിതത്തിൽ അനുഭവവേദ്യമാകുന്ന തരത്തിൽ പ്രകടമാണ്. എങ്കിൽ കൂടിയും വികസനത്തെ സംബന്ധിച്ച ചർച്ചകളിൽ നാമിപ്പോഴും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത് 90കൾക്ക് മുമ്പ് നാം എത്തിപ്പെട്ട 'സുവർണ്ണ നാളുകളെ' സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ തന്നെയാണ്. ബൗദ്ധികമായ ചലനാത്മകത നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ ലക്ഷണമായിക്കൂടി ഇതിനെ പരിഗണിക്കേണ്ടിവരും.

തീർച്ചയായും ആരോഗ്യ-വിദ്യാഭ്യാസ-സേവന മേഖലകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായ ഉയർന്ന പദവി കൈവരിക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഉയർന്ന സാക്ഷരത, കുറഞ്ഞ ശിശുമരണനിരക്ക്, ശക്തമായ പൊതുവിതരണ സമ്പ്രദായം, ധനിക-ദരിദ്ര അനുപാതങ്ങളിലെ വിള്ളൽ കുറവ്, സ്ത്രീപ-പുരുഷ അനുപാതത്തിലെ സമാനത തുടങ്ങി കേരളത്തിന് എടുത്തുപറയാവുന്ന നിരവധി നേട്ടങ്ങൾ നാം നേടിയെടുത്തിട്ടുണ്ട്. ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ വൻതോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട് എന്നതും വസ്തുതയാണ്. ഡോക്ടർ-രോഗി അനുപാതത്തിന്റെ കാര്യത്തിലും റോഡുകളിലെ കാര്യത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിലും ഒക്കെത്തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഭിന്നമായ ഉയർന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. കേരളത്തിലെ പാർപ്പിടങ്ങളുടെ മാത്രം കണക്കുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. 2032 ആകുമ്പോഴേക്കും കേരളത്തിൽ ഉണ്ടായിരിക്കേണ്ടതെന്ന് അനുമാനിക്കുന്ന അത്രയും പാർപ്പിടങ്ങൾ ഇന്ന് കേരളത്തിലുണ്ട്!

കേരള മോഡൽ വികസനത്തെ സംബന്ധിച്ച് നാം കേട്ടുകൊണ്ടിരിക്കുന്ന വായ്ത്താരികൾ ഇവയൊക്കെയാണെങ്കിലും കേരളം എത്തിപ്പെട്ടുവെന്ന് ഇപ്പോഴും നാം മേനിനടിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ അതേരീതിയിൽ തുടരുന്നില്ലെന്നും വലിയൊരു തിരിച്ചുപോക്കിലേക്കാണ് കേരളം എത്തിപ്പെട്ടിരിക്കുന്നതെന്നും ഉള്ള സ്ഥിതി വിവരക്കണക്കുകളാണ് സാമ്പത്തിക വിദഗ്ദ്ധന്മാർ പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. ദേശീയ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണെങ്കിലും കേരളത്തിലെ ശിശുമരണ നിരക്ക് കഴിഞ്ഞ കുറച്ചുകാലങ്ങളായി നേരിയ തോതിൽ വർദ്ധിച്ചികൊണ്ടിരിക്കുന്നതും, ധനിക-ദരിദ്ര അനുപാതത്തിലെ വിടവ് ഭീമമായ തോതിൽ കൂടിക്കൊണ്ടിരിക്കുന്നതും, പുതുതായി ജനിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളിൽ പെൺകുട്ടികളുടെ എണ്ണത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ കുറവുകളും, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രതിശീർഷ ചെലവുകളിലെ വർദ്ധനവും ഒക്കെത്തന്നെ കേരള വികസന മാതൃകയുടെ സ്ഥായിത്വമില്ലായ്മയെ സ്ഥിരീകരിക്കുന്നവയാണ്. കാർഷിക മേഖലയെ പൂർണ്ണമായും കൈയ്യൊഴിഞ്ഞും മൂന്നാം മേഖലയെന്ന് വിശേഷിക്കപ്പെടുന്ന സേവനമേഖലകളിൽ ഊന്നൽ നൽകിയും നാം വളർത്തിയെടുത്ത 'വികസന സംസ്കാരം' ഒരു ജനതയെന്ന നിലയിൽ നമ്മെ വലിയൊരു ദുരന്തത്തിലേക്കാണ് നയിക്കുന്നത് എന്ന വസ്തുത തിരിച്ചറിയാൻ സമയമായിരിക്കുന്നു. ഭക്ഷ്യമേഖലയിലെ പരാശ്രിതത്വവും ജൈവാംശം നഷ്ടപ്പെട്ട മണ്ണും കുടിവെള്ളമടക്കമുള്ള അടിസ്ഥാന വിഭവങ്ങളുടെ ലഭ്യതക്കുറവും, കാലാവസ്ഥയിൽ സംഭവിച്ച മാറ്റങ്ങളും, യുവജനങ്ങൾക്കിടയിൽ ഭീതിദമായി പടർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും ഒക്കെത്തന്നെ നാളിതുവരെ തുടർന്നുവന്ന വികസന ബോദ്ധ്യങ്ങളെ കീഴ്മേൽ മറിച്ചു പരിശോധിക്കുവാൻ സമയമായിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നവയാണ്. അതേസമയം, കേരളത്തിന്റെ വിഭവ സാധ്യതകളെ സംബന്ധിച്ച ധാരണകളോ, പാരിസ്ഥിതികമായ സങ്കീർണ്ണതകളോ ഒന്നും പരിഗണിക്കാതെ 'വികസന'ത്തെ സംബന്ധിച്ച സാമ്പ്രദായിക ധാരണകളുമായി മുന്നോട്ടുപോകുവാൻ തന്നെയാണ് കേരളത്തിലെ ഏതാണ്ടെല്ലാ രാഷ്ട്രീയ കക്ഷികളും തീരുമാനിച്ചിരിക്കുന്നത്. സമ്പത്തും വിഭവങ്ങളും അധികാരങ്ങളും ഏതാനും ചിലരുടെ കൈകളിലേക്ക് കേന്ദ്രീകരിച്ചുകൊണ്ട് നടപ്പാക്കുന്ന 'പുറന്തള്ളൽ വികസന'ത്തിന്റെ നടത്തിപ്പുകാരായി ചുരുങ്ങുകയാണ് മേൽപ്പറഞ്ഞ രാഷ്ട്രീയ കക്ഷികളെല്ലാം തന്നെ. കേരള സമൂഹത്തിന്റെ പുരോഗതി എത്തരത്തിലായിരിക്കണം എന്നത് സംബന്ധിച്ച ചർച്ചകൾ ആരംഭിക്കുംമുമ്പ് നാം എത്തിനിൽക്കുന്ന പ്രതിസന്ധികളുടെ ആഴത്തെ സംബന്ധിച്ച് കുറേക്കൂടി വ്യക്തമായ ബോദ്ധ്യങ്ങൾ നമുക്കുണ്ടാകേണ്ടതുണ്ട്.

ഒരു സമൂഹത്തിന്റെ സ്ഥായിയായ പുരോഗതിയുടെ അടിസ്ഥാന ഘടകം ഭക്ഷ്യമേഖലയിലെ സ്വയംപര്യാപ്തതയാണ്. കാർഷിക ഉത്പാദന മേഖലയെപൂർണ്ണമായും കൈയ്യൊഴിഞ്ഞുകൊണ്ടുള്ള കേരള വികസന മാതൃക പരാജയപ്പെടുന്നതിന് പിന്നിലെ സുപ്രധാന കാരണവും ഇതുതന്നെ. അരി, പഴം-പച്ചക്കറികൾ, പാൽ, മുട്ട, മാംസം തുടങ്ങി സകലമാന ഭക്ഷ്യവസ്തുക്കൾക്കും ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചു നിൽക്കേണ്ട ഗതികെട്ട അവസ്ഥയിലേക്കാണ് അഞ്ച് പതിറ്റാണ്ടിലേറെ നീണ്ടുനിന്ന വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. ഒറ്റ ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. 1970-71 കാലഘട്ടത്തിൽ കേരളത്തിലെ മുഖ്യവിളകളിൽ അരിയുടെ പങ്ക് 29.6% വും കപ്പയുടെ പങ്ക് 10.3% വും ആയിരുന്നത് 2005-06 ആയപ്പോഴേക്കും യഥാക്രമം

9.1%വും 3.1%വും ആയി മാറി. നികത്തപ്പെട്ട നെൽവയലുകളുടെയും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെട്ട കൃഷി ഭൂമിയുടെയും കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. 1960-62 കാലയളവിൽ 7.90ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽപ്പാടങ്ങൾ അരനൂറ്റാണ്ടിനുള്ളിൽ 1.91ലക്ഷം ഹെക്ടറായി ചുരുങ്ങിയതിനെ നാം വികസനമെന്ന് വിളിക്കുന്നു. ദീർഘ വീക്ഷണമില്ലാത്തതും അശാസ്ത്രീയവുമായ ഭൂവിനിയോഗം സാമാന്യ കർഷകരെ കൃഷിഭൂമിയിൽ നിന്ന് അന്യവൽക്കരിക്കുകയും വൻകിട തോട്ടം ഉടമകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. റബ്ബർ അടക്കമുള്ള വാണിജ്യ വിളകളുടെ വർദ്ധനവ് പോലും വൻകിട തോട്ടം മേഖലകളെ കേന്ദ്രീകരിച്ചായിരുന്നുവെന്നത് നമ്മുടെ ഭരണാധികാരികൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന 'ഉൾക്കൊള്ളൽ വികസന'ത്തിന്റെ പുറംപൂച്ചുകൾ വെളിപ്പെടുത്തുന്നവയാണ്.

സാമൂഹ്യ സമത്വത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും അഭിമാനകരമായ ഒരവസ്ഥയായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. ധനിക-ദരിദ്ര അനുപാതത്തിലെ വിടവ് വളരെക്കുറവായിരുന്നു സംസ്ഥാനത്തിലേതെന്നത് കേരള വികസന മാതൃക ഉയർത്തിക്കാട്ടുന്ന സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നുവെന്ന തോന്നലുകളുണ്ടാക്കാൻ പര്യാപ്തമായിരുന്നു. എന്നാൽ ചെറിയൊരു കാലയളവു മാത്രം നിലനിന്നിരുന്ന ഈയൊരു പ്രതിഭാസം 90കൾക്കുശേഷം ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന വസ്തുതകളെ ശരിയായ രീതിയിൽ മനസിലാക്കാൻ നാമിനിയും ശ്രമിച്ചിട്ടില്ല എന്നുവേണം കരുതാൻ. പ്രതിശീർഷ വരുമാനത്തിലും ഉപഭോഗത്തിലും കേരളത്തിലെ ജനസംഖ്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ ഇടിവ് ഒരുവേള മുൻകാല നേട്ടങ്ങളെ മുഴുവൻ തകിടം മറിക്കുന്നതായിരിക്കും. വരുമാനത്തിലെ വർദ്ധിച്ചുവരുന്ന അന്തരം സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കൂടുന്നതിന് കാരണമാകുന്നുണ്ടെന്ന വസ്തുതയും ഈയവസരത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്. സമൂഹത്തിലെ സാമ്പത്തിക അസമത്വത്തെ അളക്കുന്നതിനുള്ള ജിനി ഗുണകം (Gini Coefficient) കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ വൻതോതിൽ ഉയരുകയുണ്ടായെന്ന് (41%) സാമ്പത്തിക വിദഗ്ദ്ധർ പറയുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഛത്തീസ്ഗഢിന് (44%) താഴെ മാത്രമാണ് കേരളത്തിന്റെ സ്ഥാനമെന്നത് നമ്മുടെ ഗാരവമായ പരിഗണനയ്ക്ക് വിഷയമാകേണ്ടതാണ്. ഉയർന്ന സാക്ഷരതയും രാഷ്ട്രീയ ബോദ്ധ്യങ്ങളും മറ്റ് സാമൂഹ്യനേട്ടങ്ങളും നിലനിൽക്കുമ്പോൾ തന്നെയും ഇത്രയും ഭീമമായ അസമത്വം വളർന്നുവരാനിടയായതെങ്ങിനെയെന്ന പരിശോധന നടത്തേണ്ടതുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നവരിൽ ആദിവാസികളുടെയും(38.7%) ദളിത് വിഭാഗങ്ങളുടെയും(38%) മുസ്ലിംങ്ങളുടെയും(28%) നിരക്ക് മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണെന്ന് പുതുതായി നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു.

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ സവിശേഷമായ ചുവടുവെപ്പുകൾ നടത്തിയിരുന്ന കേരളത്തിന്റെ നേട്ടങ്ങൾ താല്ക്കാലികം മാത്രമായിരുന്നുവെന്ന് തോന്നിപ്പിക്കുംവിധമാണ് ഈ മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ സംഭവഗതികൾ. ശിശുമരണനിരക്കിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ താഴെയാണ് കേരളം സ്ഥിതി ചെയ്യുന്നതെങ്കിലും ഈ കണക്കുകളിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 90കളുടെ മധ്യത്തിൽ 10/1000 എന്ന നിലയിലായിരുന്നു ശിശുമരണ നിരക്ക് എങ്കിൽ പുതിയ കണക്കുകൾ 14/1000 എന്നായി ഉയർന്നിരിക്കുന്നു. ആരോഗ്യമേഖലയിൽ വൻനിക്ഷേപം നടത്തിയ സംസ്ഥാനമാണ് കേരളം. എന്നിരുന്നാലും രോഗാതുരത (Morbidity) കൂടിയ സംസ്ഥാനമായി അത് മാറിക്കൊണ്ടിരിക്കുന്നു. 15-45 വയസിനിടയിലുള്ള സ്ത്രീകളിലെ അനീമിയ (വിളർച്ച) 22.7%ത്തിൽ നിന്നും 32.3% ആയി ഉയർന്നതും ആശങ്കയുളവാക്കുന്ന കാര്യമാണ്. കേരളത്തിലെ ഒരു പൗരൻ ആരോഗ്യമേഖലയിൽ ചെലവഴിക്കുന്ന പണത്തിന്റെ കാര്യത്തിലും വൻവർദ്ധനവാണ് സംഭവിച്ചിരിക്കുന്നത്. 1987ൽ 89രൂപയാണ് ഒരു വ്യക്തി ആരോഗ്യാവശ്യങ്ങൾക്കായി ചെലവഴിച്ചിരുന്നതെങ്കിൽ 2004 ആയപ്പോഴേക്കും ഇത് 1,722 രൂപയായി ഉയർന്നു. പൊതുവിൽ സംഭവിച്ച പണപ്പെരുപ്പവുമായി ഇതിന് ബന്ധമില്ല എന്ന വസ്തുതയും നാം ഓർക്കേണ്ടതുണ്ട്. ആരോഗ്യമഖലയിലെ സർക്കാർ ഇടപെടലുകൾ കുറക്കുകയും ഔഷധ കമ്പനികളെയും സ്വകാര്യ ആശുപത്രി വ്യവസായങ്ങളെയും പ്രോത്സാഹിപ്പിച്ചതും ഒക്കെത്തന്നെ ഇതിന് കാരണമായിട്ടുണ്ട്. 1983-84 കാലയളവിൽ ആരോഗ്യമേഖലയിലെ പൊതുചെലവ് 11.67% ആയിരുന്നുവെങ്കിൽ 2004-05 ആയപ്പോഴേക്കും അത് 6.3% ആയി വെട്ടിച്ചുരുക്കുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിലും ഇത്തരത്തിലുള്ള വെട്ടിച്ചുരുക്കലുകൾ വലിയതോതിൽ നടക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ മൊത്തം ഗാർഹിക ഉത്പാദനത്തിന്റെ (NSDP) 6% വിദ്യാഭ്യാസത്തിനായി ചെലവഴിക്കണം എന്ന ദേശീയ നയത്തെ അവഗണിച്ചുകൊണ്ട് കേരളത്തിൽ 4% മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ എന്നത് യാഥാർത്ഥ്യമാണ്.

അതേസമയം സ്വകാര്യമേഖലയിൽ വൻഫീസ് പറ്റിക്കൊണ്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള അനുമതിയും സർക്കാർ നൽകിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ രംഗത്ത് പൊതുമേഖലയിൽ നിന്നും സാധാരണക്കാരായ ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന സേവനങ്ങളെ പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ രണ്ടരപ്പതിറ്റാണ്ടുകാലമായി നാം അരങ്ങേറ്റിക്കൊണ്ടിരുന്നത്.

വ്യാവസായിക വികസനത്തിന്റെ പേരിൽ കേരളത്തിൽ അവതരിപ്പിക്കപ്പെട്ട രാസവ്യവസായങ്ങൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലോ തൊഴിൽ മേഖലയിലോ ഗണ്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്ന് മാത്രമല്ല അക്കാര്യത്തിലെ ദീർഘവീക്ഷണമില്ലായ്മ വൻതോതിലുള്ള പാരിസ്ഥിതിക പ്രതിസന്ധികൾക്ക് കാരണമായി മാറിയിട്ടുണ്ടെന്ന് ഇന്ന് നാം തിരിച്ചറിയുന്നു. കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാണെന്ന ഒറ്റക്കാരണത്താലായിരുന്നു രാസവ്യവസായങ്ങൾ കേരളത്തിലേക്ക് ആകർഷിക്കപ്പെട്ടത്. രാസവ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വിഭവങ്ങൾ നൽകാൻ കേരളത്തിന് സാധ്യമായിരുന്നില്ല. വൈദ്യുത മേഖലയിലെ ധാരാളിത്തത്തിന്റെ കാലം അസ്തമിച്ചതോടുകൂടി ഈ വ്യവസായങ്ങളൊക്കെയും സംസ്ഥാനത്തിന് ഭാരമായി മാറിക്കഴിഞ്ഞിരുന്നു. അതോടൊപ്പം തന്നെ പെരിയാറടക്കമുള്ള നദികൾ ഏതാണ്ട് പൂർണ്ണമായും തന്നെ വിഷലിപ്തമാക്കി മാറുന്ന കാഴ്ചകളാണ് ഇക്കാലയളവിൽ നാം കണ്ടത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനെന്ന പേരിൽ പ്രകൃതി വിഭവങ്ങൾ വൻകിട കമ്പനികൾക്ക് തുച്ഛവിലയ്ക്ക് നൽകിയപ്പോൾ തകർക്കപ്പെട്ടത് ലക്ഷക്കണക്കിന് ആളുകൾ തൊഴിൽ ചെയ്തിരുന്ന പരമ്പരാഗത തൊഴിൽ മേഖലയായിരുന്നു എന്ന സത്യം തിരിച്ചറിയുമ്പോഴേക്കും നമ്മുടെ വിഭവങ്ങൾ മുഴുവനായും കൊള്ളയടിക്കപ്പെട്ടുകഴിഞ്ഞിരുന്നു. മാവൂരിൽ സ്ഥാപിച്ച ഗ്വാളിയോർ റയൺസ് കമ്പനി കേരളത്തിലെ ഈറ്റക്കാടുകൾ മുഴുവൻ നശിപ്പിക്കുകയും പരമ്പരാഗത ഈറ്റത്തൊഴിൽ മേഖലയെ നാമാവശേഷമാക്കുകയും ചാലിയാർ പുഴയെ മലീമസമാക്കുകയും ചെയ്തപ്പോൾ അതിനെതിരെ ഒരു ജനതയ്ക്ക് പ്രക്ഷോഭരംഗത്തേക്കിറങ്ങേണ്ടി വന്നു. പ്ലാച്ചിമടയിൽ കൊക്കകോളയ്ക്കും കാതിക്കുടത്ത് എൻജിഎല്ലിനും എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് വ്യാവസായിക വികസനത്തിന് വേണ്ടിയായിരുന്നു. ജനങ്ങളുടെ കുടിവെള്ളവും കൃഷിഭൂമിയും മലീമസമാക്കുന്ന പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്ന ഈ കോർപ്പറേറ്റ് നീരാളികളെ കുടഞ്ഞെറിയാൻ ഒടുവിൽ പ്രദേശവാസികൾക്ക് സ്വയം സംഘടിതരാകേണ്ടിവന്നു. തോട്ടവൽക്കരണത്തിന്റെയും അമിതമായ കീടനാശിനി പ്രയോഗത്തിന്റെയും ഇരകളായി മാറി ജീവിതം തന്നെ നരകതുല്യമായി മാറിയത് ഒരു പ്രദേശത്തെ മുഴുവൻ ജനതയുമാണ്. ഇത് കാസറഗോട്ടെ എൻഡോസൾഫാൻ ഇരകളുടെ മാത്രം കാര്യമല്ല. യാതൊരു നിയന്ത്രണവുമില്ലാത്ത രാസവള-കീടനാശിനി പ്രയോഗങ്ങളുടെ ഇരകളായി കേരളത്തിലെ മുഴുവൻ ജനങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. രാസവിഷ കൃഷികൾ മണ്ണിനെയും മനുഷ്യനെയും ഇഞ്ചിഞ്ചായി കൊല്ലുകയാണെന്ന് ആരംഭത്തിൽത്തന്നെ മുറവിളി കൂട്ടിയിരുന്നവരെ സംഘം ചേർന്ന് ആക്രമിക്കുകയും ശാസ്ത്രബോധമില്ലാത്തവരെന്ന് പരിഹസിക്കുകയും ചെയ്തു. ഹരിതവിപ്ലവത്തിന്റെ പേരിൽ മണ്ണിലേക്ക് രാസവിഷങ്ങൾ ഒട്ടും ആലോചനയില്ലാതെ ഒഴുക്കിവിട്ട് മണ്ണിന്റെ ഉർവ്വരത പൂർണ്ണമായും നശിപ്പിച്ചതിനുശേഷം ഒടുവിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നിർബ്ബന്ധിതമായിരിക്കുന്നു. ടാറ്റയ്ക്കും ഹാരിസണും പോബ്സണും കേരളത്തിലെ വനഭൂമിയും മലകളും തീരെഴുതിക്കൊടുത്തപ്പോൾ ജനങ്ങൾക്ക് നഷ്ടമായത് അവർക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന ശുദ്ധജലവും ശുദ്ധവായുവും കിടപ്പാടവുമായിരുന്നു. ഈ കൊള്ളക്കൊടുക്കലുകൾക്ക് കൂട്ടുനിൽക്കാൻ കേരളത്തിലെ എല്ലാ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളും ഉണ്ടായിരുന്നു എന്നത് നിസ്തർക്കമായ കാര്യമാണ്.

കേരളത്തിന്റെ സാമ്പത്തിക മേഖലയെ നിർണ്ണായകമായ തോതിൽ സ്വാധീനം ചെലുത്തിവരുന്ന ഗൾഫ് പണത്തിന്റെ കാര്യത്തിലും വലിയതോതിലുള്ള പ്രതിസന്ധി ഉടലെടുക്കുന്ന അവസ്ഥയാണുള്ളത് എന്നത് നാം തിരിച്ചറിയേണ്ടതുണ്ട്, കുടിയേറ്റം എന്നത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വൈകിയ വേളയിലാണ് കേരളത്തിൽ ആരംഭിച്ചതെങ്കിലും തൊഴിൽ തേടിയുള്ള കേരളീയരുടെ അലച്ചിൽ അമ്പതുകളുടെ മധ്യത്തോടെ പതുക്കെ ശക്തിയാർജ്ജിക്കാൻ തുടങ്ങി. ആദ്യകാല കുടിയേറ്റങ്ങൾ പൊതുവിൽ രാജ്യത്തിനകത്തുതന്നെയായിരുന്നുവെങ്കിലും 80കളുടെ ആരംഭത്തോടെ ചിത്രം മാറിമറിയാൻ തുടങ്ങി. ഗൾഫ് മേഖലകളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ തന്നെ വൻതോതിലുള്ള മാറ്റങ്ങൾക്ക് കാരണമായി മാറി. ഏറ്റവും പുതിയ കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാണ്ട് 2.28 ദശലക്ഷം ജനങ്ങൾ ഇന്ന് വിദേശത്ത് ജോലി ചെയ്തുവരുന്നുണ്ട്. മുഖ്യമായും ഗൾഫ് മേഖലയെ കേന്ദ്രീകരിച്ചുള്ള ഈ കുടിയേറ്റത്തിലൂടെ കേരളത്തിലേക്കെത്തുന്ന പണത്തിന്റെ തോത് 40,000– 50000 കോടി രൂപയോളം വരും. കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 31%ത്തോളം വരും ഇതെന്ന് കേരള മൈഗ്രേഷൻ സർവ്വേ – 2011 ചൂണ്ടിക്കാട്ടുന്നു. കാർഷിക വ്യാവസായിക മേഖലകളിലും മൂന്നാം മേഖലയെന്ന് വിശേഷിക്കപ്പെടുന്ന സേവന മേഖലകളിലും തൊഴിൽ വളർച്ച താരതമ്യേന കുറവായതിന്റെ ഫലമായാണ് ഇത്തരത്തിലുള്ള കുടിയേറ്റം വ്യാപകമായതെന്ന് വിലയിരുത്തപ്പെടുന്നു. അതേസമയം കേരളത്തിലേക്ക് പ്രതിവർഷം ഒഴുകിയെത്തുന്ന ഇത്രയും ഭീമമായ തുക (സംസ്ഥാന സർക്കാരിന്റെ വാർഷിക ചെലവിന്റെ ഇരട്ടിയോളം വരും ഇത്) നിർമ്മാണാത്മക മേഖലകളിലേക്ക് തിരിച്ചുവിടുന്നതിൽ സർക്കാരുകളും ആസൂത്രണ വിദഗ്ദ്ധരും പരാജയപ്പെട്ടതായി നമുക്ക് കാണാം. കാർഷികോത്പാദന മേഖലയുടെയോ ചെറുകിട വ്യവസായങ്ങളുടെയോ വളർച്ചയ്ക്ക് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമായിരുന്ന ഈ പണം പ്രത്യുത്പാദനപരമല്ലാത്ത രീതിയിൽ കെട്ടിടനിർമ്മാണത്തിലും ഉപഭോഗ വസ്തുക്കളുടെ വാങ്ങിക്കൂട്ടലു

കളിലും മറ്റുമായി ചെലവഴിക്കപ്പെട്ടുവെന്നതാണ് യാഥാർത്ഥ്യം. ഗൾഫ് പണത്തിന്റെ ആധിപത്യത്തിൽ കേരളത്തിൽ വളർന്നുവന്ന ഉപഭോക്തൃ സംസ്കാരം സമൂഹത്തിൽ വലിയതോതിൽ അസമത്വം സൃഷ്ടിച്ചതായും ചൂണ്ടിക്കാണിക്കപ്പെടുന്നു (കേരള മൈഗ്രേഷൻ സർവ്വേ–2011, സിഡിഎസ് പഠനം). കേരളത്തിൽ നിന്ന് പുറത്തേക്കൊഴുകിയതിന് സമാനമായ രീതിയിൽ ഏകദേശം അത്രതന്നെ ആളുകൾ കേരളത്തിലേക്ക് തൊഴിൽ തേടി എത്തുന്ന കാഴ്ചയും നാം കാണുന്നു. ബംഗാൾ, ഒറീസ്സ, ആസാം, ഝാർഘണ്ട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നായി ഏതാണ്ട് 30 ലക്ഷം ആളുകൾ ഇപ്പോൾ കേരളത്തിൽ പണിയെടുക്കുന്നുണ്ട്. പ്രതിവർഷം 20000–30000 കോടി രൂപ ഈ തൊഴിലാളികൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതായും കണക്കുകൾ പറയുന്നു.

കണക്കിലെ കളികൾ ഇങ്ങനെയൊക്കയാണെങ്കിലും ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പുതിയൊരു വെല്ലുവിളി കൂടി കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് നേരെ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും ഗൾഫ് മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക പുനഃസംഘാടനം കേരളത്തിന്റെ മണി ഓർഡർ എക്കണോമിയെ പ്രതികൂലമായി ബാധിക്കാൻ പോകുകയാണ് എന്നത് ഉത്കണ്ഠയോടെ മാത്രമേ നോക്കിക്കാണാൻ സാധിക്കൂ. സൗദി അറേബ്യ പോലുള്ള രാജ്യങ്ങൾ സ്വദേശി പൗരന്മാർക്ക് മാത്രമായി പല തൊഴിൽ മേഖലകളും നിഷ്കർഷിച്ചിരിക്കുന്നത് ലക്ഷങ്ങളുടെ തൊഴിൽ നഷ്ടത്തിന് കാരണമാകും. ചെറിയൊരു കാലയളവിൽ കേരളത്തിലേക്ക് തിരിച്ചുവരാൻ പോകുന്ന ഈ തൊഴിലില്ലാപ്പടയെ കേരളത്തിന്റെ സമ്പദ്ഘടനയും കേരളീയ സമൂഹവും എങ്ങിനെയാണ് ഉൾക്കൊള്ളാൻ പോകുന്നതെന്നത് ഗൗരവമായ ചോദ്യമാണ്. കേരളത്തിലെ ഒരു രാഷ്ട്രീയകക്ഷിയും ഈയൊരു വിഷയത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിച്ചിട്ടില്ല എന്നതാണ് വസ്തുത.

കാർഷിക മേഖലയിലെ തകർച്ച, ഭക്ഷ്യ സ്വയംപര്യാപ്തതയില്ലായ്മ, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ പുതുതായി കണ്ടുവരുന്ന ആശാസ്യമല്ലാത്ത ഗതിവിഗതികൾ എന്നിവയ്ക്കു പുറമെ, കഴിഞ്ഞ അരനൂറ്റാണ്ട് കാലത്തിലേറെയായി നാം തുടർന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ദുരന്തഫലങ്ങൾ കൂടി ഇന്ന് കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. താളം തെറ്റിയ മഴക്കാലം, കൊടുംവരൾച്ച, മാലിന്യപ്പെരുപ്പം തുടങ്ങി അന്തമില്ലാത്ത പാരിസ്ഥിതിക പ്രശ്നങ്ങളാണ് കേരളം നേരിട്ടുകൊണ്ടിരിക്കുന്നത്. തോട്ടവൽക്കരണത്തിനും വ്യാവസായികാവശ്യങ്ങൾക്കും വേണ്ടി നാം നശിപ്പിച്ച വനങ്ങൾക്ക് കയ്യും കണക്കുമില്ല. വെള്ളവും ഭക്ഷണവും ലഭിക്കാതെ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുമ്പോൾ വിനയാകുന്നത് സാധാരണ കർഷകർക്ക്. യാതൊരു തത്വദീക്ഷയുമില്ലാതെ കെട്ടിപ്പൊക്കിയ മണിമന്ദിരങ്ങൾക്കും കെട്ടിടങ്ങൾക്കുമായി ജലസംഭരണികളായ കുന്നുകളും പുഴകളും ഏതാണ്ട് പൂർണ്ണമായും നാം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. 11 ലക്ഷം ആളില്ലാ വീടുകൾ കേരളത്തിൽ നിലനിൽക്കുമ്പോൾ തന്നെ 7ലക്ഷത്തോളം ജനങ്ങൾ അന്തിയുറങ്ങാൻ കൂരയില്ലാതെ നിൽക്കുന്നതും ഈ നാട്ടിൽ തന്നെ. പാരിസ്ഥിതിക ബോദ്ധ്യങ്ങളെ ആർഭാടങ്ങളായി പരിഗണിക്കുന്ന രാഷ്ട്രീയ മൂഢത്തരങ്ങളാണ് ഇന്ന് കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നത് എന്നത് അങ്ങേയറ്റം ഭയാനകമായ സംഗതിയാണ്. കട്ടുമുടിക്കാൻ കാടുകളും കുന്നുകളും തീരുമെന്നായപ്പോൾ കടലും തീരവുമായി അവരുടെ അടുത്ത ലക്ഷ്യം. വിഴിഞ്ഞവും അഴീക്കലും ഒക്കെ അദാനിക്കും മറ്റുള്ളവർക്കുമായി പകുത്തുനൽകാൻ കേരളത്തിലെ രാഷ്ട്രീയമേലാളന്മാർ ഒരുമിച്ച് മത്സരിക്കുകയായിരുന്നു.

കേരളത്തിന്റെ പാരിസ്ഥിതിക സങ്കീർണ്ണതകളെ പരിഗണിക്കാതെയുള്ള വികസന പ്രവർത്തനങ്ങൾ ജൈവവൈവിധ്യങ്ങളുടെ നാശത്തിലേക്കും താപനിലയിലെ വർദ്ധനവിനോടൊപ്പം സമുദ്രനിരപ്പ് ഉയരുന്നതിലേക്കും കാർഷിക ഉത്പാദന മേഖലയുടെ തകർച്ചയിലേക്കും കേരളത്തെ പതുക്കെ കൊണ്ടുചെന്നെത്തിക്കുകയാണ്. ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കുകയും ജന്മി-കുടിയാൻ വ്യവസ്ഥകൾ ഇല്ലാതാക്കുകയും ചെയ്തുവെങ്കിലും കേരളത്തിലെ ആദിവാസി – ദളിത് വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്ക് യാതൊരുതാൽപര്യവും ഇല്ല എന്നതിനുള്ള തെളിവുകളാണ് മുത്തങ്ങയിലും ചെങ്ങറയിലും അരിപ്പയിലും അടക്കം കേരളത്തിലെ ആദിവാസി – ദളിത് വിഭാഗങ്ങൾ നടത്തിവരുന്ന സമരങ്ങൾ.

ഉയർന്ന സാക്ഷരതയും ജീവിതനിലവാരവും ഉണ്ടെന്ന് അവകാശപ്പെടുന്ന കേരളത്തിൽ സ്ത്രീകളുടെ പദവികളെ സംബന്ധിച്ച് ഗൗരവമായ അന്വേഷണങ്ങളും സൂക്ഷ്മപഠനങ്ങളും നടക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. കേരളത്തിലെ 'കാണാതായിക്കൊണ്ടിരിക്കുന്ന പെൺകുട്ടികളുടെ' എണ്ണം സ്ഥിതിഗതികൾ സുഖകരമല്ല എന്ന ഓർമ്മപ്പെടുത്തലുകളിലേക്കാണ് കൊണ്ടുചെന്നെത്തിക്കുന്നത്. 1991 മുതൽ 2011 വരെയുള്ള ജനസംഖ്യാ കണക്കെടുപ്പിൽ 0–6 വരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം 958 –960നും ഇടയ്ക്കാണ് എന്ന വസ്തുത വരാനിരിക്കുന്ന തലമുറയിൽ സ്ത്രീകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരുത്തും എന്നതാണ് കാണിക്കുന്നത്. മൊത്തം ജനസംഖ്യയിൽ സ്ത്രീകളുടെ സംഖ്യ 1084 എന്ന നിലയിലാണെങ്കിൽ കൂടിയും മൂന്ന് തുടർച്ചയായ സെൻസസുകളിലും പെൺകുഞ്ഞുങ്ങളുടെ സംഖ്യ കുറഞ്ഞുവരുന്നത് ആശാവഹമായ സംഗതിയല്ല. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ സാന്നിദ്ധ്യം

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവാണെന്നതും പൊതുരംഗങ്ങളിൽ നിന്ന് സ്ത്രീകളെ ബോധപൂർവ്വം മാറ്റിനിർത്താനുള്ള പ്രവണത ഏറിവരുന്നുണ്ടെന്നതും ശ്രദ്ധിക്കേണ്ട സംഗതിയാണ്. ജനസംഖ്യയിൽ 52%ത്തോളം വരുന്ന സ്ത്രീകളിൽ നിന്നും സംസ്ഥാന രൂപീകരണത്തിന് ശേഷം ഒരൊറ്റ വനിതാ മുഖ്യമന്ത്രിയും കേരളം ഭരിച്ചിട്ടില്ല എന്നതും സംസ്ഥാന നിയമസഭയിലെ സ്ത്രീ പ്രാതിനിധ്യം 6% മുതൽ 14% വരെ മാത്രമായിരുന്നുവെന്നതും ഒക്കെ കേരളത്തിന്റെ ഉയർന്ന സാമൂഹ്യജീവിത നിലവാരത്തെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലേക്ക് പരിഭാഷപ്പെടുത്താൻ സഹായിച്ചിട്ടില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്.

90കളുടെ ആരംഭത്തോടെ ഇന്ത്യയിൽ ആരംഭിച്ച സാമ്പത്തിക പരിഷ്കരണങ്ങളുടെ പ്രതിഫലനമെന്ന നിലയിലും ഈ പ്രശ്നങ്ങളെ കാണാവുന്നതാണ്. ആഗോള-ഉദാര-സ്വകാര്യവൽക്കരണ നയങ്ങൾ ഇന്ത്യയിൽ ചെറിയതോതിലെങ്കിലും നിലനിന്നിരുന്ന പൊതു ഉടമസ്ഥതയെയും സാമൂഹിക നീതിയെ അടിസ്ഥാനമാക്കിയുള്ള നയസമീപനങ്ങളെയും പൂർണ്ണമായും തകർത്തെറിഞ്ഞതായി കാണാം. അതേ സമയം സാമ്പത്തിക ഇടപാടുകളിലെ ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾ മുതലാളിത്ത സമ്പദ്വ്യവസ്ഥയെ താങ്ങിനിർത്തുന്നതിനായി തന്നെ അവതരിക്കപ്പെട്ടതാണെന്ന വസ്തുത നാം മനസിലാക്കേണ്ടതുണ്ട്. മുതലാളിത്ത വികസന പ്രതിസന്ധികളുടെ ഓരോ ഘട്ടത്തിലും ഇത്തരത്തിലുള്ള ഉത്തേജക നയങ്ങൾ അവതരിപ്പിച്ചുകൊണ്ടുതന്നെയാണ് മുതലാളിത്ത സമ്പദ്ഘടന നേരിട്ടിരുന്ന പ്രതിസന്ധികളെ അവർ കാലാകാലങ്ങളായി മറികടക്കാൻ ശ്രമിച്ചത്. അതുകൊണ്ടു തന്നെ കേരളം നേരിടുന്ന വികസന പ്രതിസന്ധി സംസ്ഥാനത്തിന്റെ മാത്രം സവിശേഷ സാഹചര്യമായി തെറ്റിദ്ധരിക്കപ്പെടേണ്ടതില്ല. ഇന്ത്യയുടെ പ്രത്യേക സന്ദർഭത്തിൽ അങ്ങിനെ തോന്നാമെങ്കിൽ കൂടിയും. സാമ്പത്തിക വളർച്ച, വികസനം എന്നിവയെ സംബന്ധിച്ച് നാളിതുവരെ നാം പിന്തുടർന്നുപോരുന്ന കാഴ്ചപ്പാടുകളിൽ തന്നെ അലിഞ്ഞുചേർന്ന പ്രതിസന്ധിയാണ് പ്രത്യക്ഷരൂപത്തിൽ ഇന്ന് നമ്മുടെ മുന്നിൽ അവതരിച്ചിരിക്കുന്നത്. നിയോ ക്ലാസിക്കൽ സമ്പദ്ശാസ്ത്രത്തിന്റെ അടിത്തറയിൽ തന്നെ ഒളിഞ്ഞുകിടക്കുന്ന ഈ പ്രതിസന്ധി അനിവാര്യമായ തിക്തഫലങ്ങളോടെ വർത്തമാന കാലത്ത് ഉറവെടുത്തിരിക്കുന്നു എന്നുമാത്രം.

## നിരന്തര വളർച്ച എന്ന മിഥ്യ

ലോകത്തെയാകമാനം ഒരു ദുർഭൂതം വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക വികസനം എന്ന ദുർഭൂതം. വ്യാവസായിക യുഗത്തിന്റെ രണ്ട് നൂറ്റാണ്ടിനിടയിൽ ലോകത്തിന്റെ പൊതുമതമായി മാറാൻ ഇതിനു സാധിച്ചു. 'നിരന്തര വളർച്ച്', 'ദ്രുത വികസനം', 'ഭൗതിക പുരോഗതി' തുടങ്ങിയവയായി മനുഷ്യകുലത്തിന്റെ പൊതുമന്ത്രങ്ങൾ. മുതലാളിത്ത സാമ്പത്തിക വികസനത്തിന്റെ രണ്ട് നൂറ്റാണ്ട് പക്ഷേ ലോകത്തിന് സമ്മാനിച്ചതെന്താണ് എന്ന് പുനപ്പരിശോധനയ്ക്ക് വിധേയമാക്കേണ്ട സമയമായിരിക്കുന്നു. അന്തമില്ലാത്ത സാമ്പത്തിക വളർച്ചയെന്ന സ്വപ്നം നമ്മെക്കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നത്, മാനവരാശിക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന എല്ലാത്തരം പാരിസ്ഥിതിക സേവനങ്ങളുടെയും നാശത്തിലേക്കാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യന് സുലഭമായി ലഭിച്ചുകൊണ്ടിരുന്ന ശുദ്ധജലം ഇന്ന് കിട്ടാക്കനിയായി മാറിയിരിക്കുന്നു. മലിനീകരിക്കപ്പെടാത്ത വായുവും മണ്ണും ഇന്ന് സ്വപ്നമായി മാറിയിരിക്കുന്നു. എന്തും വിലകൊടുത്തു വാങ്ങിക്കാമെന്ന മുതലാളിത്ത ധാർഷ്ട്യത്തിന്റെ അടിവേരിൽത്തന്നെ പുതിയ പ്രതിസന്ധികൾ പരിക്കേൽപിച്ചിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളുടെയും രൂപത്തിൽ അത് മാനവരാശിക്കും ജീവലോകത്തിനും മുന്നിൽ വെല്ലുവിളി ഉയർത്തുകയാണ്. പരിഹാരങ്ങൾ സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും നിലനിൽക്കുന്ന സമ്പദ്ഘടനയുടെ അജയ്യത ഉയർത്തിക്കാണിക്കാൻ വേണ്ടി മാത്രമുള്ള വിഫലശ്രമങ്ങൾ മാത്രമായി മാറുന്നു. ആഗോളതലത്തിൽ വിവിധ ലോകരാഷ്ട്രങ്ങൾ എത്തിപ്പെട്ടിട്ടുള്ള സാമ്പത്തിക തകർച്ചകളുടെ യഥാർത്ഥ കാരണങ്ങൾ സംബന്ധിച്ചുള്ള അന്വേഷണങ്ങളോ ആഴത്തിലുള്ള അപഗ്രഥനങ്ങളോ അല്ല നടക്കുന്നത്. 'എല്ലാം ശരിയാകും' എന്ന പാഴ്വാക്കുകൾ മാത്രമാണ് ചുറ്റിലുമുയരുന്നത്.

പ്രകൃതി വിഭവങ്ങൾ അനന്തമാണെന്നും അവ ഉപയോഗിച്ച് വലിച്ചെറിയാനുള്ളതാണെന്നും ഉള്ള ബോധ്യത്തിൽ നിന്നുമാണ് നിയോ ക്ലാസിക്കൽ സാമ്പത്തിക ദർശനം തന്റെ അടിത്തറശക്തിപ്പെടുത്തുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവികബന്ധത്തെ അത് അട്ടിമറിക്കുകയും പ്രകൃതിയെ നിരന്തരചൂഷണത്തിന് വിധേയമാക്കുകയും ചെയ്തു. സഹകരണത്തെയും സഹവർത്തിത്വത്തെയും അടിസ്ഥാനപ്പെടുത്തി ജീവിച്ചുവന്ന മനുഷ്യനെ മത്സരത്തിലേക്കും കീഴ്പ്പെടുത്തുന്നതിലേക്കും ഈ സാമ്പത്തിക ദർശനം നയിച്ചു. മനുഷ്യന്റെ പൊതുവായ വികാസവും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന അതിന്റെ നാട്യങ്ങളെ പ്രത്യയശാസ്ത്ര ഭേദമില്ലാതെ സ്വീകരിക്കുവാൻ ലോകത്തിലെ മുഴുവൻ ഭരണാധികാരികളും തയ്യാറായി എന്നതുകൊണ്ടുതന്നെ മുതലാളിത്ത ഉത്പാദന-ഉപഭോഗ രീതികൾ അജയ്യമെന്ന നിലയിൽ ലോകം കീഴടക്കുകയായിരുന്നു. ചെറു ന്യൂനപക്ഷത്തിന്റെ താൽപര്യസംരക്ഷണം മാത്രമേ ആർത്തിയെയും മത്സരത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള ഈയൊരു സമ്പദ് ദർശനത്തിലൂടെ സാധ്യമാകൂ എന്ന് വ്യാവസായിക യുഗത്തിന്റെ ഈ രണ്ട് നൂറ്റാണ്ടുകൾക്കിടയിൽ വളർന്നുവന്ന കോർപ്പറേറ്റ് ഭീമന്മാരുടെ

ആസ്തികളും എണ്ണവും നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്നു. അതേസമയം നിരന്തമായ ഭൗതിക വളർച്ചയെയും ഉപഭോഗത്തെയും ആധാരമാക്കിയുള്ള മുതലാളിത്ത സാമ്പത്തികശാസ്ത്രത്തിന് മുന്നോട്ടുപോകാനാകില്ലെന്ന് കാലം തെളിവുനൽകുന്നു. ഭൂമിയുടെ തന്നെ ജൈവികവും ഭൗതികവുമായ പരിമിതികൾ നിരന്തര വളർച്ച എന്ന സ്വപ്നത്തിന് ഭംഗം വരുത്തിയിരിക്കുന്നു. വ്യാവസായിക വികസനത്തിന്റെ ആണിക്കല്ലെന്ന് വിശേഷിപ്പിക്കുന്ന എണ്ണയും മറ്റ് ഖനിജ ധാതുക്കളും ഇന്ന് ഉത്പാദന പാരമ്യതയിൽ എത്തിയിരിക്കുകയാണ്. എണ്ണയെയും മറ്റ് ഖനിജ ഇന്ധനങ്ങളെയും അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വികസനം അധിക കാലം മുന്നോട്ടുപോകുകയില്ലെന്ന് ലോകം പൊതുവിൽ അംഗീകരിച്ചിരിക്കുന്നു. ഉത്പാദനത്തിലെ പാരമ്യത എന്നത് എണ്ണയുടെ മാത്രം കാര്യമല്ല എന്നുകൂടി നാം അറിയേണ്ടതുണ്ട്. ശുദ്ധജല ലഭ്യതയിലും, കൃഷി യോഗ്യമായ മണ്ണിന്റെ കാര്യത്തിലും ആധുനിക മനുഷ്യന്റെ നിത്യോപയോഗത്തിലുള്ള ധാതുക്കളുടെ കാര്യത്തിലും ഒക്കെത്തന്നെ ഈ പാരമ്യത പ്രകടമാണ്. വിഭവ ദൗർലഭ്യത്തിന്റേതായ പുതിയൊരു പ്രതിസന്ധിയിലേക്കാണ് മുതലാളിത്ത സാമ്പത്തിക വികസനം ലോകത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. പ്രതിസന്ധിയുടേതായ ഈ പുതിയ കാലഘട്ടത്തിൽ ഭൂമിയുടെയും പ്രകൃതിവിഭവങ്ങളുടെയും പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട് പുതിയൊരു സാമ്പത്തിക ദർശനം കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങളാണ് നടക്കേണ്ടത്. അതിന്റെ ആദ്യപടിയെന്ന നിലയിൽ അധികാരവും സമ്പത്തും കേന്ദ്രീകരിച്ചുനിർത്തുന്ന അധികാരഘടനയിൽ തന്നെയുള്ള പൊളിച്ചെഴുത്താണ് വേണ്ടത്. പ്രതിസന്ധികൾ സൃഷ്ടിച്ച അതേ വ്യവസ്ഥിതിയിൽ നിന്നുകൊണ്ട് അതിനുള്ള പരിഹാരങ്ങൾ കണ്ടെത്താനാകുമെന്ന് കരുതുന്നത് മൗഢ്യമാണ്. പ്രകൃതിയുടെയും സംസ്കാരങ്ങളുടെയും ഭൂവിഭാഗങ്ങളുടെയും മേൽ അധിനിവേശം നടത്തി കൊള്ളയടി തുടരുന്ന ഒരു സാമ്പത്തിക ദർശനത്തിന്റെ തിരസ്കരണത്തിലൂടെ മാത്രമേ അത് സാധ്യമാകു.

വിപണി മത്സരത്തെയും ഊഹക്കച്ചവടത്തെയും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ലോക സമ്പദ്‌വ്യവസ്ഥ ആഗോളതലത്തിൽ തന്നെ പ്രതിസന്ധിയിലാണെന്ന് നാം കാണുന്നു. അടുത്തകാലത്തായി ഗ്രീസിൽ നടന്ന സാമ്പത്തിക പ്രതിസന്ധി ലോകത്തിലെ ഇതര രാഷ്ട്രങ്ങളിലേക്ക് കൂടി വൈകാതെ പടരുമെന്ന സൂചനകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. 2007ൽ അമേരിക്കയിൽ ആരംഭിച്ച സാമ്പത്തികമാന്ദ്യം നീണ്ടുനിൽക്കുന്ന പ്രതിഭാസമായി മാറുകയാണ്. 1930കളിൽ സംഭവിച്ചതിലും ഗുരുതരമായ പ്രതിസന്ധികളിലേക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും വിവിധ ലോക രാഷ്ട്രങ്ങൾ കടക്കെണിയിൽ പെട്ടുഴലുകയാണെന്നുമുള്ള വാർത്തകൾ പരമാവധി ജനങ്ങളിൽ നിന്നുമറച്ചുവെക്കാൻ വികസന വക്താക്കളും അവരുടെ പിണിയാളുകളായ മാധ്യമങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിയോ ലിബറൽ നയങ്ങളിലൂടെയും ആഗോളവത്കരണത്തിലൂടെയും ലോകത്തെമ്പാടുമുള്ള പ്രകൃതി വിഭവങ്ങൾ തങ്ങളുടെ കൈപ്പിടിയിലൊതുക്കാനുള്ള ശ്രമങ്ങൾ ആഗോള കോർപ്പറേറ്റ് കമ്പനികൾ 90കളുടെ ആരംഭത്തോടെ ശക്തിപ്പെടുത്തുകയായിരുന്നു. ആഗോളവത്കരണ നയങ്ങളുടെ ഈ രണ്ടരപ്പതിറ്റാണ്ടിനിടയിൽ മൂന്നാം ലോക രാജ്യങ്ങൾക്ക് വൻവിലയാണ് നൽകേണ്ടിവന്നത്. ആഭ്യന്തര മൊത്ത ഉത്പാദനത്തിലെ പെരുക്കങ്ങളുടെയും ഉയർന്ന വളർച്ചാനിരക്കിന്റെയും കണക്കുകൾ ചൂണ്ടിക്കാട്ടി ലോകം വികസനക്കുതിപ്പിലേക്കാണെന്ന പ്രതീതി ജനിപ്പിക്കുവാനും തങ്ങളുടെ വിഭവ ചൂഷണങ്ങൾക്ക് മറയിടാനും ആഗോള സാമ്പത്തിക ശക്തികൾക്ക് സാധിച്ചു. പക്ഷേ, വിഭവ പരിമിതിയെന്ന പുതിയ പ്രതിസന്ധി ഇന്ന് ലോക സമൂഹത്തെ നോക്കി വെല്ലുവിളിക്കുകയാണ്. എണ്ണയ്ക്കു വേണ്ടിയുള്ള യുദ്ധങ്ങളും ജലകലാപങ്ങളും പ്രകൃതി വിഭവങ്ങളുടെ കൊള്ളയും കൊണ്ട് ഭീഷണമായയ ഒരു ഭാവിയാണ് മുതലാളിത്ത വികസനത്തിന്റെ രണ്ട് നൂറ്റാണ്ട് വരാനിരിക്കുന്ന തലമുറകൾക്ക് മുന്നിൽ അവശേഷിപ്പിച്ചിരിക്കുന്നത്. ഭാവി തലമുറകൾക്ക് കൂടി ഉപയോഗപ്പെടേണ്ട ഊർജ്ജവും വെള്ളവും മറ്റ് പ്രകൃതി വിഭവങ്ങളും കൊള്ളയടിച്ച് ഭൗതികസുഖങ്ങളിൽ ആറാടുന്ന പുത്തൻ യയാതി സംസ്കാരത്തിന് അറുതിവരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വികസനമെന്ന പേരിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നവയെല്ലാം വിനാശമാണെന്ന തിരിച്ചറിവിൽ നിന്ന് നമുക്ക് ആരംഭിക്കാം.

## പാരിസ്ഥിതിക വിവേകം–സാമൂഹ്യനീതി–സ്ഥായിയായ പുരോഗതി

ലോകത്തിലെ സകലമാന മനുഷ്യരുടെയും ഭൗതിക വികസനത്തിന്റെ ഫലമായല്ല ഇന്ന് നാം കാണുന്ന പാരിസ്ഥിതിക പ്രതിസന്ധികളും വിഭവ ദാരിദ്ര്യവും സംഭവിച്ചിട്ടുള്ളത്, മറിച്ച്, ഒരു ചെറു ന്യൂനപക്ഷത്തിന്റെ ആർത്തിയെ തൃപ്തിപ്പെടുത്തുന്നതിനാണ് എന്ന ബോധ്യം നമുക്കുണ്ടാകേണ്ടതാണ്. വിഭവങ്ങളുടെ തുല്യമായ വിതരണം എന്നത് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് പ്രതീക്ഷിക്കാവുന്ന ഒന്നല്ല. അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണം മാത്രമാണ് അവയുടെ അന്തിമ ലക്ഷ്യം. നിലനിൽക്കുന്ന പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങൾ ആത്യന്തികമായി കുടികൊള്ളുന്നത് നിലവിലുള്ള അധികാരഘടനകളെ പൂർണ്ണമായും ഇല്ലാതാക്കുക എന്നതായിരിക്കും. പൗരന്റെ അടിസ്ഥാനാവശ്യങ്ങളെ പരിഗണിച്ചും പ്രകൃതിയുടെ പരിമിതികൾ ഉൾക്കൊണ്ടും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അറ്റുപോയ ബന്ധത്തെ വിളക്കിച്ചേർത്തും സ്ഥായിയായ പുരോഗതി കൈവരിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുക എന്നതായിരിക്കും മനുഷ്യാന്തസ്സിനെ ഉയർത്തിപ്പിടിക്കുന്ന പുരോഗമന ശക്തികൾക്ക്

ഇനിയങ്ങോട്ട് നിർവ്വഹിക്കാനുള്ളത്. സ്ഥായിയായ പുരോഗതി ലക്ഷ്യംവെച്ചുകൊണ്ടുള്ള ഒരു സമൂഹ നിർമ്മാണത്തിനായുള്ള ശ്രമങ്ങൾക്ക് മുമ്പ് ഉത്തരം ലഭിക്കാൻ പ്രയാസമുള്ള ചില ചോദ്യങ്ങൾ നാം നമ്മോടുതന്നെ ചോദിക്കേണ്ടതുണ്ട്. വ്യക്തിതലത്തിൽ നിന്നുയർന്ന് കൂട്ടായ പരിശ്രമങ്ങളിലൂടെ മാത്രമേ ഒരുവേള ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നമുക്ക് കണ്ടെത്താനാകൂ. 1. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ് എന്ന വസ്തുത നാം അംഗീകരിക്കുന്നുവെങ്കിൽ, പ്രകൃതിയുമായുള്ള നമ്മുടെ ബന്ധം എത്തരത്തിലായിരിക്കണം? 2. ജീവജാതികൾ തമ്മിലുണ്ടായിരിക്കേണ്ട പരസ്പര സഹകരണത്തെയും നീതിയെയും നാം അംഗീകരിക്കുന്നുവെങ്കിൽ പാരിമാണികമായ മൂല്യത്തിന്റെ (Quantitative Value) അളവുകോൽ എന്തായിരിക്കണം? 3. പ്രകൃതിയെ പ്രതിസന്ധിയിൽ ആഴ്ത്താതെ എത്രമാത്രം ഊർജ്ജം നമുക്ക് സ്വീകരിക്കാൻ സാധിക്കും?

''ഓരോത്തരും അവരുടെ കഴിവിനനുസരിച്ച്, ഓരോരുത്തർക്കും അവരുടെ ആവശ്യത്തിനനുസരിച്ച്'' എന്ന എഗാലിറ്റേറിയൻ സ്വപ്നത്തെ മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടായിരിക്കേണ്ട അവിച്ഛേദ്യ ബന്ധവുമായി കൂട്ടിച്ചേർത്തുമാത്രമേ വരുംനാളുകളിലെ വികസന സങ്കല്പങ്ങൾ രൂപപ്പെടുത്താൻ സാധിക്കൂ. പ്രകൃതി വിഭവങ്ങൾ അനന്തമായി ലഭ്യമാണെന്ന തെറ്റിദ്ധാരണകൾക്ക് അറുതിവരുത്തിയേ മതിയാകൂ. പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലും പ്രാദേശിക ആസൂത്രണത്തിലും അധിഷ്ഠിതമായ വികേന്ദ്രീകൃതമായ ഒരു അധികാര വ്യവസ്ഥതന്നെയായിരിക്കും പ്രതിസന്ധിയുടെ ഈയൊരു കാലഘട്ടത്തിൽ നമ്മെ മുന്നോട്ടുനയിക്കുന്നത്. പ്രകൃതിയുമായി മനുഷ്യനുണ്ടായിരിക്കേണ്ട ബന്ധത്തെ തിരിച്ചുപിടിക്കുക എന്നത് പിൻവലിയലായോ തിരിച്ചുപോക്കായോ അല്ല പരിഗണിക്കേണ്ടത്. മറിച്ച്, വിവേകപൂർണ്ണവും ഉത്തരവാദിത്വബോധമുള്ളതും ആയ ഒരു സമൂഹരചനയ്ക്കായുള്ള വിപ്ലവാത്മകമായ മുന്നോട്ടുപോക്കായി കാണണം. അധികാര വ്യവസ്ഥയിലും സമ്പദ്ദർശനത്തിലും ഉത്പാദനത്തിലും ഉപഭോഗത്തിലും നൈതികതയെ പ്രതിഷ്ഠിക്കേണ്ടതുണ്ട്. ആത്യന്തികമായി അടിസ്ഥാന വിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഈയൊരു മുന്നേറ്റത്തിന് പ്രത്യേകം തയ്യാറാക്കപ്പെട്ട കുറിപ്പടികളോ ചേരുവകളോ ഇല്ലെന്ന വസ്തുതയാണ് നാം ആദ്യം മനസിലാക്കേണ്ടത്. എല്ലാത്തരം പ്രതിസന്ധികൾക്കും നമ്മുടെ കൈകളിൽ ഉത്തരങ്ങളുണ്ടെന്ന മിഥ്യാബോധത്തെ ദൂരെക്കളയുകയും കൂട്ടുത്തരവാദിത്വത്തിന്റെയും സംവാദത്തിന്റെയും തലങ്ങളിലൂടെ സാധ്യമായ പരിഹാരങ്ങൾ തേടുകയും ചെയ്യുക എന്നതുമാത്രമാണ് നമ്മുടെ മുന്നിലുള്ള വഴി.

കാർഷിക വ്യവസ്ഥ, ഭക്ഷ്യസംസ്കാരം, വിഭവ ലഭ്യത എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക തലത്തിൽ ഉരുത്തിരിയുന്ന ആസൂത്രണങ്ങളും പദ്ധതികളുമാകണം നമ്മുടെ നാടിന്റെ വികസനത്തെ നിർണ്ണയിക്കുന്നത്. അത്തരമൊരു വികേന്ദ്രീകൃത വ്യവസ്ഥയിൽ സഹകരണ സംഘങ്ങൾക്കും പരസ്പരാശ്രിത കമ്യൂണുകൾക്കും കൂട്ടുകൃഷിക്കളങ്ങൾക്കും, സാംസ്കാരിക പഠനകേന്ദ്രങ്ങൾക്കും മുൻകൈ ലഭിക്കേണ്ടതുണ്ട്. മനുഷ്യാദ്ധ്വാനത്തിന്റെ അന്തസ്സിനെ ഉയർത്തിപ്പിടിക്കുന്ന, ആവാസ വ്യവസ്ഥകളെ പരിപാലിക്കുന്ന, സ്ഥായിത്വത്തെ മുറുകെപ്പിടിക്കുന്ന, മത-ജാതി-ലിംഗ-വർണ്ണ-വംശ-ദേശ-ഭാഷാ വൈവിധ്യങ്ങളെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സമൂഹനിർമ്മാണത്തിനുള്ള ശ്രമങ്ങളിലൂടെ ഭാവി തലമുറകൾക്കായുള്ള കരുതലുകൾ നമുക്ക് ഇന്നുതന്നെ ആരംഭിക്കാം. രാഷ്ട്രീയ കക്ഷികൾക്കിടയിൽ നിന്നുള്ള തെരഞ്ഞെടുപ്പുകൾ ഒരു താൽക്കാലിക സംഗതി മാത്രമാണെന്ന് തിരിച്ചറിയുക. തിരഞ്ഞെടുപ്പുകൾക്കുള്ള എല്ലാ സാധ്യതകളെയും കൊട്ടിയടച്ചുകൊണ്ടാണ് നാളിതുവരെ നാം വികസനാഘോഷങ്ങൾ നടത്തിയതെന്നും അറിയുക. പ്രകൃതിയും മനുഷ്യനും നാളിതുവരെ അനുഭവിച്ചുപോന്നിട്ടില്ലാത്ത പ്രതിസന്ധികളിലേക്ക് ലോകം കടന്നുപോകുമ്പോൾ മാനവരാശി നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും ചോദ്യങ്ങളുയർത്താനും ഈ അവസരം നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കേരളം നേരിടുന്ന വർത്തമാന പ്രതിസന്ധികൾക്ക് സാധ്യമായ പരിഹാരം നിർദ്ദേശിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ജനകീയ പ്രക്ഷോഭരംഗത്തും ബദൽ അന്വേഷണ മേഖലയിലും വർഷങ്ങളായി ഇടപെട്ടുവരുന്ന നിരവധി സംഘടനകളും വ്യക്തികളും ചേർന്ന് കേരളത്തിന്റെ ഭാവി വികസനത്തിന്റെ രൂപരേഖ തയ്യാറാക്കുകയാണ്. കൃഷി, ഊർജ്ജം, വ്യവസായം, തൊഴിൽ, ആരോഗ്യം, വിഭവസംരക്ഷണം, നഗരവൽക്കരണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഗതാഗതം, ജനാധികാരം, ഭരണനവീകരണം തുടങ്ങി നിരവധി മേഖലകളിൽ അടിയന്തിരമായി നടത്തേണ്ട ഇടപെടലുകളെ സംബന്ധിച്ച് ജനകീയപക്ഷത്തുനിന്ന് മുന്നോട്ടുവെക്കുന്ന ഈ നിലനിൽപ്പിന്റെ മാനിഫെസ്റ്റോ ജനങ്ങളുടെ സജീവ ചർച്ചകൾക്ക് വിധേയമാകും എന്ന് പ്രതീക്ഷിക്കുന്നു. ❑

# ഭൂവുടമസ്ഥത-കൃഷി-ഭക്ഷ്യസ്വയംപര്യാപ്തത

ഒരു സമൂഹം വികസിതമെന്നും പുരോഗതി പ്രാപിച്ച തെന്നും അവകാശപ്പെടുന്നതിന് ഏറ്റവും അടിസ്ഥാ ന മാനദണ്ഡമായി മാറേണ്ടത് ആ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവർത്തനക്ഷമമവും ആരോഗ്യപൂർണ്ണവുമായ ജീവിതം നയിക്കുന്നതിന് സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതിനുള്ള ഭൗതി കവും സാമ്പത്തികവുമായ അവസ്ഥ നില നിൽക്കുന്നു എന്നതായിരിക്കണം. ഈയൊരു മാനദ ണ്ഡത്തെ അടിസ്ഥാനപ്പെടുത്തി ഭക്ഷ്യസുരക്ഷയെ ക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ട് സുപ്രധാന ചോദ്യ ങ്ങൾ നമ്മുടെ മുന്നിലുയർന്നുവരുന്നു. തൃപ്തികരമായ അളവിൽ എല്ലാവർക്കും ഭക്ഷണം ലഭ്യമാകുന്നുവോ എന്നതാണ് ഒന്നാ മത്തെ ചോദ്യം. രണ്ടാമത്തേത്, ലഭ്യ മാകുന്ന ഭക്ഷണം എത്രമാത്രം സുരക്ഷിതമാണ് എന്ന താണ്. നിലവിലുള്ള കാർഷിക രീതികളും, ഭക്ഷ്യന യങ്ങളും, വിതരണ സമ്പ്രദായങ്ങളും ഒക്കെത്തന്നെ ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങളല്ല നൽകുന്നതെന്ന് നമുക്ക് കാണാം. സംസ്കാരം, കാർഷികവൃത്തി, ജൈവവ്യവസ്ഥ, ഭൂമിശാസ്ത്രപര മായ പ്രത്യേകതകൾ എന്നിവയുമായി ബന്ധപ്പെട്ടാണ് ഭക്ഷണസംസ്കാരം രൂപപ്പെട്ടുവരുന്നത്. എന്നാൽ കൃഷി ഒരു വ്യവസായമായി മാറിയതോടുകൂടി നമ്മുടെ ഭക്ഷണ സംസ്കാരത്തിലും കാർഷിക സംസ്കൃതിയിലും കാതലായ മാറ്റങ്ങൾ വരികയും പ്രാദേശികതലത്തിലുള്ള ഭക്ഷ്യസ്വയംപര്യാപ്തത പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തു. പരസ്പര വിരുദ്ധങ്ങളായ നിരവധി ഘടകങ്ങൾ ഭക്ഷ്യമേഖല യിലെ പരാശ്രിതത്വത്തിനും അസമത്വത്തിനും കാര ണമായിത്തീരുന്നതായി കാണാം.

2012ലെ കണക്കനുസരിച്ച്, ഇന്ത്യയുടെ ധാന്യോ ത്പാദനം 250 ദശലക്ഷം മെട്രിക് ടൺ ആയിരുന്നു. ശരാശരി കുടുംബത്തിന്റെ പ്രതിമാസ ഉപഭോഗം 35 കിലോ ആയി കണക്കാക്കുമ്പോൾ 100 ദശലക്ഷം മെട്രിക് ടൺ ധാന്യം മതിയാകും നമ്മുടെ ആവശ്യം പൂർത്തീകരിക്കുവാൻ. എന്നാൽ ഇന്ത്യയിലെ 120 കോടി ജനങ്ങളിൽ 250 ദശലക്ഷം പേരും ദാരിദ്ര്യം അനുഭവിക്കുന്ന വസ്തുതകൂടി ഇവിടെ ചേർത്തുവാ യിക്കേണ്ടതുണ്ട്. ഉത്പാദന-വിതരണക്രമങ്ങളിലെ അതീവഗൗരവമാർന്ന അനീതിയാണ് ഇവിടെ നടക്കു ന്നതെന്ന് വ്യക്തം. ഹരിതവിപ്ലവം പോലുള്ള കാർഷിക പരീക്ഷണങ്ങൾ രാസവള-കീടാശിനി കമ്പനികളെയും വൻകിട കർഷകരെയും സഹസ്ര കോടീശ്വരന്മാരാക്കി മാറ്റിയപ്പോൾ ഇന്ത്യയിലെ ശരാശരി കർഷകന്റെ പ്രതി മാസ വരുമാനം 3000രൂപയിൽ താഴെയാണ്. കഴിഞ്ഞ ഒരു ദശകക്കാലമായി ഇന്ത്യയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം 3 ലക്ഷത്തോളം വരുമെന്ന് കണ ക്കുകൾ പറയുന്നു. കർഷകർക്ക് അവരുടെ ഉത്പന്ന ങ്ങൾക്ക് ഉയർന്ന മിനിമം സഹായവില പ്രഖ്യാപിക്കു ന്നതിന് പോലും നാളിതുവരെയുള്ള സർക്കാരുകൾ മടിച്ചുനിൽക്കുകയാണ്.

ഇന്ത്യയുടെ പൊതു അവസ്ഥയിൽ നിന്നും കേര ളത്തിലേക്കെത്തുമ്പോൾ സ്ഥിതി കൂടുതൽ ഗുരുതര മാകുകയാണ് ചെയ്യുന്നതെന്ന് കാണാം. ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായ ഒരു പൊതുവിത രണ സമ്പ്രദായം നിലനിൽക്കുന്നതു കൊണ്ടുമാത്രം ഒരു പരിധിവരെ പ്രശ്നരഹിതമാണ് നമ്മുടെ ഭക്ഷ്യ മേഖല എന്ന തോന്നുലുളവാക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ കാർഷിക-ഭക്ഷ്യ മേഖല വലി യതോതിലുള്ള പ്രതിസന്ധികളാണ് ഭാവിയിൽ നേരി ടാൻ പോകുന്നതെന്ന് നാം മനസിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ മുഖ്യഭക്ഷണമായി കണക്കാക്കുന്ന അരി യുടെ ഉത്പാദനം എല്ലാക്കാലത്തും കമ്മിയായിരുന്നു എന്ന് കാണാം. 1960കളിൽ പോലും ആവശ്യമായ അരി യുടെ 45% മാത്രമേ നമുക്ക് ഉത്പാദിപ്പിക്കാൻ കഴി ഞ്ഞിരുന്നുള്ളൂ. ഏറ്റവും പുതിയ കണക്കുകളനുസ രിച്ച് അരിയുൽപാദനം 15% മാത്രമാണ്. ബാക്കിയുള്ളവ (85%)യ്ക്കായി നാം ഇതര സംസ്ഥാനങ്ങളെ ആശ്രയി ക്കുകയാണ്. വാണിജ്യ വിളകളിലേക്കുള്ള പരി വർത്തനം ഇത്തരമൊരു പരാശ്രിതത്വത്തിലേക്ക് നയി ക്കുകയായിരുന്നു. സംസ്ഥാനത്തിലെ മൊത്തം കൃഷി ഭൂമിയുടെ 65%വും വാണിജ്യവിളകൾക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്. അവയിൽത്തന്നെയും റബർ, കാപ്പി, ഏലം, ചായ തുടങ്ങിയ എട്ടോളം വിളകളാണ് ഏറിയപങ്കും. സർക്കാരിന്റെ കാർഷിക നയങ്ങളിലെ തെറ്റായ മുൻഗണനാ ക്രമങ്ങളാണ് ഇത്തരമൊരു കാർഷിക മാറ്റത്തിന് വഴിയൊരുക്കിയത്. എല്ലാത്തരം സൗജന്യങ്ങളും വാണിജ്യവിളകൾക്കായി അനുവദി ക്കുന്നത് ഈ മേഖലയിലെ വളർച്ചയ്ക്ക് കാരണമായി മാറി. ഭക്ഷ്യമേഖലയിലെ പ്രശ്നങ്ങളെ കേരളത്തിന്റെ വാങ്ങൽശക്തി (Purchasing Power) കൊണ്ട് പരിഹ രിക്കാമെന്നതാണ് സർക്കാരിന്റെ സമീപനം. മറ്റ് സംസ്ഥാനങ്ങളിലടക്കം കാർഷിക മേഖലയിൽ സംഭ വിക്കുന്ന ആശാസ്യമല്ലാത്ത മാറ്റങ്ങൾ ഈയൊരു പ്രത്യുത്പാദനപരമല്ലാത്ത സമീപനം മുന്നോട്ടുകൊ ണ്ടുപോകാൻ സാധ്യമല്ലാതാക്കിമാറ്റിയിരിക്കുന്നു. ആഗോള വിപണിയെ അടിസ്ഥാനമാക്കിയുള്ള നാണ്യ വിള കൃഷിമേഖലകളും വൻതോതിലുള്ള തകിടംമറി ച്ചലുകളെ അഭിമുഖീകരിക്കാൻ പോകുകയാണ്. തോട്ടം മേഖലയിൽ സംഭവിക്കാനിരിക്കുന്ന ഈയൊരു പ്രതി സന്ധികളുടെ ആഴം കർഷകരെ ബോദ്ധ്യപ്പെടുത്തുന്ന ബാദ്ധ്യതയിൽ നിന്നും നമ്മുടെ ഭരണാധികാരികളും ആസൂത്രണവിദഗ്ദ്ധരും ഒഴിഞ്ഞുനിൽക്കുകയാണ്. ഓട്ടോമൊബൈൽ വ്യവസായത്തിൽ വരാനിരിക്കുന്ന

ഇടിച്ചിലുകൾ റബർകൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരെ പ്രതിസന്ധിയിലാഴ്ത്തും.

നാണ്യവിളകളെ അടിസ്ഥാനമാക്കിയുള്ള ഏകവിള തോട്ടങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നിലനിൽക്കുകയില്ലെന്ന് ഈയവസരത്തിൽ നാം മനസിലാക്കേണ്ടതുണ്ട്. ഭക്ഷ്യ സ്വയംപര്യാപ്തതയെ അടിസ്ഥാനമാക്കിയുള്ള സംയോജിത കൃഷിരീതികളിലേക്ക് നീങ്ങാൻ ശ്രമിക്കുകയാണ് വേണ്ടത്. അരി, ഗോതമ്പ് തുടങ്ങിയ ഏതാനും ധാന്യങ്ങളിലും വിരലെണ്ണാവുന്ന പയറുവർഗ്ഗങ്ങളിലും കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹരിതവിപ്ലവ പരിപാടികൾ നമ്മുടെ ഭക്ഷ്യമേഖലയിലെ വൈവിധ്യങ്ങളെ ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കിയെന്ന് പറയാം. പൊതുഭൂമിയുടെ നാശവും ജൈവവൈവിധ്യ തകർച്ചയും സാധാരണ ജനങ്ങൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന പോഷകസമൃദ്ധമായ പല ഭക്ഷ്യവസ്തുക്കളെയും ഇല്ലാതാക്കി. ഇത് സാധാരണക്കാർക്കിടയിലെ പോഷകാഹാരക്കുറവിന് വലിയൊരളവിൽ കാരണമായി എന്ന് പറയാം.

ഖനിജ ഇന്ധനരൂപമായ എണ്ണയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു കാർഷിക സമ്പദ്വ്യവസ്ഥ എണ്ണ ഉത്പാദനത്തിൽ സംഭവിക്കാനിരിക്കുന്ന തകർച്ചയോടൊപ്പം തകരുമെന്നത് നിസ്തർക്കമായ കാര്യമാണ്. അതുകൊണ്ടുതന്നെ ഭക്ഷ്യസ്വരാജെന്ന ആശയത്തെ ഉയർത്തിപ്പിടിക്കേണ്ട അവസരമാണ്. ജൈവവഴികളിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത സാധ്യമാണെന്ന ആത്മവിശ്വാസം നമുക്കുണ്ടാകേണ്ടതുണ്ട്. ഇത്തരമൊരു സ്വയംപര്യാപ്തത നേടിയെടുക്കണമെങ്കിൽ ഭക്ഷ്യവൈവിധ്യത്തെക്കുറിച്ച് ചിന്തിക്കുവാൻ നാം തയ്യാറാകണം. അരിയെ മാത്രം ആശ്രയിക്കാതെ വിവിധതരം കിഴങ്ങുകൾ, ഇലക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ നമ്മുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ തയ്യാറാകേണ്ടതുണ്ട്. കാലാവസ്ഥയിൽ സംഭവിക്കുന്ന മാറ്റങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ മറികടക്കുന്നതിന് ഒരു പരിധിവരെ കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി സഹായിക്കും. രാസ-കീടനാശിനി പ്രയോഗങ്ങളിൽ നിന്ന് ഒഴിവാകാനും അതുവഴി സാധിക്കും. വിളകളിലെ വൈവിധ്യം കേന്ദ്രീകൃത ഉത്പാദന സംവിധാനങ്ങളെ അസാധുവാക്കും. രാസവള-കീടനാശിനി പ്രയോഗങ്ങളെയും അമിതമായ യന്ത്രവൽക്കരണത്തെയും അടിസ്ഥാനമാക്കിയുള്ള ഹരിതവിപ്ലവത്തെ അതിന്റെ വക്താക്കൾ തന്നെ തള്ളിപ്പറഞ്ഞിരിക്കുകയാണ്. എന്നാൽ അരനൂറ്റാണ്ട് കാലത്തെ രാസകൃഷി മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യത്തെ ഗുരുതരമായ രീതിയിൽ ബാധിച്ചതിനുശേഷമാണ് അധികൃതർക്ക് ഈ വെളിപാടുണ്ടായത്. ജൈവകൃഷി പോലും സുഗമമായി സാധ്യമല്ലാത്ത വിധത്തിൽ കേരളത്തിന്റെ മണ്ണിന്റെ ഉർവ്വരത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മണ്ണിന്റെ ജൈവശേഷിയെ വീണ്ടെടുക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നമുക്ക് ആരംഭിക്കേണ്ടതുണ്ട്. അതിന് അനുരൂപമാകുന്ന വിധത്തിൽ കേരളത്തിൽ ഒരു ജൈവകൃഷി നയം രൂപപ്പെടുത്താൻ തയ്യാറാകേണ്ടതുണ്ട്. കിഴങ്ങുവർഗ്ഗങ്ങൾ, ഇലക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവ ഭക്ഷണത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുള്ള പ്രചരണ-ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കണം. അരിയെയും മറ്റ് ധാന്യങ്ങളെയും മാത്രം സഹായിക്കുന്ന സർക്കാർ/കൃഷി വകുപ്പ് രീതികളിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകണം. ജൈവകാർഷിക മേഖലയിൽ സ്വകാര്യ സംരംഭകരെ ക്ഷണിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതിനു പകരം കൂടുതൽ കുടുംബങ്ങളെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കേണ്ടത്. സഹകരണ സംഘങ്ങളുടെയും കുടുംബശ്രീ, അയൽക്കൂട്ട കൂട്ടായ്മകളുടെയും സഹകരണത്തോടെ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് പൊതുസംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. വിപണിയിലെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ ഇത് കർഷകരെ സഹായിക്കും. ജൈവകൃഷി ഉത്പന്നങ്ങളുടെ കാര്യത്തിൽ കൃത്യമായ വിലനിർണ്ണയ സംവിധാനം ഉണ്ടാകുന്നത് സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് സുരക്ഷിതമായ ഭക്ഷണം ലഭ്യമാക്കുന്നതിന് സഹായിക്കും.

### ഭൂവുടമസ്ഥതയിലെ അനീതി പരിഹരിക്കുക

കാർഷികമേഖലയിൽ രചനാത്മകവും ജൈവീകവുമായ പരിവർത്തനങ്ങൾ സാധ്യമാക്കണമെങ്കിൽ കേരളത്തിലെ ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. കേരളത്തിലെ ഭൂവുടമസ്ഥതാ ബന്ധങ്ങൾ ഇന്ന് നിലനിൽക്കുന്ന ജാതിവ്യവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന കാര്യം പരിഗണിക്കുന്നതിൽ കേരള വികസന മാതൃക പരാജയപ്പെട്ടതായി കാണാം. കേരളത്തിലെ ആദിവാസി-ദളിത് ഭൂസമരങ്ങളാണ് പറയപ്പെടുന്ന വികസനമാതൃകയിലെ ഭൂരഹിതരുടെ കണക്കുകൾ പുറത്തുകൊണ്ടുവന്നത്. കേരളത്തിലെ മേൽജാതിക്കിടയിൽ ഭൂവുടമസ്ഥത നിലനിൽക്കുകയും ആദിവാസി-ദളിത് വിഭാഗങ്ങൾ കാർഷിക അടിയാന്മാരായി തുടരുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ഭൂപരിഷ്കരണത്തിന് മുമ്പേ പാട്ടക്കുടിയാന്മാരല്ലാത്ത ആദിവാസി-ദളിത് കർഷർകത്തൊഴിലാളികൾക്കായി കുടിയാന്മാ നിയമം പാസാക്കിയതിന്റെ ഫലമായി ഈ വിഭാഗങ്ങൾ 3-5 സെന്റ് കോളനികളിലേക്ക് ആട്ടിത്തെളിക്കപ്പെട്ടു. ഭൂപരിഷ്കരണ നിയമത്തിന് ശേഷം 15 ലക്ഷത്തിലധികം പാട്ടക്കുടിയാന്മാർ ഭൂവുടമസ്ഥരായി മാറിയെന്ന സർക്കാരിന്റെ അവകാശവാദത്തെ കേരളത്തിലെ ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടുകൂടി പരിശോധിക്കേണ്ടതുണ്ട്. 15 ലക്ഷം വരുന്ന ഈ കുടുംബങ്ങൾ ആദിവാസി-ദളിത് വിഭാഗങ്ങളിൽ നിന്നുള്ളവരല്ല മറിച്ച്, ഇടത്തട്ടിലെ ജാതിവിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. 3-5 സെന്റ് ഭൂമി കൈവശവകാശമുള്ള കുടുംബംഗങ്ങളടങ്ങിയ 12,500ഓളം ദളിത് കോളനികളും 4,084 ആദിവാസി കോളനികളും

കേരളത്തിലുണ്ട്. അതുപോലെത്തന്നെ, റോഡ് പുറമ്പോക്ക് മേഖലകളിൽ കഴിയുന്ന ഒരുലക്ഷത്തിലധികം കുടുംബങ്ങളും കേരളത്തിലുണ്ട്. കാർഷിക മേഖലയിൽ അധ്വാനിക്കുന്ന ഈ വിഭാഗങ്ങളുടെ കൈകളിലേക്ക് ഭൂമിയുടെ അവകാശം എത്തിച്ചേരാതിരുന്നത് കാർഷികോത്പാദന മേഖലയുടെ തകർച്ചയുടെ പ്രധാന കാരണമായി വിലയിരുത്തപ്പെടണം.

കേരളത്തിലെ കൃഷിയോഗ്യമായ ഭൂമിയിൽ അറുപത് ശതമാനത്തോളം തോട്ടംഭൂമി വൻകിട തോട്ടം മുതലാളിമാരുടെ കൈകളിലേക്ക് എത്തിപ്പെട്ടതും മിച്ച ഭൂമിയിൽ പലതും അനധികൃതരീതയിൽ വിവിധ നിക്ഷിപ്ത താല്പര്യക്കാരുടെ കൈകളിലേക്ക് എത്തിപ്പെട്ടതും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തപ്പെട്ടതും കൃഷി മേഖലയുടെ തകർച്ചയുടെ കാരണങ്ങളാണ്. 1959ലെ കണക്കനുസരിച്ച്, കേരളത്തിലെ മിച്ചഭൂമിയുടെ അളവ് 7,20,000 ഏക്കറായിരുന്നു. അതിൽ 93,178 ഏക്കർ ഭൂമി മാത്രമാണ് സർക്കാർ ഏറ്റെടുത്തത്. 1995 വരെ വിതരണം ചെയ്യപ്പെട്ട ഭൂമി 64,237 ഏക്കറും. അതേസമയം 1959ൽ 7.2ലക്ഷം ഏക്കർ മിച്ചഭൂമിയുണ്ടായിരുന്നത് ഇപ്പോൾ ഒരു ലക്ഷം ഏക്കർ പോലുമില്ല എന്ന യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി കണക്കാക്കുമ്പോൾ അനധികൃതമായ ഭൂമി ഇടപാടുകളുടെ ഞെട്ടിപ്പിക്കുന്ന കണക്കുകൾ നമുക്ക് ബോദ്ധ്യപ്പെടും. കാർഷികേതര വിഭാഗങ്ങളുടെ കൈകളിലേക്ക് ഭൂമിയുടെ ഉടമസ്ഥതാവകാശം ചെന്നെത്തിയതോടെ അതിന്റെ വിനിയോഗരീതിയിൽ മാറ്റം സംഭവിക്കുകയും മൂലധന കേന്ദ്രീകരണത്തിനുള്ള ഉപാധിയായി ഭൂമി മാറുകയും ചെയ്തു. തോട്ടം മുതലാളിമാരോടൊപ്പം വിവിധ സർക്കാർ ഏജൻസികളും ഉത്പാദനപരമല്ലാത്ത രീതിയിൽ ഭൂമി ഏറ്റെടുക്കുകയും കൈവശം വെക്കുകയും ചെയ്യുന്നുണ്ട്. പല സ്ഥലങ്ങളിലും കൃഷിഭൂമി കാർഷികേതര ആവശ്യത്തിന് വേണ്ടി വിട്ടുകൊടുക്കുന്നതും ഇവർതന്നെയാണ്. ഭൂവുടമസ്ഥത സംബന്ധിച്ച സാമുദായിക അസന്തുലിതാവസ്ഥ പരിഹരിച്ചുകൊണ്ട് അധ്വാനിക്കുന്ന വിഭാഗങ്ങളിലേക്ക് ഭൂമി എത്തിക്കുക എന്നതാണ് സാമൂഹിക അസമത്വം പരിഹരിക്കുന്നതിനും കാർഷിക ഉത്പാദന വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ഒരേപോലെ സഹായകമാകുക എന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടതുണ്ട്.

ഖനിജ ഇന്ധനങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക സമ്പദ്‌വ്യവസ്ഥയെയാണ് ഇന്ന് നാം ആശ്രയിക്കുന്നത്. വളരെ ചെറിയൊരു കാലയളവിൽ തന്നെ ഈയൊരു വ്യവസ്ഥ പ്രതിസന്ധിയെ അഭിമുഖീകരിക്കുവാൻ പോകുകയാണെന്ന യാഥാർത്ഥ്യബോധത്തോടുകൂടി വേണം ഭാവിയിലെ കാർഷിക വികസന നയം രൂപപ്പെടുത്തിയെടുക്കാൻ. ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള ഉപഭോഗരീതികൾ അധികകാലം തുടരാനാവില്ലെന്ന വസ്തുത കൂടി ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്.

## ദീർഘകാല-ഹ്രസ്വകാല നടപടികൾ

- ഭൂരഹിതരായ ആദിവാസി-ദളിത് വിഭാഗങ്ങൾക്ക് കൃഷിഭൂമി അനുവദിക്കുക. പരമ്പരാഗതമായി കൃഷി ചെയ്യുന്ന സമൂഹങ്ങൾക്ക് ഭൂമിയുടെ മേലുള്ള അവകാശം ഉറപ്പാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക. കൃഷിഭൂമിയുടെ തുണ്ടുവത്കരണവും വാണിജ്യവത്കരണവും തടയുന്നതിനും കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി കൈമാറ്റം ചെയ്യുന്നത് തടയുന്നതിനും നിയമനിർമ്മാണം നടത്തുക.
- ഭൂമിയെ ചരക്കാക്കുന്ന ഭൂവുടമസ്ഥതാ വ്യവസ്ഥയും ഭൂവിനിയോഗ നയവുമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ജൈവവൈവിധ്യവും പാരിസ്ഥിതിക മൂല്യവും കണക്കാക്കി ഭൂമിക്ക് മൂല്യം കൽപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള നയം രൂപീകരിക്കുക.
- പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുകയും കർഷക കൂട്ടായ്മകൾക്ക് കൃഷി ചെയ്യുന്നതിന് ലഭ്യമാക്കുകയും ചെയ്യുക. തരിശിടുന്ന കാർഷിക ഭൂമി ഏറ്റെടുത്തു കാർഷിക സഹകരണസംഘങ്ങളെയോ കർഷക സംഘടനകളെയോ ഏൽപ്പിക്കുക
- കാർഷിക ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് കർഷകന് അതിന്റെ പാരിസ്ഥിതിക മൂല്യം കണക്കാക്കി ന്യായവും കൃത്യവുമായ വരുമാനം ഉറപ്പുവരുത്തുക.
- നെൽവയൽ-നീർത്തട സംരക്ഷണ നിയമം സംരക്ഷിക്കുക. കരഭൂമിയില്ലാത്തവർക്ക് വീടുവയ്ക്കുന്നതിന് 5 മുതൽ 10 സെന്റ് വരെ നിലം നികത്താം എന്ന ക്ലോസ് നിയമത്തിൽ നിന്നും എടുത്തുകളഞ്ഞ് വീടുവയ്ക്കുന്നതിനുള്ള കരഭൂമി സർക്കാർ പകരം കണ്ടെത്തി പതിച്ചുനൽകുക. നെൽവയൽ-നീർത്തട പ്രദേശങ്ങൾ തീരദേശ സംരക്ഷണത്തിനുള്ള കോസ്റ്റൽ റഗുലേഷൻ സോണിന്റെ (സി.ആർ.ഇസഡ്) മാതൃകയിൽ സംരക്ഷിത പ്രദേശങ്ങളാക്കി മാറ്റുക.
- ആഗോള വിപണിയെ ആശ്രയിച്ചുള്ള ഏകവിള, നാണ്യവിള കൃഷിക്ക് പകരം പ്രാദേശിക ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്ന ഭക്ഷ്യവിള കൃഷിക്ക് പ്രാധാന്യം നൽകുക.
- ഭക്ഷ്യ-കാർഷിക വിഭവങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് പ്രാദേശിക സംഭരണ-വിതരണ സമ്പ്രദായങ്ങൾക്ക് രൂപം നൽകുക. കർഷകരുടെയും കർഷക സംഘങ്ങളുടെയും നേതൃത്വത്തിലുള്ള പ്രാദേശിക വിപണി വികസിപ്പിക്കുക.
- ജൈവകൃഷിനയം സമ്പൂർണ്ണമായി പ്രാവർത്തികമാക്കുക. ജൈവകൃഷിനയത്തിൽ പറഞ്ഞിരുന്നതിനനുസരിച്ച് ഘട്ടംഘട്ടമായി രാസ-കീടനാശിനി പ്രയോഗം സംസ്ഥാനത്ത് നിർത്തലാക്കുക.
- നിരോധിക്കപ്പെട്ട കീടനാശിനികൾ വിൽപ്പന ചെയ്യുന്നതിനെതിരെ കേസെടുക്കുക.
- പരമ്പരാഗത കാർഷിക വിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തിയ സാങ്കേതികവിദ്യാവികസനത്തിന് രൂപം നൽകുക. നാടൻ വിത്തും, നാടൻ കന്നുകാലികളും,

നാട്ടുവിജ്ഞാനവും, നാട്ടുഭക്ഷ്യസംസ്കാരവും വീണ്ടെടുക്കുകയും പ്രചരിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. പരമ്പരാഗത കാർഷിക സമൂഹങ്ങളുടെ അറിവും കൃഷി പരിപാലന സമ്പ്രദായങ്ങളും നിലനിർത്തുന്നതിന് സഹായം നൽകുക.

- ഉപയോഗയോഗ്യമായതും അല്ലാത്തതുമായ ഭൂമിയുടെ കൃത്യമായ ഡാറ്റാബാങ്ക് രൂപീകരിക്കുക.
- ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതരത്തിലുള്ള നയരൂപീകരണം നടത്തുക.
- കൃഷിക്കു മാത്രമായി പ്രത്യേക കാർഷിക ബജറ്റ് കൊണ്ടുവരുക.
- കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന നിയമം നിർമ്മിക്കുക.
- ലോകവ്യാപാര സംഘടനയുടെ കരാറും ബൗദ്ധിക സ്വത്തവകാശവുമുപയോഗിച്ച് ജനിതക പരിവർത്തനം വരുത്തിയ ഭക്ഷ്യവസ്തുക്കളും വിത്തുകളും അടിച്ചേൽപ്പിക്കാനുള്ള മൊൺസാന്റോ, കാർഗിൽ കുത്തകകളുടെ നീക്കങ്ങളെ ചെറുക്കുക.
- വിത്തിന്റെ കുത്തകാവകാശം കോർപ്പറേറ്റുകൾക്ക് കൈമാറുന്ന തരത്തിലുള്ള കരാറുകളും പേറ്റന്റ് നിയമങ്ങളും റദ്ദുചെയ്യുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുക.
- മനുഷ്യരെക്കൂടാതെ മറ്റ് സസ്തനികളിലും കാൻസറിന് കാരണമാകുന്നതായി ദേശീയ കീടനാശിനി വിവര വിനിമയ കേന്ദ്രം ലിസ്റ്റ് ചെയ്തിട്ടുള്ള ഗ്ലൈസീൻ അടക്കമുള്ള കളനാശിനികളുടെ വ്യാപകമായ ഉപയോഗം കേരളത്തിലെ തോട്ടംമേഖലകളിൽ നടക്കുന്നതിന് തടയിടുക. ❑

# ഊർജ്ജം

കേരളത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ, ഉയർന്ന ജനസാന്ദ്രത, വിഭവ പരിമിതികൾ, തൊഴിലില്ലായ്മ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഉത്പാദന – ഉപഭോഗ സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത്തരമൊരു വികസന പരിപ്രേക്ഷ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ ഊർജ്ജോത്പാദനത്തെക്കുറിച്ചും പദ്ധതികൾ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സമ്പദ് വ്യവസ്ഥയിലെ ഊർജ്ജപ്രവാഹത്തെയും അതിന്റെ പ്രാധാന്യത്തെയും ഉൾക്കൊണ്ടുകൊണ്ടായിരിക്കണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഉയർന്ന ജനസാന്ദ്രതയും, പാരിസ്ഥിതിക ദുർബലതകളും പരിഗണനാവിഷയമാക്കുമ്പോൾ വൻകിട വൈദ്യുതോത്പാദന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലെന്ന് മനസിലാക്കാൻ കഴിയും. സംസ്ഥാനത്തിലെ നിലവിലെ വൈദ്യുതാവശ്യം, ഭാവിയിലെ ആവശ്യങ്ങളിന്മേലുള്ള വർദ്ധനവ്, ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികൾ എന്നിവ കൂടുതൽ വിശകലന വിധേയമാക്കുകയും കേരളത്തിന്റെ പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ ആവശ്യകത പൂർത്തീകരിക്കാവുന്നതെങ്ങിനെ എന്ന് ആലോചിക്കുന്നതോടൊപ്പം തന്നെ വൈദ്യുതോപഭോഗത്തിലെ ധൂർത്തിനെക്കുറിച്ചും പ്രസരണ-വിതരണ സാധ്യതകളെക്കുറിച്ചും, വൈദ്യുത ഉപകരണങ്ങളുടെ കാര്യക്ഷമത സംബന്ധിച്ചും ഒക്കെ സജീവമായ ചർച്ചകൾ ഈയവസരത്തിൽ ആരംഭിക്കാവുന്നതാണ്.

കേരളത്തിന്റെ വൈദ്യുത ഉപഭോഗം പ്രതിവർഷം അഞ്ച് ശതമാനം എന്നനിരക്കിൽ വർദ്ധിക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 3650മെഗാവാട്ട് വൈദ്യുതിയാണ് ഇന്ന് നാം ഉപയോഗിക്കുന്നത്. ഏതാണ്ട് 1000 മെഗാവാട്ട് വൈദ്യുതി നാം പുറത്തുനിന്നും കണ്ടെത്തുകയാണ്. 2022 ആകുമ്പോഴേക്കും 6500 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈയൊരാവശ്യം പൂർത്തീകരിക്കുന്നതിനായി ഒരു താപനിലയവും അതിരപ്പിള്ളി അണക്കെട്ടുമടക്കമുള്ള പദ്ധതികളാണ് കേരള വൈദ്യുത ബോർഡ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രസരണ-വിതരണ ശൃംഖലകളിലൂടെയുള്ള വൈദ്യുതി നഷ്ടം 20.45% ആണെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ വർത്തമാന ഉപഭോഗവും ഭാവിയിലെ ആവശ്യകത സംബന്ധിച്ച കണക്കുകൂട്ടലുകളും ഒക്കെ പുനപ്പരിശോധനയ്ക്ക് വിധേയമാക്കേണ്ട സംഗതിയാണ്. വൈദ്യുതോപഭോഗത്തിൽ പ്രതിവർഷം അഞ്ച് ശതമാനം വളർച്ച എന്നത് തുടർച്ചയായി അതേരീതിയിൽ തുടരാൻ വിഭവ പ്രതിസന്ധി നേരിടുന്ന ഇക്കാലത്ത് സാധ്യമാകുമോ എന്ന് നാം ഗൗരവമായിത്തന്നെ ആലോചിക്കേണ്ടതുണ്ട്. ഗാർഹിക-വാണിജ്യ മേഖലകളിൽ ഇന്നും നാം കാണിക്കുന്ന ധൂർത്ത് യഥാർത്ഥ ഉപഭോഗവുമായി ബന്ധമില്ലാത്തതാണ്. പുതുതായി വൈദ്യുതി ഉത്പാദനം എന്ന ലക്ഷ്യത്തേക്കാൾ ഉത്പാദിപ്പിക്കുന്ന വൈദ്യുതി കാര്യക്ഷമമായി വിനിയോഗിക്കുക എന്നത് പരമപ്രധാന സംഗതിയാണ്. പ്രസരണ-വിതരണ ശൃംഖലകളിലൂടെ ഇന്ന് നാം പാഴാക്കുന്നത് ഏതാണ്ട് 700 മെഗാവാട്ട് വൈദ്യുതിയാണ്. അധികൃതരുടെ സങ്കല്പത്തിലുള്ള അതിരപ്പിള്ളി പദ്ധതിയുടെ ഏകദേശം നാല് മടങ്ങുവരും ഇത്. പ്രസരണ – വിതരണ മേഖലയിലെ നഷ്ടം 9% വരെയായി കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യ നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങൾ തന്നെ ഫലപ്രദമായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ട്രാൻസ്ഫോർമറുകളുടെയും സർക്യൂട്ട് ലൈനുകളുടെയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും വൈദ്യുത മോഷണം തടഞ്ഞുകൊണ്ടും ഒക്കെ ഇത് പരിഹരിക്കാവുന്നതേയുള്ളൂ. ആദിവാസികളെ കുടിയൊഴിപ്പിച്ചുകൊണ്ടും ശേഷിക്കുന്ന ജൈവസമ്പത്ത് നശിപ്പിച്ചുകൊണ്ടും ഒട്ടും ലാഭകരമല്ലാത്ത അതിരപ്പിള്ളി പദ്ധതി ആരംഭിക്കുന്നതിനേക്കാളും പ്രായോഗികമായ നടപടിയാണിത്. ആത്യന്തിക ഉപയോഗത്തിനുള്ള ഉപകരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും വൈദ്യുത ഉപഭോഗത്തിൽ ഗണ്യമായ കുറവുവരുത്താൻ സാധിക്കും. Demand Side Management-DSM സംബന്ധിച്ച് ഗൗരവമായ ആലോചനകളും ഈയൊരു മേഖലകളിൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ഇടപെടലുകളെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. കാർഷിക-വ്യാവസായിക മേഖലകൾ തൊട്ട് ജീവിതത്തിന്റെ എല്ലാ തുറകളുടെയും ആരോഗ്യകരമായ മുന്നോട്ടുപോക്കിന് ഊർജ്ജം അനിവാര്യമാണ്. അതേസമയം ഊർജ്ജം=വൈദ്യുതി എന്നും, വൈദ്യുതി ഉത്പാദനം= വൻകിട പദ്ധതികൾ എന്നുമുള്ള സമവാക്യങ്ങൾ പൊളിച്ചെഴുതേണ്ട സമയമായിരിക്കുന്നു. പാരിസ്ഥിതിക ബോദ്ധ്യങ്ങളോടുകൂടിയ ബദൽ ഊർജ്ജോത്പാദന നിർദ്ദേശങ്ങളിൽപ്പോലും കേരളത്തിന്റെ വൈദ്യുതാവശ്യം നിറവേറ്റാൻ സൗരോർജ്ജത്തെ മാത്രം ആശ്രയിച്ചാൽ മതിയാകും എന്നുള്ള അപകടകരങ്ങളായ പ്രസ്താവങ്ങൾ കടന്നുവരുന്നത് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഉത്പാദിപ്പിക്കുന്ന വൈദ്യുതി എങ്ങിനെയാണ് നാം വിനിയോഗിക്കാൻ പോകുന്നതെന്ന ആലോചന ആദ്യമേ തന്നെ ഉണ്ടാകേണ്ടതുണ്ട്. പൊതു വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ധൂർത്തുകൾക്ക് അറുതിവരുത്തേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കു

ന്നുവെന്ന് ഇനിയെങ്കിലും നാം മനസിലാക്കുക. വൈദ്യുതി ഉത്പാദനത്തിൽ സാധ്യമായത്രയും വൈവിധ്യങ്ങൾ സൂക്ഷിക്കാനും പ്രാദേശികതലത്തിലുള്ള ഉത്പാദന-ഉപഭോഗ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്യേണ്ടതുണ്ട്. സൗരോർജ്ജ വൈദ്യുതപദ്ധതികളെപ്പോലെത്തന്നെ സൗരോർജ്ജ പാചക സംവിധാനങ്ങളെയും നാം കൂട്ടുപിടിക്കേണ്ടതുണ്ട്. ജൈവവാതക പ്ലാന്റുകൾ, കാറ്റാടി യന്ത്രങ്ങൾ, തിരമാലകളിൽ നിന്നുള്ള വൈദ്യുതി, അണുകിട-ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയവ നമ്മുടെ പരിഗണനയിൽ സജീവമായിരിക്കേണ്ടതുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ കൂട്ടുപിടിച്ചുകൊണ്ടുള്ള വൈദ്യുതോത്പാദനത്തോടൊപ്പം കുറഞ്ഞ ഊർജ്ജവിനിയോഗം ആവശ്യമായി വരുന്ന കെട്ടിട നിർമ്മാണങ്ങളും നമ്മുടെ ആലോചനകളിൽ ഉണ്ടായിരിക്കേണ്ടതുണ്ട്. കുറഞ്ഞ ഊർജ്ജ ഉപഭോഗം മാത്രം ആവശ്യമായിവരുന്ന തരത്തിൽ നമ്മുടെ നഗരങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. (ഇതുമായി ബന്ധപ്പെട്ട പ്രായോഗിക നിർദ്ദേശങ്ങൾ നഗരവൽക്കരണത്തെ സംബന്ധിച്ച ഭാഗങ്ങളിൽ സംക്രമണ നഗരങ്ങൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ളത് ശ്രദ്ധിക്കുക)

സൗരോർജ്ജത്തിലൂടെ വൈദ്യുതി ഉത്പാദപ്പിക്കാനുള്ള കേരളത്തിന്റെ ശേഷി 25000-30000MW ന് ഇടയിലാണെന്ന് വിവിധ കണക്കുകൾ സൂചിപ്പിക്കുന്നു.

## ദീർഘകാല-ഹ്രസ്വകാല നടപടികൾ

- ഊർജ്ജ പ്രതിസന്ധിയെ വൈദ്യുത പ്രതിസന്ധി മാത്രമായി ചുരുക്കുന്ന കാഴ്ചപ്പാട് മാറ്റുക.
- എല്ലാ ജീവജാലങ്ങളും ജീവിക്കാനുള്ള ഊർജ്ജം തേടുന്നത് മണ്ണിൽ നിന്നാണ്. മണ്ണിന്റെ ജൈവാംശം കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അതിനെ ഒരു പ്രധാന ഊർജ്ജ നഷ്ടമായി പരിഗണിച്ചുകൊണ്ട് മണ്ണിലെ ജൈവാംശം പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
- എനർജി ഓഡിറ്റിംഗ് നടത്തുക.
- പാചക മേഖലയിലെ ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകുക (വുഡ് ഗ്യാസ് സ്റ്റൗ, സൗരോർജ്ജ ചൂളകൾ, ജൈവവാതക പ്ലാന്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുക).
- പ്രസരണ-വിതരണ നഷ്ടം 9% ആയി കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ട്രാൻസ്ഫോർമറുകളുടെയും സർക്യൂട്ട് ലൈനുകളുടെയും എണ്ണം വർദ്ധിപ്പിക്കുക.
- വൈദ്യുതോപകരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക. Demand Side Management ൽ ശ്രദ്ധയൂന്നുക.
- പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ ഓഫീസുകൾ/സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ കാർബൺപാദമുദ്ര പ്രതിവർഷം അഞ്ച് ശതമാനമായി കുറയ്ക്കുന്നതിനുള്ള ശ്രമമാരംഭിക്കുക.
- കുറഞ്ഞ ഊർജ്ജ വിനിയോഗം ആവശ്യമായിവരുന്ന കെട്ടിടനിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുക.
- അതിരപ്പിള്ളി ഉൾപ്പെടെയുള്ള വലിയ ജലവൈദ്യുത പദ്ധതികൾ ഉപേക്ഷിക്കുക. പകരം ലഭ്യമായ വൈദ്യുതി എങ്ങനെ കാര്യക്ഷമമായി ഉപയോഗിക്കാം എന്ന ആലോചനകൾ നടത്തുക. പരിസ്ഥിതി സൗഹൃദപരവും വികേന്ദ്രീകൃതവുമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- അമിത സോളാർവത്കരണം വെയ്സ്റ്റേജ് കൂട്ടുകയും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും എന്ന വസ്തുത പരിഗണിച്ച് വൈവിദ്ധ്യമുള്ള ഊർജ്ജസ്രോതസ്സുകൾക്ക് പ്രാമുഖ്യം നൽകുക. ഫോട്ടോവോൾട്ടയ്ക്ക് സോളാർ സെല്ലുകൾ (photovoltaic solar cell) സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിച്ച് പകരം സോളാർ കോൺസെൻട്രേറ്ററുകൾക്ക് (solar concentrator) പ്രാമുഖ്യം നൽകുക.
- ഉയർന്ന തോതിൽ ഊർജ്ജം ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഡിസൈൻ കുറഞ്ഞ തോതിൽ ഊർജ്ജം ഉപയോഗിക്കുന്ന തരത്തിൽ പുനക്രമീകരിക്കുക. അതിനുള്ള സാങ്കേതികവിദ്യകൾ വികസിപ്പിക്കുക.
- നഗരങ്ങളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി നഗരങ്ങളെ പുനരാസൂത്രണം ചെയ്യുക.
- വൈദ്യുത ധൂർത്ത് കർശനമായി തടയുക.
- പഞ്ചായത്ത്-മുനിസിപ്പൽ തലങ്ങളിലെ ഊർജ്ജ ഉപഭോഗം കണക്കാക്കിയതിനുശേഷം പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്യുക. കാറ്റ്, സൗരോർജ്ജം, തിരമാല, ജൈവോർജ്ജം, ചെറുകിട-അണുകിട ജല പദ്ധതികൾ (Mini-Micro Hydel Projects)എന്നിവ പ്രദേശത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമാകുന്ന രീതിയിൽ തയ്യാറാക്കുക.
- പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കി ഇന്ധന ഉപയോഗം കുറച്ചുകൊണ്ടുവരുക. സ്വകാര്യ വാഹനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുക.
- ഊർജ്ജ ഉപഭോഗത്തെക്കുറിച്ചുള്ള ബോധവത്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുക. ഊർജ്ജ വിദ്യാലയങ്ങൾ സ്ഥാപിക്കുക. ❑

# ആരോഗ്യം

ആരോഗ്യപരമായി ജീവിക്കുവാനുള്ള സഹജശേഷിയുമായിട്ടാണ് മനുഷ്യൻ പിറന്നുവീഴുന്നത്. അത്തരമൊരു ജീവിതം മുന്നോട്ടുനയിക്കുന്നതിനാവശ്യമായ ഭൗതികവും മാനസികവുമായ അന്തരീക്ഷം ഒരുക്കുക എന്നതാണ് ഒരു സമൂഹത്തിന്റെ കടമ. ശുദ്ധവായു, ശുദ്ധജലം, വിഷമുക്തമായ ഭക്ഷണം, മാലിന്യരഹിതമായ ചുറ്റുപാടുകൾ, സമ്മർദ്ദരഹിതമായ സാമൂഹ്യാന്തരീക്ഷം എന്നിവയാണ് മനുഷ്യന്റെ ആരോഗ്യത്തെ നിലനിർത്തുന്നതിനുള്ള ഘടകങ്ങൾ. ഈ അടിസ്ഥാന ഘടകങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ സമൂഹവും സമൂഹത്തെ നയിക്കുന്ന ഭരണസംവിധാനങ്ങളും പരാജയപ്പെടുമ്പോഴാണ് അനാരോഗ്യത്തോടുകൂടിയ ഒരു ജനത പിറവിയെടുക്കുന്നത്. ശാരീരികമായ അവശതകൾ മാത്രമല്ല, സ്വന്തം സമൂഹത്തിലെ അനീതികളോടും അസമത്വങ്ങളോടും പ്രതികരിക്കാതിരിക്കുന്നതും രോഗാതുരമായ ഒരു സമൂഹത്തിന്റെ ലക്ഷണമായി കണക്കാക്കപ്പെടണം. മാനസികമായ അവശത പിടിപെട്ട ഒരു സമൂഹത്തിലാണ് ഫാസിസത്തിന്റെയും ജാതി-മത വർഗ്ഗീയ ശക്തികളുടെയും വളർച്ച സജീവമാകുന്നതെന്ന് നാം മനസിലാക്കേണ്ടതുണ്ട്.

കേരളത്തിന്റെ പ്രത്യേകതകളിലൊന്നായി നാം ഉയർത്തിക്കാട്ടിയിരുന്ന ആരോഗ്യമേഖല ഇന്ന് വലിയ തോതിലുള്ള തിരിച്ചടികളെ നേരിടുകയാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. കുറഞ്ഞ ശിശുമരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം എന്നിവയൊക്കെയും ആരോഗ്യമേഖലയിലെ നമ്മുടെ നേട്ടങ്ങളുടെ സൂചകങ്ങളാണ്. എന്നാൽ ഭൗതിക സൗകര്യങ്ങളെ മുൻപിൻ നോക്കാതെ വാരിപ്പുണർന്നതോടുകൂടി നാം നേടിയെടുത്തവയൊക്കെ ഒന്നൊന്നായി പടിയിറങ്ങിപ്പോകാൻ തുടങ്ങി എന്നായിരിക്കുന്നു. ജീവിതശൈലിയിൽ വന്നമാറ്റവും ആശുപത്രികളുടെ പെരുപ്പവും ക്രമാതീതമായ മരുന്നുതീറ്റയും ഒക്കെച്ചേർന്ന് രോഗാതുരമായ ഒരു സമൂഹമായി കേരളത്തെ മാറ്റിയിരിക്കുന്നു. ആരോഗ്യകരമായി ജീവിക്കുവാനുള്ള അന്തരീക്ഷം ഒരുക്കുക എന്നതിന് പകരം രോഗം വന്നവരെ ചികിൽസിക്കുക എന്ന പദ്ധതിക്കാണ് ഭരണാധികാരികൾ പ്രാധാന്യം നൽകുന്നതെന്ന് കാണാം. ഇവിടെ വളർന്നുവരുന്ന ആശുപത്രി-ഔഷധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഹെൽത്ത് ടൂറിസം പോലുള്ള പദ്ധതികൾ പോലും ആരോഗ്യത്തെ എങ്ങിനെ ഒരു വിൽപനച്ചരക്കാക്കി മാറ്റാം എന്ന അന്വേഷണത്തിൽ നിന്നും ഉയർന്നുവരുന്ന ഒന്നാണ്.

വർദ്ധിച്ചുവരുന്ന പ്രമേഹം, കാൻസർ, മറ്റ് ജീവിതശൈലീരോഗങ്ങൾ എന്നിവയ്ക്ക് നാം ജീവിക്കുന്ന ചുറ്റുപാടുകൾ, തുടർന്നുവരുന്ന വികസന സമ്പ്രദായങ്ങൾ എന്നിവയുമായുള്ള ബന്ധങ്ങളെ പരിശോധനാവിധേയമാക്കേണ്ടതുണ്ട്. നാം ജീവിക്കുന്ന പരിസരങ്ങളും നമ്മുടെ ഭക്ഷണസാധനങ്ങളും എങ്ങിനെ വിഷമയമായി എന്നതും സമ്മർദ്ദപൂർണ്ണമായ സാമൂഹ്യാന്തരീക്ഷത്തിൽ ജീവിക്കേണ്ടിവരുന്നതെങ്ങിനെ എന്നും പരിശോധിക്കുമ്പോൾ ലാഭാധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥയും അതിനെ പരിപോഷിപ്പിക്കുന്ന വികസന രീതികളുമാണ് പ്രശ്നത്തിന്റെ മൂലകാരണങ്ങളെന്ന് കണ്ടെത്താൻ കഴിയും. ഈയൊരു തിരിച്ചറിവ് ആരോഗ്യമേഖലയിൽ വരുത്തേണ്ട ഏതാനും പരിഷ്കരണങ്ങളിലൂടെയല്ല മറിച്ച് സമസ്ത മേഖലകളിലുമുള്ള സമൂലമായ പരിവർത്തനത്തിലൂടെ മാത്രമേ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലേക്ക് എത്തിപ്പെടാൻ സാധിക്കുകയുള്ളൂ എന്നതിലേക്ക് നമ്മെ നയിക്കുന്നു. അതേസമയം ആരോഗ്യമേഖലയിലെ അനാശാസ്യ പ്രവണതകൾക്ക് എത്രയും പെട്ടെന്ന് തടയിടേണ്ടത് അത്യാവശ്യമായ സംഗതിയാണ്. വൻകിട ഔഷധ കമ്പനികളുടെ കൈകളിലേക്ക് മനുഷ്യന്റെ ആരോഗ്യവും ജീവനും വിട്ടുകൊടുക്കുന്നതിനെതിരെ അതിശക്തമായ പ്രതിഷേധങ്ങൾ ഉയരേണ്ടതുണ്ട്. പൗരന്റെ ആരോഗ്യമെന്നത് തെരഞ്ഞെടുക്കപ്പെട്ട ഭരണസംവിധാനങ്ങളുടെ ഉത്തരവാദിത്വമാണ് എന്ന ബോദ്ധ്യത്തിൽ നിന്നുകൊണ്ട് ആരോഗ്യമേഖലയിലെ നയരൂപീകരണത്തിന് മുതിരേണ്ടതുണ്ട്.

രോഗപ്രതിരോധ നടപടികളെയും വാക്സിനേഷനുകളെയും സംബന്ധിച്ച് ആഗോള വ്യാപകമായിത്തന്നെ പുനർവിചിന്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലത്തുപോലും അശാസ്ത്രീയവും അപകടകരവുമായ രോഗപ്രതിരോധ നടപടികളാണ് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ 'ഉയർന്ന ആരോഗ്യ സാക്ഷരത'യെ ചൂഷണം ചെയ്തുകൊണ്ട് പുതിയ വാക്സിൻ പരീക്ഷണങ്ങൾ നടത്തുന്നതിന് കമ്പനികൾക്ക് അവസരം ലഭിക്കുന്നുണ്ട്. 1993ൽ ആരംഭിച്ച പോളിയോ നിർമ്മാർജ്ജന പരിപാടിയായ 'പൾസ് പോളിയോ' ജനകീയ സംരംഭമായി വളർത്താൻ സർക്കാരുകൾക്ക് സാധിച്ചു. തുടർന്ന് പെന്റാവാലന്റും, റൂബെല്ലോയും, റോട്ടാവൈറസ് വാക്സിന്റെയും ഒക്കെ പരീക്ഷണ പ്രയോഗങ്ങൾ നടക്കുന്നത് കേരളത്തിലാണെന്നത് യാദൃശ്ചികമല്ല. ശാസ്ത്രയുക്തിക്കപ്പുറം കമ്പോളയുക്തി വിജയിക്കുന്ന 'ശാസ്ത്രീയ-സാമൂഹിക' പരിസരം മറ്റെല്ലാ മേഖലയിലുമെന്നപോലെ കേരളത്തിലെ ആരോഗ്യമേഖലയിലും നിലനിൽക്കുന്നുണ്ട്. ജനപക്ഷത്തു നിന്നുകൊണ്ടുള്ള വാക്സിൻ നയമോ, ആരോഗ്യനയമോ രൂപീകരിക്കുവാൻ നാളിതുവരെ നമുക്ക് സാധിച്ചിട്ടില്ല.

രോഗനിർമ്മാർജ്ജനത്തിനും രോഗവ്യാപനം തടയിടുന്നതിനും അത്യന്താപേക്ഷിതമായിട്ടുള്ളത് രോഗം

പകരാനുള്ള സാഹചര്യങ്ങളെ പ്രതിരോധിക്കുക എന്ന താണ്. ഇത്തരമൊരു പ്രതിരോധം രൂപപ്പെടുത്തുന്ന തിനാവശ്യമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുന്നതി ലാണ് ശ്രദ്ധചെലുത്തേണ്ടത്. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ, പരിസ്ഥിതി മലിനീകരണം കുറയ്ക്കൽ, സുരക്ഷിതമായ മാലിന്യനിർമ്മാർജ്ജന സംവിധാനം, വിഷരഹിതമായ ഭക്ഷണം ലഭ്യമാക്കൽ, മനുഷ്യാന്ത സ്സിന് ചേർന്നവിധം ജീവിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കൽ (തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ജാതീയമായ വേർതിരിവുകളും സാമൂ ഹ്യമായ ഉച്ചനീചത്വങ്ങളും ഇല്ലാതാക്കൽ, മത-ലിംഗ ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതമായ ജീവിത സാഹ ചര്യങ്ങൾ ഒരുക്കൽ എന്നിവയൊക്കെയും സുപ്രധാന ഘടകങ്ങളാണ്. ആശങ്കയിലും ഉത്കണ്ഠയിലും ജീവി ക്കേണ്ടിവരുന്ന ഒരു സമൂഹത്തിന്റെ ആരോഗ്യാവസ്ഥ എപ്പോഴും പരിതാപകരമായിരിക്കും). അതുപോലെ തന്നെ സുപ്രധാനമായ സംഗതി, സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ്. തൊഴിലിടങ്ങളിലെ സ്ത്രീകൾ അനുഭവിക്കുന്ന വിവി ധതരത്തിലുള്ള മാനസിക പിരിമുറുക്കങ്ങൾ അവരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. സ്ത്രീകൾക്ക് ഉപയോഗിക്കാവുന്ന വൃത്തിയുള്ള പൊതു ടോയ്‌ലറ്റുകൾ ആവശ്യമായതോതിൽ ഇല്ല എന്നതിന്റെ പേരിൽ മാത്രം സ്ത്രീകളിലെ മൂത്രാശയ രോഗങ്ങൾ കേരളത്തിൽ കൂടിവരികയാണ് എന്ന വസ്തുത ഗൗരവമായി പരിഗണിക്കേണ്ടതാണ്.

2014ലെ കണക്കനുസരിച്ച് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മാത്രം 300 കോടി രൂപയ്ക്കുള്ള അലോപ്പതി ഔഷധങ്ങൾ ചെലവഴിക്കപ്പെടുന്നുണ്ട്. കേരളത്തിലെ 70ശതമാനം ജനങ്ങളും രോഗശമനത്തി നായി സ്വകാര്യ ആശുപത്രികളെയാണ് സമീപിക്കു ന്നത്. ഇതുവെച്ചുനോക്കുമ്പോൾ പ്രതിവർഷം ഏതാണ്ട് 4000–5000 കോടി രൂപയുടെ അലോപ്പതി മരു ന്നുകളാണ് കേരളീയ സമൂഹം ഉപയോഗിച്ചുതീർക്കു ന്നത്. ആശുപത്രികളും ഔഷങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും അടങ്ങുന്ന പതിനായിരക്കണക്കിന് കോടി രൂപയുടെ ആകർഷകമായ വ്യവസായമായി മാറിയിരിക്കുന്നു ഇവിടുത്തെ ആരോഗ്യമേഖലയെന്ന് നാം ചിന്തിക്കണം. അലോപ്പതി മേഖലയുടെ മാത്രം കാര്യമല്ലിത്. ആയുർവ്വേദം പോലുള്ള പരമ്പരാഗത ആരോഗ്യരക്ഷാ സംവിധാനങ്ങളും ഈ രീതിയിൽ വൻതോതിലുള്ള വാണിജ്യവൽക്കരണത്തിന് വിധേ യമായിട്ടുണ്ട്.

ആരോഗ്യമേഖല വ്യവസായമായി മാറിയതോടു കൂടി ആ മേഖലയിൽ കുത്തക കമ്പനികളുടെ സ്വാധീനം പ്രകടമായ തോതിൽ വളർന്നുവരികയാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണഘടനാ സ്ഥാപനങ്ങൾക്കും നീതിന്യായ സംവിധാനങ്ങൾക്കും ഉപരിയായി ഔഷ ധകമ്പനികളും നിക്ഷിപ്ത താത്പര്യക്കാരും മേൽക്കൈനേടുന്ന അവസ്ഥയാണിപ്പോഴുള്ളത്. ഔഷ ധങ്ങളുടെ വില നിശ്ചയിക്കുന്നതിൽ സ്വകാര്യ കമ്പ നികൾക്ക് അധികാരം ലഭിക്കുന്നതും ഡോക്ടർമാരുടെ പെരുമാറ്റച്ചട്ടങ്ങളും വൈദ്യ സദാചാര വ്യവസ്ഥകളും നിഷ്കർഷിക്കുന്നതും അവ സംബന്ധിച്ച് നിയമങ്ങ ളുണ്ടാക്കുന്നതും അവയ്ക്ക് മേൽനോട്ടം വഹിക്കുന്ന തുമായ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ചട്ടലം ഘനങ്ങൾക്കെതിരെ നടപടികളുണ്ടാകാതെ പോകു ന്നതും ഒക്കെ ഇതുകൊണ്ടാണ്. പെപ്സികോ, ഡാബർ തുടങ്ങിയ കുത്തക കമ്പനികളുടെ ഭക്ഷ്യോത്പന്ന ങ്ങൾക്ക് വൈദ്യസദാചാര സംഹിതകൾക്ക് വിരുദ്ധ മായി സാക്ഷ്യപത്രം നൽകി പ്രതിഫലം കൈപ്പറ്റുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നടപടികൾ ചോദ്യം ചെയ്യാതെ തുടരുന്നതും ഈ മേഖലയിലെ സാമ്പത്തിക താൽപര്യങ്ങൾ നമ്മുടെ ഭരണഘടനാ അവകാശങ്ങളെക്കാളും ഉപരിയായി നിലനിൽക്കുന്ന തുകൊണ്ടാണ്.

ആരോഗ്യത്തോടുകൂടി ജീവിക്കുവാനുള്ള പൗരന്റെ അവകാശത്തെ മാനിച്ചുകൊണ്ട് അതിനാവ ശ്യമായ അന്തരീക്ഷം സൃഷ്ടിച്ചുകൊടുക്കുക എന്ന താണ് ഭരണകൂട സ്ഥാപനങ്ങളുടെ കർത്തവ്യം. പൗരന് അവന്റെ ആരോഗ്യസംരക്ഷണത്തിനായി ഏത് ചികിത്സാ മേഖലയും സ്വീകരിക്കുവാനുള്ള അവസരം ലഭ്യമാകേണ്ടതുണ്ട്. ഏതെങ്കിലും ഒരു മേഖലയുടെ അപ്രമാദിത്വം അംഗീകരിച്ചുകൊടുക്കലല്ല, മറിച്ച്, ഓരോ ചികിത്സാ മേഖലകളെയും അവയുടെ സ്വത്വം നഷ്ടപ്പെടുത്താതെതന്നെ അതിന്റെ ഗുണങ്ങൾ പ്രായോഗിക തലത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിലായിരിക്കണം സർക്കാരിന്റെ ശ്രദ്ധ.

## പൊതുവായ നിർദ്ദേശങ്ങൾ

- സമൂഹത്തിന്റെ ആരോഗ്യത്തിന് പ്രാമുഖ്യം നൽകു ന്നതും, രോഗത്തിന്റെ സാമൂഹിക കാരണങ്ങളെ സംബന്ധിച്ച വസ്തുതകൾ പരിഗണിക്കുന്നതുമായ ആരോഗ്യനയം രൂപപ്പെടുത്തുക. കേവലം ചികിത്സ യിൽ മാത്രം ഊന്നുന്ന പൊതുജനാരോഗ്യനയം ഉപേ ക്ഷിക്കുക.
- ആരോഗ്യരംഗത്തെ പൊതുമേഖലയിൽ തന്നെ ഉറ പ്പിച്ചുനിർത്തുക.
- സ്വകാര്യ ആശുപത്രികളെയും രോഗനിർണ്ണയ സെന്ററുകളെയും നിയന്ത്രിക്കുന്നതിനും പ്രവർത്തന ങ്ങൾ നിരീക്ഷിക്കുന്നതിനും നിയമനിർമ്മാണം നട ത്തുക.
- അവശ്യ മരുന്നുകൾ പൊതുവിപണിയിൽ ലഭ്യമാ ക്കുക. ലോകവ്യാപാര സംഘടനയുടെ നിബ ന്ധനപ്രകാരം പേറ്റന്റ് നിയമം പരിഷ്കരിക്കുകയും ഔഷധ വിലനിയന്ത്രണ നിയമം അട്ടിമറിക്കുകയും ചെയ്തതുവഴിയുണ്ടായ ജീവൻരക്ഷാ മരുന്നുകളുടെ വിലക്കയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുക.
- ജനറിക് മരുന്നുകൾ മിതമായ വിലയ്ക്ക് ഉപഭോ

ക്താവിന് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

● താഴെത്തട്ടിലുള്ള ആശുപത്രികളുടെ നിയന്ത്രണം പഞ്ചായത്തടക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

● ഭക്ഷണം, കുടിവെള്ളം, ശുചിത്വമുള്ള പരിസരം എന്നിവയിലൂന്നിയുള്ള പ്രതിരോധ നടപടികൾക്ക് പ്രാമുഖ്യം നൽകുക. പകരം പ്രതിരോധ കുത്തിവെപ്പുകൾക്ക് പ്രാമുഖ്യം നൽകുന്ന നടപടി ആശാസ്യമല്ല.

● വ്യത്യസ്ത ചികിത്സാ സമ്പ്രദായങ്ങളെ (അലോപ്പതി, ആയുർവ്വേദം, ഹോമിയോ, പ്രകൃതിചികിത്സ, സിദ്ധ -യുനാനി, പാരമ്പര്യ ചികിത്സ എന്നിവ) സംയോജിപ്പിക്കുന്ന സ്ഥാപനങ്ങൾ വികസിപ്പിക്കുകയും അവ പൊതു ഉടമസ്ഥതയിൽ കൊണ്ടുവരുകയും ചെയ്യുക.

● രോഗനിർണ്ണയ സംവിധാനങ്ങൾ നിർബ്ബന്ധമായും പൊതു ഉടമയിൽ ആയിരിക്കേണ്ടതുണ്ട്. വിദഗ്ദ്ധരായ ആളുകളുടെ മേൽനോട്ടത്തിലാണ് രോഗനിർണ്ണയം നടക്കുന്നതെന്ന് ഉറപ്പുവരുത്തുകയും വേണം.

● മറ്റ് ആരോഗ്യശാഖകളെപ്പോലെ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളും പാവപ്പെട്ട രോഗികൾക്ക് പ്രാപ്യമാകുന്ന രീതിയിൽ ചെലവുകുറഞ്ഞതായി മാറേണ്ടതുണ്ട്. സർക്കാർ ഉടമസ്ഥതയിൽ ജില്ലാതലത്തിലെങ്കിലും പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടിയെടുക്കുക.

● മരുന്നുകളുടെ ഗുണനിലവാരം, വില എന്നിവ നിശ്ചയിക്കുന്നതിൽ സർക്കാരിന്റെ സമ്പൂർണ്ണ നിയന്ത്രണങ്ങളുണ്ടാകണം.

● ചികിത്സാ സേവന സ്ഥാപനങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങളും അവയവദാന വ്യാപാരങ്ങളും നിയന്ത്രിക്കപ്പെടണം. ആരോഗ്യസ്ഥാപനങ്ങളിൽ നടക്കുന്ന സേവനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളും നിബന്ധനകളും പുനഃസൃഷ്ടിക്കണം.

● ആരോഗ്യസേവന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതികൾ ഉടനടി തീർപ്പാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

● പുതിയ സാംക്രമിക രോഗങ്ങൾ രോഗാണുക്കൾ കാരണമുണ്ടാകുന്നതാണോ അതോ മനുഷ്യന്റെ സ്വാഭാവിക രോഗപ്രതിരോധ ശേഷി നശിക്കുന്നതു കൊണ്ട് ഉണ്ടാകുന്നതാണോ എന്ന് വിശദമായ പഠനം നടത്തുക. രോഗപ്രതിരോധ ശേഷി നിലനിർത്താനുള്ള കാര്യങ്ങൾക്കും ആരോഗ്യനയങ്ങളിൽ പ്രാമുഖ്യം നൽകുക.

● ഇന്ത്യയിൽ 45 ശതമാനം കുട്ടികൾ പോഷക വൈകല്യം കാരണം സ്വാഭാവികമായ ആരോഗ്യമോ രോഗപ്രതിരോധശേഷിയോ ഇല്ലാത്തവരാണെന്ന (ഡോ. ബിനായക് സെൻ അടക്കമുള്ളവരുടെ പഠനങ്ങൾ) വസ്തുത അടിയന്തരമായി പരിഗണിച്ച്, ഇത്തരം കുട്ടികളിൽ വാക്സിനേഷൻ വഴിയുള്ള രോഗപ്രതിരോധത്തിന് ശ്രമിക്കുന്നതിന് പകരം പോഷകസമൃദ്ധവും ആരോഗ്യകരവുമായ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിന് പ്രാമുഖ്യം കൊടുക്കുക.

● ആരോഗ്യവിദ്യഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുക. ആരോഗ്യത്തെ നശിപ്പിക്കുന്ന ദുശ്ശീലങ്ങളെക്കുറിച്ചും പാക്കറ്റ്ഫുഡ്-ഫാസ്റ്റ്ഫുഡ്- ശീതളപാനീയങ്ങൾ എന്നിവയുടെ പ്രശ്നങ്ങളക്കുറിച്ചും വ്യക്തമായ പഠനങ്ങൾ നടത്തി അവ നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള നയം രൂപീകരിക്കുക.

● മരുന്നുകളെ ആശ്രയിക്കാതെ, വിശ്രമത്തിലൂടെയും വ്യായാമത്തിലൂടെയും പരിഹരിക്കാൻ കഴിയുന്ന രോഗങ്ങൾക്ക് അത്തരത്തിലുള്ള ചികിത്സകൾ നിർദ്ദേശിക്കുകയും ആ നിർദ്ദേശം രോഗിക്ക് പാലിക്കാൻ കഴിയുന്ന സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക.

● ഏത് ചികിസ്താ സമ്പ്രദായം സ്വീകരിക്കണം എന്ന് തീരുമാനിക്കുന്നതിനുള്ള മൗലിക അവകാശം പൗരർക്ക് ഉറപ്പുവരുത്തുക.

● മാനസികാരോഗ്യ ചികിത്സാരംഗത്തെ വാണിജ്യ താത്പര്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവയെ നിയന്ത്രിക്കുക.

● ആയുർവേദ മരുന്നുനിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുക. ആയുർവേദ മരുന്നുകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം മായംചേർക്കലിനും സബ്സ്റ്റിറ്റ്യൂഷനും കാരണമാകുന്നുണ്ട്. മരുന്ന് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ (ഔഷധ സസ്യങ്ങൾ) അമിതമായി ചൂഷണം ചെയ്യുന്നതിനും ഇത് കാരണമാകുന്നു. ആയുർവേദ മരുന്നുകളുടെ വാണിജ്യവത്കരണം തടയുന്നതിന് നിയമം കൊണ്ടുവരുക.

● ആയുർവേദത്തിന്റെ വാണിജ്യവത്കരണത്തിന് ആക്കംകൂട്ടുന്ന ആയുർവേദ ടൂറിസത്തിന് നിയന്ത്രണം കൊണ്ടുവരുക.

● പ്രാദേശികമായി ലഭ്യമായ പച്ചമരുന്നുകൾ ഉപയോഗിച്ച് നടത്താൻ കഴിയുന്ന ചികിത്സകളെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകുകയും പരമാവധി സ്വയംപര്യാപ്തരാക്കുകയും ചെയ്യുക.

● വൈദ്യ സദാചാര സംഹിതകൾക്ക് വിരുദ്ധമായി കുത്തക കമ്പനികളുടെ ഭക്ഷ്യോത്പന്നങ്ങൾക്ക് സാക്ഷ്യപത്രം നൽകി പ്രതിഫലം കൈപ്പറ്റുന്ന ഇന്ത്യൻ മെഡിക്കൽ അസോസിയേഷനെതിരെ നടപടി സ്വീകരിക്കുക. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും വിധം വാണിജ്യ ഉത്പന്നങ്ങൾക്ക് സാക്ഷ്യപത്രം നൽകുന്ന ഐ.എം.എ നടപടി നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുക. ❑

# വ്യവസായം/വ്യാവസായിക മലിനീകരണം/ തൊഴിൽ/സഹകരണ സംഘങ്ങൾ

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യാവസായിക വികസനം വളരെ കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഉയർന്ന ജനസാന്ദ്രതയും കുറഞ്ഞ സ്ഥല ലഭ്യതയും കേരളത്തിന്റെ വ്യാവസായിക വികസനത്തെ പിറകോട്ട് നയിച്ചു എന്നതാണ് വാസ്തവം. അതേസമയം വ്യാവസായിക വികസനത്തിന്റെ പേരിൽ കേരളത്തിൽ അവതരിപ്പിക്കപ്പെട്ട രാസവ്യവസായങ്ങൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലോ തൊഴിൽ മേഖലയിലോ ഗണ്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്ന് മാത്രമല്ല അക്കാര്യത്തിലെ ദീർഘവീക്ഷണമില്ലായ്മ വൻതോതിലുള്ള പാരിസ്ഥിതിക പ്രതിസന്ധികൾക്ക് കാരണമായി മാറിയിട്ടുണ്ടെന്ന് ഇന്ന് നാം തിരിച്ചറിയുന്നു. കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാണെന്ന ഒറ്റക്കാരണത്താലായിരുന്നു രാസവ്യവസായങ്ങൾ കേരളത്തിലേക്ക് ആകർഷിക്കപ്പെട്ടത്. രാസവ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വിഭവങ്ങൾ നൽകാൻ കേരളത്തിന് സാധ്യമായിരുന്നില്ല. വൈദ്യുത മേഖലയിലെ ധാരാളിത്തത്തിന്റെ കാലം അസ്തമിച്ചതോടുകൂടി ഈ വ്യവസായങ്ങളൊക്കെയും സംസ്ഥാനത്തിന് ഭാരമായി മാറിക്കഴിഞ്ഞിരുന്നു. അതോടൊപ്പം തന്നെ പെരിയാറടക്കമുള്ള നദികൾ ഏതാണ്ട് പൂർണ്ണമായും തന്നെ വിഷലിപ്തമാക്കി മാറുന്ന കാഴ്ചകളാണ് ഇക്കാലയളവിൽ നാം കണ്ടത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനെന്ന പേരിൽ പ്രകൃതി വിഭവങ്ങൾ വൻകിട കമ്പനികൾക്ക് തുച്ഛവിലയ്ക്ക് നൽകിയപ്പോൾ തകർക്കപ്പെട്ടത് ലക്ഷക്കണക്കിന് ആളുകൾ തൊഴിൽ ചെയ്തിരുന്ന പരമ്പരാഗത തൊഴിൽ മേഖലയായിരുന്നു എന്ന സത്യം തിരിച്ചറിയുമ്പോഴേക്കും നമ്മുടെ വിഭവങ്ങൾ മുഴുവനായും കൊള്ളയടിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

മാവൂരിൽ സ്ഥാപിച്ച ഗ്വാളിയോർ റയൺസ് കമ്പനി കേരളത്തിലെ ഈറ്റക്കാടുകൾ മുഴുവൻ നശിപ്പിക്കുകയും പരമ്പരാഗത ഈറ്റത്തൊഴിൽ മേഖലയെ നാമാവശേഷമാക്കുകയും ചാലിയാർ പുഴയെ മലീമസമാക്കുകയും ചെയ്തപ്പോൾ അതിനെതിരെ ഒരു ജനതയ്ക്ക് പ്രക്ഷോഭരംഗത്തേക്കിറങ്ങേണ്ടിവന്നു. പ്ലാച്ചിമടയിൽ കൊക്കകോളയ്ക്കും കാതിക്കുടത്ത് എൻജിഎല്ലിനും എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് വ്യാവസായിക വികസനത്തിന് വേണ്ടിയായിരുന്നു. ജനങ്ങളുടെ കുടിവെള്ളവും കൃഷിഭൂമിയും മലീമസമാക്കുന്ന, പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്ന ഈ കോർപ്പറേറ്റ് നീരാളികളെ കുടഞ്ഞെറിയാൻ ഒടുവിൽ പ്രദേശവാസികൾക്ക് സ്വയം സംഘടിതരാകേണ്ടിവന്നു. ടാറ്റയ്ക്കും ഹാരിസണും പോബ്സണും കേരളത്തിലെ വനഭൂമിയും മലകളും തീറെഴുതിക്കൊടുത്തപ്പോൾ ജനങ്ങൾക്ക് നഷ്ടമായത് അവർക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന ശുദ്ധജലവും ശുദ്ധവായുവും കിടപ്പാടവുമായിരുന്നു. ഈ കൊള്ളക്കൊടുക്കലുകൾക്ക് കൂട്ടുനിൽക്കാൻ കേരളത്തിലെ എല്ലാ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളും ഉണ്ടായിരുന്നു എന്നത് നിസ്തർക്കമായ കാര്യമാണ്.

നിലനിൽക്കുന്ന വ്യവസായങ്ങളോടുള്ള സമീപനങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണ്. അന്തരീക്ഷ-ജല മലിനീകരണത്തിന്റെ ഇരകളായി കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ജനങ്ങൾ പ്രക്ഷോഭരംഗത്തിറങ്ങിയിരിക്കുകയാണ്. ഏറണാകുളം ജില്ലയിലെ ഏലൂർ വ്യവസായ മേഖല തൊട്ട് കോഴിക്കോട് ജില്ലയിലെ കാക്കഞ്ചേരി വരെയുള്ള പ്രദേശങ്ങൾ വ്യവസായ മലിനീകരണത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുവരികയാണ്. വ്യാവസായിക വികസനത്തിന്റെയും തൊഴിലവസരങ്ങളുടെയും പേരിൽ ഒരു ജനതയെ മുഴുവൻ മലിനീകരണത്തിന്റെ ഇരകളാക്കാൻ നമുക്ക് സാധ്യമല്ല. വ്യാവസായിക മലിനീകരണം തടയിടാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വ്യവസായിക മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാത്തത് സാങ്കേതികവിദ്യകളുടെ അഭാവം കൊണ്ടല്ല, മറിച്ച് അതിന് കമ്പനികളെ നിർബ്ബന്ധിക്കുന്നതരത്തിലുള്ള ശക്തമായ ഭരണസംവിധാനം ഇല്ലാത്തതുകൊണ്ടുകൂടിയാണെന്ന് നാം മനസിലാക്കേണ്ടതുണ്ട്. വ്യാവസായിക മലിനീകരണത്തിന്റെ ഏറ്റവും കടുത്ത ഇരയായ പെരിയാർ നദി 2015ൽ മാത്രം 44തവണ ചുവന്ന് കലങ്ങിയാണ് ഒഴുകിയതെന്ന വസ്തുത മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോട് സർക്കാരിനും കമ്പനികൾക്കുമുള്ള മനോഭാവത്തെയാണ് കാണിക്കുന്നത്. ഇത് പെരിയാറിന്റെ മാത്രം കാര്യമല്ല, ചാലക്കുടിപ്പുഴയുടെയും ഭാരതപ്പുഴയുടെയും ഒക്കെ കാര്യമാണെന്നറിയുക. ഏലൂർ വ്യവസായ മേഖലയിൽ പ്രതിദിനം പെരിയാറിലേക്കൊഴുക്കിവിടുന്ന നിർഗ്ഗമന ജലം 300 ദശലക്ഷം ലിറ്ററാണെന്ന് കണക്കാക്കിയിട്ടുണ്ട്. കൊച്ചി നഗരവാസികൾ ഒരുദിവസം ഉപയോഗിക്കുന്ന കുടിവെള്ളത്തിന് തുല്യമാണിത്. വ്യവസായശാലകളിൽ നിന്നൊഴുക്കിവിടുന്ന നിർഗ്ഗമനജലം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുന്നത് ജനങ്ങളുടെ ആരോഗ്യത്തോടുള്ള വെല്ലുവിളിയായിത്തന്നെ പരിഗണിക്കേണ്ടതുണ്ട്. വെള്ളം-വായു എന്നിവയുടെ കാര്യത്തിൽ സീറോ ഡിസ്ചാർജ്ജിലേക്ക്

എല്ലാ കമ്പനികളും മാറേണ്ടതുണ്ട്. അതിന് അവരെ നിർബ്ബന്ധിതമാക്കുന്ന രീതിയിൽ മലിനീകരണ നിയന്ത്രണ നിയമങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തുകയാണ് വേണ്ടത്. വ്യാവസായിക മലിനീകരണങ്ങൾ നിയന്ത്രണവിധേയമാക്കാതിരിക്കുന്നതിലൂടെ പൊതുജനാരോഗ്യം ക്ഷയിക്കുന്നതും ആരോഗ്യസുരക്ഷാ സംവിധാനങ്ങൾക്കായി ചെലവഴിക്കുന്ന കോടികൾ ചെലവഴിക്കപ്പെടുന്നതിലൂടെയുള്ള റവന്യൂ നഷ്ടവും ഒക്കെ സമഗ്രമായ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. വ്യാവസായിക വികസനം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുവെന്ന് പറയുമ്പോൾ മറുഭാഗത്ത് പരമ്പരാഗത തൊഴിൽമേഖലയിൽ അവ സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളെക്കൂടി നാം പരിഗണിക്കേണ്ടതുണ്ട്. ഏലൂർ വ്യവസായ മേഖല പെരിയാറിലേക്കും വേമ്പനാട്ട് കായലിലേക്കും തള്ളിവിടുന്ന മലിനജലം കാരണം പരമ്പരാഗത മത്സ്യമേഖലയിൽ വൻതോതിലുള്ള തൊഴിൽ നഷ്ടങ്ങളുണ്ടായതു കൂടി നാം കണക്കിലെടുക്കണം.

ഖനിജ ഇന്ധനങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യാവസായിക വികസനമാണ് ലോകത്തിലെ മറ്റ് രാജ്യങ്ങളെയെന്നപോലെ ഇന്ത്യയും അനുവർത്തിച്ചുവരുന്നത്. കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന വ്യവസായങ്ങളുടെ കാര്യവും ഇതിൽ നിന്നും വ്യത്യസ്തമല്ലെന്ന് കാണാം. ഖനിജ ഇന്ധന ലഭ്യതയിൽ ഭാവിയിൽ വരാനിരിക്കുന്ന ദൗർലഭ്യം പരിഗണിച്ചുകൊണ്ട് പ്രാദേശിക തലത്തിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യാവസായിക വികസനമായിരിക്കണം നാം ആസൂത്രണം ചെയ്യുന്നത്. ഖനിജ ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ സംഭവിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, വിഭവദാരിദ്ര്യം എന്നിവയൊക്കെ പദ്ധതി ആസൂത്രണ ഘട്ടത്തിൽ പരിഗണിക്കപ്പെടേണ്ട സംഗതികളാണ്.

ഈയൊരു കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ പരമ്പരാഗത മേഖലയിൽ നിലനിന്നിരുന്ന പല വ്യവസായങ്ങളും പുനരുജ്ജീവിപ്പിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. കേരളത്തിൽ ലഭ്യമായ ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം, കയർ മേഖലയെ ശക്തിപ്പെടുത്തൽ, പരമ്പരാഗത ഈറ്റത്തൊഴിൽ മേഖലയെ പുനരുജ്ജീവിപ്പിക്കൽ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉൾനാടൻ മത്സ്യമേഖലയെ ശക്തിപ്പെടുത്തൽ, കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കശുവണ്ടി-ചെമ്മീൻ തുടങ്ങിയ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയെ ഗൗരവത്തോടെ സമീപിക്കാവുന്നതാണ്.

വ്യാവസായികോത്പാദനത്തെക്കുറിച്ചുള്ള ആലോചനകളിൽ മുഖ്യമായും പരിഗണിക്കപ്പെടേണ്ട വസ്തുത; അവ പ്രാദേശിക പരിസ്ഥിതിക്ക് ഇണങ്ങുന്നതും, അസംസ്കൃത വിഭവങ്ങൾ പ്രാദേശികമായി ലഭ്യമാകുന്നതും, പ്രാദേശിക ഉപഭോഗത്തിന് പ്രാധാന്യം നൽകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേകതയായ ജൈവവൈവിധ്യത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള വ്യാവസായിക വികസനം സാധ്യമാക്കാൻ നമുക്ക് സാധ്യമാകും.

**തൊഴിൽ മേഖല/തൊഴിൽ നിയമങ്ങൾ**

തൊഴിൽ നിയമം അനുശാസിക്കുന്ന 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നിവ അനുഭവിക്കാൻ തൊഴിലാളികൾക്ക് സാധിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കാര്യത്തിൽ ഇത് ഒട്ടും പാലിക്കപ്പെടുന്നില്ലെന്ന് കാണാം. ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിൽ നിയമങ്ങൾ മുതലാളിമാർക്ക് അനുകൂലമാക്കി മാറ്റിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. തൊഴിലാളികളുടെ ആരോഗ്യത്തെയും സർഗ്ഗശേഷിയെയും പ്രതികൂലമായി ബാധിക്കുന്നതരത്തിലുള്ള ഈ നീക്കങ്ങൾക്കെതിരെ ശക്തമായ ട്രേഡ് യൂണിയൻ പശ്ചാത്തലമുള്ള കേരളത്തിൽപ്പോലും പ്രതിഷേധങ്ങൾ ഉയർന്നുവരുന്നില്ലെന്നത് ദൗർഭാഗ്യകരമായ സംഗതിയാണ്. തൊഴിൽ സ്ഥിരത, വേതനം, തൊഴിൽ സമയം തുടങ്ങിയവയിൽ തൊഴിലാളി സംഘടനാപ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിലൂടെ ആർജ്ജിച്ച സാമൂഹിക നിയന്ത്രണങ്ങൾ പൂർണ്ണമായും റദ്ദാക്കിക്കൊണ്ട് പുതുതലമുറ കോർപ്പറേറ്റ് സംരംഭങ്ങളിലൂടെ നടപ്പിലാക്കപ്പെടുന്ന തൊഴിൽബന്ധങ്ങളുടെ അസ്ഥിരപ്പെടുത്തലിനെതിരെ പ്രതിരോധങ്ങൾ കെട്ടിപ്പടുക്കുക എന്നത് തൊഴിലാളി വിഭാഗങ്ങളുടെയെന്ന പോലെ എല്ലാവിഭാഗം ജനങ്ങളുടെയും കടമയാണ്. സംഘടിത തൊഴിൽ മേഖലയ്ക്കപ്പുറം വലിയൊരു വിഭാഗം തൊഴിലാളികൾ അസംഘടിതമായി നിലനിൽക്കുന്ന വസ്തുത കൂടി നാം കണക്കിലെടുക്കണം. മൊത്തം തൊഴിൽ ശക്തിയുടെ 2ശതമാനത്തോളം മാത്രമേ ഇന്ത്യയിൽ സംഘടിത വിഭാഗമായി മാറിക്കഴിഞ്ഞിട്ടുള്ളൂ. വീട്ടുജോലിക്കാർ, തയ്യൽത്തൊഴിലാളികൾ, ഹോട്ടലുകൾ, പുസ്തകശാല, തട്ടുകട, വർക്ക്ഷോപ്, ടെക്സ്റ്റയിൽ ഷോപ്പ് എന്നിവിടങ്ങളിലെ ജീവനക്കാർ, തൂപ്പുകാർ, അലക്കുതൊഴിലാളികൾ, സപ്ലൈ കോ പാർക്കിംഗ് ജീവനക്കാർ, ശുചീകരണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളൊക്കെ വൻതോതിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട്. ഈ വിഭാഗങ്ങളിലെ സ്ത്രീ തൊഴിലാളികൾ അനുഭവിക്കുന്ന ലിംഗപരമായ വിവേചനവും പ്രത്യേക ശ്രദ്ധയോടെ പരിഗണിക്കപ്പെടേണ്ടതാണ്. തൊഴിലിടങ്ങളിൽ ഇരിക്കാനോ, വിശ്രമിക്കാനോ, മൂത്രമൊഴിക്കാനോ, അവധിയെടുക്കാനോ, പ്രതികരിക്കാനോ, സംഘടിക്കാനോ അവകാശമില്ലാതെ മണിക്കൂറുകളോളം ജോലിചെയ്യേണ്ടി വരുന്ന ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികൾ ഇന്ന് കേരളത്തിലുണ്ട്. പുരുഷ തൊഴിലാളി ചെയ്യുന്ന അതേ

ജോലി ചെയ്തിട്ടും സ്ത്രീത്തൊഴിലാളികൾക്ക് തുല്യ വേതനം ലഭിക്കുന്നില്ലെന്നത് ഈ വിവേചനത്തിന്റെ ഗൗരവത്തെയാണ് കുറിക്കുന്നത്. തൊഴിൽ മേഖലയിലെ സംഘടനാ സ്വാതന്ത്ര്യം പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുന്നതിൽ മാറിമാറി വരുന്ന സർക്കാരുകൾ ഒരുപോലെ ശുഷ്കാന്തി കാട്ടുന്നതായി കാണാം. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും വേണ്ടിയാണ് ഇത്തരമൊരു സമീപനം സ്വീകരിക്കുന്നതെന്ന കാരണങ്ങളാണ് ഇതിന് ന്യായമായി പറയുന്നത്.

കേരളത്തിലെ തൊഴിൽ മേഖലയിൽ പുതുതായി കണ്ടുവരുന്ന പ്രവണത ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിൽസേനയുടെ ഇടപെടലാണ്. ഇരുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്. കുറഞ്ഞ വേതനത്തിന് കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കാമെന്നതും കായികാധ്വാനം ആവശ്യമായി വരുന്ന മേഖലകളിൽ തൊഴിൽ ചെയ്യാൻ പ്രദേശവാസികളെ ലഭിക്കാത്തതും ഒക്കെ ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലെ തൊഴിലാളികളെ അപേക്ഷിച്ച് വൻതോതിലുള്ള ചൂഷണത്തിന് വിധേയമാകുന്നുണ്ടെന്ന വസ്തുത നമ്മുടെ ഗൗരവമായ ഇടപെടൽ ആവശ്യമാക്കുന്നുണ്ട്. ഭാഷാപരമായ സ്വാധീനക്കുറവ് ഇവരുടെ ചൂഷണത്തിന്റെ ആഴം കൂട്ടുന്നുണ്ട്. തൊഴിലിടങ്ങളിൽ നിന്നും ലേബർ കോൺട്രാക്ട് സംരംഭങ്ങളിൽ നിന്നും ഒക്കെ നിരന്തരമായ ചൂഷണത്തിനാണ് ഇവർ വിധേയരാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അനാരോഗ്യകരമായ തൊഴിലിടങ്ങളും താമസ സൗകര്യങ്ങളും ഇവരുടെ ആരോഗ്യത്തെയും വലിയ തോതിൽ ബാധിക്കുന്നുണ്ട്.

## സഹകരണ സംഘങ്ങൾ–
## കുടുംബശ്രീകൾ–മറ്റ് കൂട്ടായ്മകൾ

കാർഷിക–വ്യാവസായിക–സേവന മേഖലകളിൽ ഭാവിയിൽ ഉണ്ടാകേണ്ട എല്ലാ വികാസവും പാരിസ്ഥിതികമായ പ്രതിസന്ധികളെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം എന്നത് ഇനി നമ്മുടെ തിരഞ്ഞെടുപ്പ് മാത്രമല്ല, അനിവാര്യത കൂടിയാണ്. കാലാവസ്ഥാ മാറ്റങ്ങളോടും വിഭവ ദൗർലഭ്യത്തോടും പ്രതികരിച്ചുകൊണ്ടുള്ള ഒരു ഉത്പാദന–വിതരണ–ഉപഭോഗ രീതി മാത്രമായിരിക്കും നമ്മുടെ മുന്നിലുള്ള വഴി. വൻ മൂലധന നിക്ഷേപങ്ങൾക്കും കേന്ദ്രീകൃത ഉത്പാദന സംവിധാനങ്ങൾക്കും ഘടനാപരമായ പ്രശ്നങ്ങളുണ്ടെന്ന് നാം തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ പ്രാദേശിക തലത്തിൽ ഉയർന്നുവരുന്ന കൂട്ടായ്മകൾക്കും സഹകണ സംഘങ്ങളും കമ്യൂണുകൾക്കും സംസ്ഥാനത്തിന്റെ വ്യാവസായിക–കാർഷിക വികസനത്തിൽ വലിയ പങ്കുവഹിക്കാൻ സാധിക്കും. സഹകരണ പ്രസ്ഥാനങ്ങൾക്ക് കേൾവികേട്ട കേരളത്തിൽ അത്തരം സ്ഥാപനങ്ങൾ ഇന്ന് നിർവ്വഹിക്കുന്ന ധർമ്മമെന്താണെന്ന് പുനപ്പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സാധാരണ ജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന നിക്ഷേപങ്ങൾ വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുള്ള മുടക്കുമുതലായി മാറ്റുന്ന കേവല ഏജന്റുകളായിപ്പോലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇന്ന് നാട്ടിലുണ്ട്. അതിശക്തമായൊരു പ്രാദേശിക സമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കാൻ സാധ്യതയുള്ള ഒരു പ്രസ്ഥാനത്തെ കോർപ്പറേറ്റ് താൽപര്യങ്ങളുടെ സേവകരായി മാറ്റുകയല്ല വേണ്ടത്. കേരളത്തിൽ സമീപഭാവിയിൽ തന്നെ വളർന്നു വികസിക്കാൻ പോകുന്ന ജൈവകൃഷിയെ സുശക്തമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സുപ്രധാന പങ്ക് വഹിക്കാൻ കഴിയും. കേരളത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുന്നതിലും ഉപഭോഗ രീതികൾ കണ്ടെത്തുന്നതിനും അതിനനുസരിച്ചുള്ള ഉത്പാദന–വിതരണ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് സാധിക്കും. സഹകരണമേഖലയെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വ്യാവസായിക–കാർഷിക വികസനമെന്നത് നമ്മുടെ മുഖ്യപരിഗണനകളിൽ ഉൾപ്പെടുത്തേണ്ട ഒന്നാണ്.

## പൊതുവായ നിർദ്ദേശങ്ങൾ

- കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക.
- ഭക്ഷ്യസംസ്കരണ മേഖല കേന്ദ്രീകരിച്ചുള്ള വ്യാവസായിക വികസനം.
- പരിസ്ഥിതി സൗഹൃദപരമായ വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകുക.
- കൈത്തറി, കയർ, കശുവണ്ടി, ഈറ്റ -കളിമൺ വ്യവസായം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്തുക.
- ആഗോള വിപണിയിന്മേലുള്ള പരാശ്രിതത്വം കുറച്ചുകൊണ്ടുവരിക, പ്രാദേശിക ഉപഭോഗത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള വ്യാവസായിക വികസനം സാധ്യമാക്കുക.
- ഉത്പാദക–ഉപഭോക്തൃ ബന്ധങ്ങളെ കൂട്ടിയിണക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും മറ്റുമായി ഐടി മേഖലയുടെ സഹായം തേടുക.
- പരമ്പരാഗത അറിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
- മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുക. അവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. മലിനീകരണ നിയന്ത്രണ നിയമങ്ങളിൽ സീറോ ഡിസ്ചാർജ് നിർബന്ധിതമാക്കുക. ശിക്ഷാനടപടികളും പരിഷ്കരിക്കുക.
- കുടിവെള്ളം, കൃഷി ഭൂമി എന്നിവ മലിനമാക്കുന്ന വ്യവസായ ശാലകളുടെ ലൈസൻസ് ഉടൻ റദ്ദുചെയ്യുക. തൊളിലാളികളെ മാന്യമായി പുനരധിവസിപ്പി

ച്ചുകൊണ്ട്, മാരകമാലിന്യങ്ങൾ പുറന്ത ള്ളുന്ന വ്യവസായശാലകൾ അടച്ചുപൂട്ടുക.

● സ്വകാര്യ ആശുപത്രികൾ വൻവ്യവസായമായി മാറിയതിനാൽ അവയെ വ്യവസായമേഖലയായി പരിഗണിക്കുകയും ആശുപത്രികൾ സൃഷ്ടിക്കുന്ന മലിനീകരണത്തിനും തൊഴിൽ പ്രശ്നങ്ങൾക്കും പരിഹാരം കാണുകയും ചെയ്യുക.

● പ്രത്യേക സാമ്പത്തിക മേഖകൾ അനുവദിക്കുന്നത് അവസാനിപ്പിക്കുക. നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകളിൽ നിലനിൽക്കുന്ന തൊഴിൽ ചൂഷണങ്ങൾ തടയുന്നതിന് നിയമം കൊണ്ടുവരുക.

● വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള ഏകജാലക സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടു ക്കുന്നതിന് തടയിടുക.

● 8 മണിക്കൂർ ജോലി എന്നത് മാറ്റമില്ലാതെ തുടരുക.

● തൊഴിലിടങ്ങളിലെ ലിംഗവിവേചനം അവസാനിപ്പി ക്കുന്നതിന് ശക്തമായ നിയമനടപടികൾ സ്വീകരി ക്കുക. സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സജ്ജീകര ണങ്ങൾ ഏർപ്പെടുത്തുക. അസംഘടിത മേഖല യിലെ തൊഴിലാളികളെ തൊഴിലാളികളായി അംഗീ കരിച്ചുകൊണ്ട് തൊഴിൽ നിയമങ്ങൾ പരിഷ്ക രിക്കുക. അസംഘടിത മേഖലയിലെ തൊഴിലാളി കൾക്ക് ഇ.എസ്.ഐ, പി.എഫ്, ബോണസ് എന്നിവ ഏർപ്പെടുത്തുക.

● തുല്യജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തുക.

● ഇതര സംസ്ഥാന തൊഴിലാളികളുടെ വേതനം, തൊഴിൽ സുരക്ഷ, താമസം, ആരോഗ്യം എന്നിവ മെച്ച പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

● വിവിധ മേഖലകളിൽ - തൊഴിൽ, വ്യവസായം, കാർഷികം, സേവനം - സഹകരണ സംഘങ്ങൾ ആരംഭിക്കുക.

● ഉത്പാദന - വിതരണ മേഖലകളിൽ കുടുംബശ്രീ, അയൽക്കൂട്ടം തുടങ്ങിയ കൂട്ടായ്മകൾക്ക് മുൻഗണന നൽകുക.

● പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയും അവയ്ക്ക് മേലുള്ള അവകാശവും പ്രാദേ ശിക സഹകരണ കൂട്ടായ്മകൾക്ക് നൽകുക. ഇവ ഉപ യോഗിച്ചുകൊണ്ട് പ്രാദേശിക സമ്പദ്വ്യവസ്ഥ മെച്ച പ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾ ഇത്തരം സഹ കരണ സംഘങ്ങൾക്കും കൂട്ടായ്മകൾക്കും നൽകുക. ❑

# വിദ്യാഭ്യാസം/സാംസ്കാരിക രംഗം/മാദ്ധ്യമരംഗം

ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ വികാസത്തിന് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം വലുതാണ്. ഗുണനിലവാരമുള്ളതും തുല്യത ഉറപ്പുവരുത്തുന്നതുമായ വിദ്യാഭ്യാസം എല്ലാ പൗരന്മാർക്കും ലഭ്യമാക്കുക എന്നത് സ്റ്റേറ്റിന്റെ ചുമതലയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും ഉള്ളടക്കവും പഠനബോധന രീതിശാസ്ത്രവും നാടിന്റെ വികസനത്തിന്റെ ഗതിയും ദിശയും നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു എന്നത് തർക്കമറ്റ സംഗതിയാണ്. അതുകൊണ്ടുതന്നെ സാമൂഹികവികസന പ്രക്രിയയിൽ ഓരോ വ്യക്തിയെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ആണ് സ്റ്റേറ്റ് അനുവർത്തിക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ നൽകുന്ന ചിത്രം പക്ഷേ മറ്റൊന്നാണ്. ആഗോളവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും കാലത്ത് വിപണിക്കാവശ്യമായ പ്രൊഫഷണലുകളെ പരുവപ്പെടുത്തിയെടുക്കുന്നതിനായി വിപണിതന്നെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും നിശ്ചയിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. അതിന്റെ പരിണിതഫലം പ്രൈമറിതലം തൊട്ട് ഉന്നത വിദ്യാഭ്യാസതലം വരെ മഹാഭൂരിപക്ഷത്തെ പുറന്തള്ളുന്ന വിദ്യാഭ്യാസ നയം നടപ്പിലാവുന്നു എന്നതാണ്.

കേരള വികസന മോഡൽ ഏറെ പുകഴ്ത്തപ്പെടുന്നതിന്റെ ഒരു കാര്യം വിദ്യാഭ്യാസ നേട്ടങ്ങളുടെ പേരിലാണ്. പക്ഷേ കേരള വികസന മാതൃകയ്ക്ക് ഉണ്ടെന്ന് അവകാശപ്പെടുന്ന ഉൾക്കൊള്ളൽ സ്വഭാവത്തിന് വിപരീതമായി പുറന്തള്ളൽ പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. തൊണ്ണൂറുകളിൽ രാജ്യത്ത് ശക്തിപ്പെട്ടുവന്ന സ്വകാര്യവൽക്കരണ നയങ്ങൾ വിദ്യാഭ്യാസമേഖലയെ പൂർണ്ണമായും കച്ചവടവൽക്കരിക്കുകയാണുണ്ടായത്. വിദ്യാഭ്യാസ വിനിമയം എന്നതിനപ്പുറം സാമ്പത്തികലാഭം മാത്രം ലക്ഷ്യംവെച്ച് മൂലധനമിറക്കിയ വൻകിട കോർപ്പറേറ്റുകളും, വ്യവസായികളും ചേർന്നു വിദ്യാഭ്യാസത്തെ വെറും വിൽപന ചരക്കാക്കുകയും പണക്കാരനെ കൂടുതൽ പണക്കാരനാക്കിയും ഇല്ലാത്തവനെ കൂടുതൽ ഇല്ലത്തവനാക്കിയും തരംതിരിച്ചു പുനരുത്പാദിപ്പിക്കുന്ന വ്യവസ്ഥയാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.

അതതു കാലത്തിന്റെ ആവശ്യങ്ങളും അനിവാര്യതകളും മുൻനിർത്തി വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും പഠനത്തിന്റെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ നാളിതുവരെ പല വിദ്യാഭ്യാസ നയരൂപീകരണങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയതലത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നയങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന സാഹചര്യങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ പാഠ്യപദ്ധതി രൂപീകരണത്തിൽ കൊണ്ടുവരാൻ സർക്കാരുകൾ തയ്യാറായിട്ടുണ്ട്. കൊട്ടിഘോഷിക്കപ്പെട്ടു നടപ്പിലാക്കിയ ഡിപിഇപി, അതിന്റെ തുടർച്ചയായ ഹൈസ്കൂൾ തലത്തിലെ എസ്എസ്എ എന്നിവയെല്ലാം സ്കൂൾ തലത്തിലെ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ വലിയ പങ്കുവഹിച്ചില്ലെന്നുമാത്രമല്ല വിദേശ മൂലധന സഹായത്തോടയും വിദേശത്തുണ്ടായ മൂലപദ്ധതിയും ഉപയോഗിച്ച് നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ അതിന്റെ വികലമായ നടത്തിപ്പുകാരണം കൂടുതൽ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്തു.

വിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ച സർക്കാരിന്റെ കണക്കുകൾ വലിയ രീതിയിൽ തെറ്റിദ്ധരിപ്പിക്കുന്നതാണ്. എൻസിഇആർടി 2014ലെ വാർഷിക വിദ്യാഭ്യാസ സർവ്വെ റിപ്പോർട്ട് നാഷണൽ യൂണിവേർസിറ്റി ഓഫ് എജ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ (2012) ന്റെ റിപ്പോർട്ട് പ്രകാരവും കേരളം വിദ്യാഭ്യാസ നിലവാര തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലിനാവശ്യമായ മുന്നുപാധിയായി സ്റ്റേറ്റ് അംഗീകരിക്കുന്നത് സർട്ടിഫിക്കറ്റ് – ഇക്കണോമിയെ ആധാരമാക്കിയുള്ള വിദ്യാഭ്യാസ വ്യവസ്ഥയെ ആണ്. അത് സ്കിൽ ഇക്കണോമിക് തുരങ്കം വെക്കുന്നു. ഈയടുത്ത കാലത്ത് നടത്തിയ പഠനം വ്യക്തമാക്കുന്നത് വയനാട്-പാലക്കാട് ജില്ലകളിലെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണെന്നാണ്. ആകെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് 1.05%വും പട്ടികവർഗ വിദ്യാർത്ഥികളുടെ നിരക്ക് 3.71%വും ആണ്. കുട്ടികളിൽ കണ്ടുവരുന്ന ഡിസ് ലെക്സിയ, ഡിസ് കാൽകുലിയ, ഡിസ്ഗ്രാഫിയ എന്നിവയുടെ വർദ്ധിച്ചുവരുന്ന ശതമാനക്കണക്കുകൾ കാണിക്കുന്നത് പുതിയ പരിഷ്കാരങ്ങളുടെ പരിമിതികൾ തന്നെയാണ്.

പൊതുവിദ്യാഭ്യാസ മേഖലയുടെ ഈ തകർച്ച, സ്വകാര്യമേഖലകളുടെ ആധിപത്യത്തിന് ആക്കംകൂട്ടി. ഉന്നത വിദ്യാഭ്യാസ രംഗത്തും സമാനങ്ങളായ അസമത്വങ്ങളും വേർതിരിവുകളും തന്നെയാണ് കാണപ്പെടുന്നത്. അരിച്ചുമാറ്റപ്പെടലും കൊഴിച്ചുകളയും കഴിഞ്ഞുവരുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് ജനാധിപത്യപരമായ പ്രാപ്യത ഇനിയും ഉറപ്പുവരുത്താൻ കഴിയുന്നില്ല. സാമൂഹിക മൂലധനവും സാംസ്കാരിക മൂലധനവും ഇല്ലാത്തതുകൊണ്ടുമാത്രം കഴിവും ശേഷിയും ഉണ്ടായിട്ടുപോലും അവഗണനകൾ നേരിടേണ്ടിവരുന്നുണ്ട് താഴെക്കിടയിലുള്ള വിദ്യാർത്ഥികൾ.

## പൊതുവായ നിർദ്ദേശങ്ങൾ

● ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന സാർവ്വത്രികവും സൗജന്യവുമായി വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാകുംവിധം വിദ്യാഭ്യാസത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുക.

● പൊതുവിദ്യാഭ്യാസത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുക.

● എഴുത്തിനും വായനയ്ക്കും പ്രാമുഖ്യം നൽകുന്ന വിദ്യാഭ്യാസരീതിക്ക് പകരം അറിവിനും ചോദ്യം ചെയ്യാനുള്ള കുട്ടികളുടെ കഴിവിനും പ്രോത്സാഹനം നൽകുന്ന രീതി ആവിഷ്കരിക്കുക. എഴുത്തും വായനയും ഒരു മാദ്ധ്യമമായി മാത്രം നിലനിർത്തുക.

● ദേശീയ വിദ്യാഭ്യാസ നയരൂപീകരണം ചില രാഷ്ട്രീയ കാഴ്ചപ്പാടുകൾ നടപ്പിൽ വരുത്തുവാനുള്ള ഉപാധിയാക്കുന്നത് ഒഴിവാക്കുക.

● ഭാഷാ പഠനത്തിനു പ്രാമുഖ്യം നൽകുന്നതോടൊപ്പം പ്രാദേശിക ഭാഷകളും, ഗോത്രഭാഷകളും സംരക്ഷിക്കുന്നതിനുള്ള (ട്രൈബൽസോൺ) നടപടികൾ സ്കൂൾ തലത്തിൽ തന്നെ ആവിഷ്കരിക്കുക.

● ഭരണകൂടത്തിന്റെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ഉത്തരവാദിത്വത്തിൽ നിന്നും സാമൂഹിക ഉത്തരവാദിത്വത്തിലേക്ക് സ്കൂളുക ളുടെ ഘടന മാറ്റുക. കുട്ടികൾക്ക് സമൂഹവുമായി സംവദിക്കാനുള്ള സാധ്യതകൾ ഉറപ്പുവരുത്തുക.

● വിദ്യാഭ്യാസരംഗത്തേക്കുള്ള സ്വകാര്യമേഖലയുടെ വലിയ തോതിലുള്ള കടന്നുകയറ്റം അവസാനിപ്പിക്കുക.

● നിർബ്ബന്ധിത സാമൂഹിക സേവനം എന്നതുപോലെ തന്നെ ഹയർ സെക്കന്ററി തലംതൊട്ടേ സ്കിൽ ബേസ്ഡ് ട്രെയിനിംഗ് പഠനത്തോടൊപ്പം നിർബ്ബന്ധമാക്കുക. അതിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുക

● ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് ജനാധിപത്യപരമായ പ്രാപ്യത ഉറപ്പുവരുത്തുക. സംവരണം അട്ടിമറിക്കുന്നതിനുള്ള നീക്കങ്ങൾ തടയുക.

● അംഗീകാരമില്ലാത്ത കോഴ്സുകൾ, സ്ഥാപനങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുക.

● വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന ആൺ-പെൺ വേർതിരിവ് അവസാനിപ്പിക്കുക. എല്ലാ സർക്കാർ സ്കൂളുകളും മിക്സഡ് സ്കൂളുകളാക്കുക.

● ട്രാൻസ്ജെൻഡർ വിഭാഗത്തിന് വിദ്യാഭ്യാസ മേഖലയിൽ സംവരണം നൽകുക

● ഗവേഷണരംഗത്ത് കൂടുതൽ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഗവേഷണങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

● അധ്യാപക-വിദ്യാർഥി അനുപാതം കൃത്യമാക്കുക.

● പ്രാദേശിക അറിവുകൾക്കും വിഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന വിധം അറിവിന്റെ കൈമാറ്റം.

● ആദിവാസി-ദളിത് മേഖലകളിലെ വിദ്യാഭ്യാസ പ്രശ്നങ്ങളിൽ അടിയന്തിര ശ്രദ്ധപതിപ്പിക്കുക.

● അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ഓഫീസ് ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രശ്നപരിഹാരത്തിന് കൃത്യമായ നയരേഖയും സമയാധിഷ്ഠിത പരിപാടിയും ഉണ്ടാക്കുക.

● ഒരു തൊഴിൽമേഖല എന്നതിനപ്പുറമുള്ള സാമൂഹിക ദൗത്യങ്ങൾ ബോധ്യപ്പെടുത്തുംവിധം അദ്ധ്യാപക പരിശീലനരംഗം കാലോചിതമായി പരിഷ്കരിക്കുക.

● ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള റജിസ്ട്രേഷൻ, അവയുടെ പരിശോധന എന്നിവയിലുള്ള കാലതാമസം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുവിതരണത്തിലെ കാലതാമസം, വിദ്യാർത്ഥികൾക്ക് മേൽ ഏർപ്പെടുത്തുന്ന മനുഷ്യത്വരഹിതമായ നിയന്ത്രണങ്ങൾ എന്നിവ അടിയന്തിരമായി പരിഹരിക്കുക. കാമ്പസുകളിൽ ജനാധിപത്യപരമായ രാഷ്ട്രീയ പ്രവർത്തനത്തിന് അവസരം നൽകുകയും ക്രിമിനൽവത്കരണം അവസാനപ്പിക്കുകയും ചെയ്യുക.

## മാദ്ധ്യമരംഗം

മുഖ്യധാരാമാധ്യമങ്ങളുടെ നിലപാടുകളെക്കുറിച്ചുള്ള ആശങ്കകളും അവിശ്വാസവും ഈ ആഗോളവൽക്കരണകാലത്ത് വർദ്ധിച്ചുവരികയാണ്. ലോകത്തെമ്പാടും കോർപ്പറേറ്റ് കമ്പനികളാണ് വലിയ മാധ്യമങ്ങളുടെയെല്ലാം അധിപന്മാർ. വികസിതരാജ്യത്തുനിന്ന് വികസ്വരരാജ്യങ്ങളിലേക്ക് അവരുടെ കരങ്ങൾ നീളുകയാണ്. പല വികസിതരാജ്യങ്ങളിലും ഏതെങ്കിലും ഒരു കമ്പനിയുടെ ഉടമസ്ഥതയിലാണ് എല്ലാ മാധ്യമങ്ങളും എന്ന നിലപോലും ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് മുകളിലൂടെ പറപ്പിച്ചുകൊണ്ടുപോകാവുന്ന വിമാനമല്ല മാധ്യമം, പ്രത്യേകിച്ചും പത്രങ്ങൾ. ജനങ്ങളാണ് അതിന്റെ ഉപഭോക്താക്കൾ. ജനങ്ങൾ വാങ്ങിവായിക്കാത്ത പത്രത്തിന് പ്രചാരവും ഉണ്ടാവില്ല പരസ്യവും ഉണ്ടാവില്ല. ഓരോ ദിവസവും വിപണിയിൽ ഇറങ്ങി ജനഹിതപരിശോധനയ്ക്ക് വിധേയമാകുന്ന ഏക ഉൽപ്പന്നമാണ് പത്രം. കോർപ്പറേറ്റ് കമ്പനികളുടെയും ലക്ഷ്യം ലാഭമാണ്. ബോധമുള്ള ജനത എവിടെയെല്ലാം ശരിതെറ്റുകളെക്കുറിച്ചുള്ള ബോധത്തോടെ പത്രം വാങ്ങുന്നുവോ അവിടെയൊന്നും പത്രം ഉടമകളുടെ ഗൂഢ അജൻഡകൾ വിലപ്പോവില്ല. ജനങ്ങൾക്ക് ആവശ്യമുള്ള വാർത്തകൾ സത്യസന്ധമായി റിപ്പോർട്ട് ചെയ്യാൻ പത്രങ്ങൾ നിർബന്ധിതരാവും. ഇപ്പോഴും കേരളത്തിലെ അല്ലെങ്കിൽ ഇന്ത്യയിലെതന്നെ മാധ്യമങ്ങൾ പൂർണമായി ആഗോള കോർപ്പറേറ്റുകളുടെ പിടിയിലായിട്ടില്ല. തദ്ദേശകോർപ്പറേറ്റുകൾ മെച്ചമാണ് എന്നല്ല. എന്നാൽ ഇപ്പോഴും സ്വതന്ത്രപത്രപ്രവർത്തനത്തിനുള്ള സാധ്യതകൾ ഒരു പരിധിയെങ്കിലും നിലനിൽക്കുന്നുണ്ട്. ഉള്ളടക്ക സംബന്ധിയായ സ്വയംനിർണയാവകാശം നിലനിർത്താൻ കഴിഞ്ഞിട്ടുള്ള പത്രാധിപന്മാർ ഇപ്പോഴുമുണ്ട്. കമ്പനിയുടെ വാണിജ്യതാല്പര്യങ്ങൾ വാർത്തകളെ സ്വാധീനിക്കരുത് എന്ന ഉറച്ച നിലപാട് സ്വീകരിക്കുന്ന പത്രംഉടമകളും- ഒരുപാട് ഇല്ലെങ്കിലും

കുറച്ചെങ്കിലും-ഇപ്പോഴും ഉണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും വ്യക്തികളുടെയും ദുരിതജീവിതത്തെക്കുറിച്ച് കേരളത്തിൽ റിപ്പോർട്ട് ചെയ്യുകയും എണ്ണമറ്റ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തിട്ടുള്ളത് മുഖ്യധാര മാധ്യമങ്ങൾതന്നെയാണ്. ഈ നിലപാടുകളിൽ മാറ്റം ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്കുകൂടി ഒരുപരിധിവരെ ഉത്തരവാദിത്തമുണ്ട്. വിശ്വാസ്യതയും ജനപക്ഷനിലപാടുകളും നോക്കിയല്ല ജനങ്ങൾ ഇപ്പോഴും പത്രം വാങ്ങുന്നത്. വാർത്തയേക്കാൾ പ്രധാനം തങ്ങൾക്ക് പരസ്യമാണെന്നും മാധ്യമം ഒരു വിനോദവ്യവസായമാണെന്നും തുറന്നുപറയുന്നവരെ ചോദ്യം ചെയ്യാൻ വിമർശകരോ സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരോ മുന്നോട്ടുവരുന്നില്ല. ഏറ്റവും വിശ്വാസ്യതയുള്ള പത്രമാണ് ഏറ്റവും പ്രചാരമുള്ള പത്രം എന്ന നില ലോകത്തെവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. മാധ്യമങ്ങളുടെ ധാർമികവ്യതിയാനങ്ങൾക്കെതിരെ ഫലപ്രദമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ബഹുജന സമരസംഘടനകൾ തയ്യാറാവുന്നില്ല. മാധ്യമങ്ങളെ പിണക്കാൻ തയ്യാറുള്ള എത്ര സംഘടനകൾ, പ്രസ്ഥാനങ്ങൾ നാട്ടിലുണ്ട്? മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന പി. സായ്നാഥിനെപ്പോലുള്ള വ്യക്തികൾ ഇക്കാര്യത്തിൽ പുലർത്തുന്ന പ്രതിബദ്ധതയുടെ ചെറിയ ശതമാനമെങ്കിലും എത്ര സംഘടനകളുടെ ഭാഗത്തുനിന്നുണ്ടാകുന്നു?

മാധ്യമങ്ങൾ വ്യവസായങ്ങളാണ്. മാധ്യമപ്രവർത്തനം പക്ഷേ, വാണിജ്യമല്ല. ഈ വൈരുദ്ധ്യം നിലനിൽക്കും. ഒരു ഉപജീവനമാർഗമായി മാധ്യമപ്രവർത്തനം സ്വീകരിക്കുന്നവർക്ക് സ്ഥാപനങ്ങളുടെ ചട്ടക്കൂടിൽ നിന്നുകൊണ്ടേ പ്രവർത്തിക്കാനാവൂ. നൂറിൽ അഞ്ചോ ആറോ വാർത്തകളുടെ കാര്യത്തിൽ മാധ്യമഉടമസ്ഥരുടെ താൽപര്യങ്ങൾ ഉണ്ടാവാം. അവയെപ്പോലും ബുദ്ധിപൂർവകമായി മറികടക്കാനാവും. ഒരുപാട് കാര്യങ്ങളിൽ റിപ്പോർട്ടർ/എഡിറ്റർക്ക് സ്വതന്ത്ര നിലപാടുകൾ സ്വീകരിക്കാനാവും. ഒരു മാധ്യമ ഉടമ മൂടിവയ്ക്കുന്ന വാർത്ത മാധ്യമപ്രവർത്തകന് അത്രമേൽ പ്രധാനമാണ് എന്നു തോന്നുന്നുവെങ്കിൽ അത് മറ്റൊരു മാധ്യമത്തിൽ പ്രസിദ്ധീകരണത്തിന് നൽകാൻ കഴിയണം. താൻ മാധ്യമ ഉടമയുടെ ശമ്പളക്കാരൻ മാത്രമല്ല എന്നും ആത്യന്തികമായി മാധ്യമവും താനുമെല്ലാം ജനങ്ങളുടെ നിർമ്മിതിയാണ് എന്നും ഉള്ള ബോധ്യം വേണം

സാങ്കേതിക വിദ്യയുടെ വളർച്ച ഒരുപാട് പുതിയ സാധ്യതകൾ ഉയർത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയയും സോഷ്യൽമീഡിയയിലെ നല്ലൊരു വിഭാഗവും വലിയ സ്വാതന്ത്ര്യവും അവസരവും ജനങ്ങൾക്ക് നൽകുന്നു. ഒന്നിനേയും പൂർണമായി സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യേണ്ട. ജനങ്ങളുടെ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ഓരോന്നിന്റെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. സമാന്തര മാധ്യമസാധ്യതകൾ ആരായുക. ❑

# വിഭവസംരക്ഷണം

മനുഷ്യസമൂഹത്തിന്റെ പൊതുസ്വത്തായ ജൈവവൈവിധ്യം ലോകമെമ്പാടും കടുത്ത ഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വികസനത്തെക്കുറിച്ചുള്ള വികലമായ സങ്കൽപ്പങ്ങൾ പിന്തുടരുന്ന കേരളവും പാരിസ്ഥിതിക വിനാശത്തിന് വലിയ വില നൽകിത്തുടങ്ങിയിരിക്കുകയാണ്. പുനഃസൃഷ്ടിക്കാൻ കഴിയാത്ത പ്രകൃതിവിഭവങ്ങളുടെ വിവേകരഹിത ഉപയോഗം ഒട്ടേറെ ജനവിഭാഗങ്ങൾക്ക് യാതനകൾ സൃഷ്ടിക്കുന്നു. ദരിദ്രരെയും പാർശ്വവത്കൃത സമൂഹങ്ങളെയും അത് കൂടുതൽ അരികുവത്കരിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. കേരളപ്പിറവിക്ക് ശേഷം നിലവിൽവന്ന സർക്കാറുകൾക്കൊന്നും വിഭവസംരക്ഷണത്തിന്റെ കാര്യത്തിൽ വ്യക്തമായ ഒരു നയം രൂപീകരിക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല, സ്വകാര്യമൂലധന താത്പര്യങ്ങൾക്കുവേണ്ടി 'വികസനത്തി'ന്റെ പേരിൽ അന്ധമായ വിഭവചൂഷണത്തിന് അവർ വഴിയൊരുക്കിക്കൊടുക്കുകയും ചെയ്തു. സങ്കുചിത സാമ്പത്തിക താത്പര്യങ്ങൾ കാടു മുതൽ കടൽവരെയുള്ള കേരളത്തിന്റെ സർവ്വ മേഖലകളിലും ഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സുവ്യക്തമായ ഒരു പുനർചിന്ത മാത്രമാണ് നമുക്ക് മുന്നിലുള്ള മാർഗ്ഗം. എന്നാൽ, പശ്ചിമഘട്ട മേഖലയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള ഒട്ടേറെ ഘടനാപരമായ പരിഷ്കരണങ്ങൾ നിർദ്ദേശിച്ച ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ പൂർണ്ണമായും തള്ളിക്കളഞ്ഞ ഒരു വലിയ ജനസമൂഹത്തെക്കൂടി ഉൾക്കൊള്ളുന്ന നാടാണ് കേരളം എന്ന യാഥാർത്ഥ്യം ഓർമ്മിക്കേണ്ടതുണ്ട്. കേരളത്തെ നിക്ഷേപസൗഹൃദമാക്കാൻ പരിശ്രമിക്കുന്ന ഭരണ-രാഷ്ട്രീയ നേതൃത്വങ്ങളെല്ലാം ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുണ്ടായ തെറ്റിദ്ധാരണകളെ ആളിക്കത്തിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയത്. പാരിസ്ഥിതിക ഭരണനിർവഹണരീതിയെക്കുറിച്ച് ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഗൗരവത്തോടെ ചർച്ചചെയ്യുന്നതിനുള്ള ഒരു സമീപനവും കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായില്ല എന്നത് ദൗർഭാഗ്യകരമാണ്. സംവാദത്തിന് പോലും സന്നദ്ധമാകാതെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പേരിൽ തെരുവിൽ കലാപമഴിച്ചുവിട്ട നിക്ഷിപ്ത താത്പര്യക്കാരെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് പ്രമുഖ രാഷ്ട്രീയകക്ഷികളെല്ലാം ഇവിടെ സ്വീകരിച്ചത്. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ നിലവിലുള്ള വികസനകാഴ്ച്ചപ്പാടുകൾ മാറ്റേണ്ടിവരും എന്നതായിരുന്നു സർക്കാറിനെയും രാഷ്ട്രീയ നേതൃത്വങ്ങളെയും സംബന്ധിച്ച് ഇക്കാര്യത്തിലുണ്ടായിരുന്ന പ്രതിസന്ധി എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ വികസനനയത്തിന്റെ ലാഭം പങ്കുപറ്റുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിനെ അവർ തുടർന്നുപോരുന്ന കാഴ്ച്ചപ്പാടിലേക്ക് തിരുത്തിയെഴുതാനാണ് ശ്രമിച്ചത്. അതിൽ അവർ വിജയിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും പാരിസ്ഥിതിക ദുരന്തങ്ങളുടെയും പാരമ്യതയിൽ നിൽക്കുമ്പോഴും സാമ്പത്തിക വികസനത്തിന് മുൻഗണന നൽകുന്ന ഭരണകൂടമാണ് നമുക്ക് മുന്നിലുള്ളത് എന്നതാണ് സുപ്രധാന വെല്ലുവിളി. പശ്ചിമഘട്ടം മാത്രമല്ല, ഇടനാടൻ കുന്നുകളും, നെൽവയലുകളും, തണ്ണീർത്തടങ്ങളും, ഭൂഗർഭജല സ്രോതസ്സുകളും, പുഴകളും, കടലുമെല്ലാം മൂലധനതാത്പര്യങ്ങൾക്കായി വകമാറ്റിക്കൊണ്ടേയിരിക്കുന്ന പ്രക്രിയയായി ഭരണനിർവഹണം മാറിയിരിക്കുന്നു. കേരളത്തിൽ ആകെയുള്ള 1,60,590 ഹെക്റ്റർ നീർത്തടത്തിൽ 65162 ഹെക്റ്റർ വരുന്ന നദീതട ആവാസ വ്യവസ്ഥകൾ കയ്യേറ്റങ്ങൾ മൂലവും, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ മൂലവും, മാലിന്യ പ്രശ്നങ്ങളാലും നാശോന്മുഖമായിരിക്കുന്നു. സ്റ്റേറ്റ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്ടിക്സ് 2012 പ്രകാരം 2008 നു ശേഷം മാത്രം 25,000 ഹെക്റ്റർ നെൽവയലുകൾ ആണ് അപ്രത്യക്ഷമായിരിക്കുന്നത്. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകൾ നിലനിർത്താൻ പ്രധാന പങ്കുവഹിക്കുന്ന ചെറുകുന്നുകൾ, പ്രത്യേകിച്ച് ചെങ്കൽ കുന്നുകളുടെ നാശം, അതിന്റെ പ്രത്യാഘാതങ്ങൾ എന്നിവ ഇതുവരെ വേണ്ടവിധം പഠന വിധേയമാക്കിയിട്ടില്ല. കേരളം എത്തിനിൽക്കുന്ന സങ്കീർണ്ണമായ ഈ സാമൂഹിക-രാഷ്ട്രീയ-പാരിസ്ഥിതിക പ്രതിസന്ധിയെ അതിന്റെ സമഗ്രതയിൽ വിലയിരുത്തിക്കൊണ്ട് മാത്രമേ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കഴിയൂ എന്നതാണ് യാഥാർത്ഥ്യം. അതുപരിഗണിച്ചുകൊണ്ടുതന്നെ സർവ്വതല സ്പർശിയായ ഒരു വിഭവസംരക്ഷണ സമീപനമാണ് ഇവിടെ നിർദ്ദേശങ്ങളായി മുന്നോട്ടുവയ്ക്കുന്നത്.

### നിർദ്ദേശങ്ങൾ

- മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാറിൽ സമ്മർദ്ദം ചെലുത്തുക. ഗാഡ്ഗിൽ കമ്മിറ്റി ശാസ്ത്രീയമായി കണ്ടെത്തിയ കേരളത്തിലെ പശ്ചിമഘട്ട മേഖലയിലുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശിച്ചതിന് സമാനമായ ആസൂത്രണ പ്രകിയ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ ഗ്രാമസഭകളുടെ അനുമതിയോടെ അവ നടപ്പിലാക്കാൻ നിയമം കൊണ്ടുവരിക.
- പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ വിവിധതരത്തിലുള്ള ഇടപെടലുകൾ ആവശ്യമാണെന്നിരിക്കെ ഇക്കാര്യങ്ങളെ ഏകോപിപ്പി

ക്കുന്നതിനായി പൊതുജന പങ്കാളിത്തമുള്ള ഒരു ഏകീകൃത സംവിധാനത്തിന് രൂപം നൽകുക.

● പശ്ചിമഘട്ട മേഖലയിലെ ഏകവിളത്തോട്ടങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായി പഠിക്കുകയും പാരിസ്ഥിതിക പുനഃസ്ഥാപനത്തിനും തോട്ടങ്ങളുടെ വൈവിദ്ധ്യവത്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പുഴകളിലേക്കുള്ള നീരൊഴുക്കിനെ നശിപ്പിക്കുന്ന വനത്തിനുള്ളിലെ വനം വകുപ്പിന്റെ തോട്ടങ്ങൾ (ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ) ഘട്ടംഘട്ടമായി അവസാനിപ്പിക്കുകയും വനവത്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക. സാമൂഹ്യവനവത്കരണ പരിപാടിയുടെ പേരിൽ നട്ടുപിടിപ്പിച്ച യൂക്കാലിപ്റ്റസ്, അക്വേഷ്യ തുടങ്ങിയ മരങ്ങൾ പൊതു ആവശ്യത്തിനായി മുറിച്ചെടുത്ത് പകരം വനവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

● ഇ.എഫ്.എൽ ഭൂമിയും പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കുക. പാട്ടവ്യവസ്ഥ ലംഘിക്കുന്ന തോട്ടം ഉടമസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.

● വനഭൂമിയുടെ സംരക്ഷണാവകാശം തദ്ദേശീയരായ ആദിവാസി സമൂഹത്തിൽ നിക്ഷിപ്തമാക്കുന്ന കേന്ദ്ര വനാവകാശ നിയമം (2006) പൂർണ്ണമായും നടപ്പിലാക്കുക. വനവിഭവ പരിപാലനത്തിന്റെ രൂപരേഖ നിശ്ചയിക്കുന്നതിൽ ആദിവാസി വനാവകാശ ഊരുക്കൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടികളെടുക്കുക.

● വന നശീകരണത്തിന് കാരണമാകുന്ന വലിയ ഡാമുകളുടെ നിർമ്മാണം വേണ്ടെന്ന് വയ്ക്കുക. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കുക.

● അണക്കെട്ടുകളുടെ വൃഷ്ടി പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനസ്ഥാപനം അടിയന്തരമായി നടപ്പിലാക്കുക.

● പുഴകളിലെ മണൽവാരലിന് അവധി (5 വർഷം) പ്രഖ്യാപിക്കുക. അഞ്ച് വർഷത്തിന് ശേഷം കണക്കെടുപ്പ് നടത്തി വിശകലനം ചെയ്തിട്ടു മാത്രം മണൽവാരാൻ അനുമതി നൽകുക.

● പുഴയോരങ്ങളുടെ സംരക്ഷണത്തിനായി ജന പങ്കാളിത്തത്തോടെ തൈകൾ നട്ടുപിടിപ്പിക്കുക. കോൺക്രീറ്റ് ഭിത്തികെട്ടി പുഴയോരങ്ങൾ സംരക്ഷിക്കുന്ന രീതി നിർത്തലാക്കുക.

● ഓരോ പുഴയിലും മഴക്കാലത്തും വേനൽക്കാലത്തും അതിനിടയിലുമുള്ള നീരൊഴു ക്ക് എത്രയെന്ന് കണ്ടെത്തി, കുറഞ്ഞ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി ജനകീയമായി തയ്യാറാക്കുക.

● പുഴയിൽ നിന്നും വെള്ളമെടുക്കുന്ന വാട്ടർ തീം പാർക്കുകൾക്ക് ഇനി അനുമതി നൽകാതിരിക്കുക.

● അണക്കെട്ടുകൾക്ക് താഴെ നീരൊഴുക്ക് നിലച്ച പുഴകളിൽ പാരിസ്ഥിതിക നീരൊഴുക്ക് തിരിച്ചുകൊണ്ടുവരാനാവശ്യമായ കാര്യങ്ങൾ ചെയ്യുക.

● സർക്കാറുകൾ നിശ്ചയിക്കുന്ന കൃത്രിമമായ ഒഴുക്ക് പുഴകൾക്ക് ജൈവികമായി നിലനിർത്താൻ കഴിയാത്ത അവസ്ഥ പരിഗണിച്ച് അന്തർസംസ്ഥാന ജലക്കരാറുകൾ തിരുത്തിയെഴുതുക. പുഴയുടെ സ്വാഭാവിക നീരൊഴുക്കിനെ നശിപ്പിക്കുന്ന നദീസംയോജന കരാറുകൾ നടപ്പിലാക്കാതിരിക്കുക.

● ജനങ്ങളുടെ സുരക്ഷയും നദിയുടെ ഒഴുക്കും പരിഗണിച്ച് കാലപ്പഴക്കം ചെന്ന ഡാമുകൾ ഡീകമ്മീഷൻ ചെയ്യുക. അതിനായി ഒരു ഡാം സുരക്ഷാ ഏജൻസി രൂപീകരിക്കുക.

● പഞ്ചായത്ത് തലത്തിൽ ജലകണക്കെടുപ്പ് നടത്തിയും ജലസ്രോതസ്സുകൾ രേഖപ്പെടുത്തിയും ജലഉപഭോഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

● ജലസംരക്ഷണം പഞ്ചായത്തുകളുടെ കർമ്മപദ്ധതിയുടെ ഭാഗമാക്കുക.

● ഭക്ഷ്യ മേഖലയിലെ സ്വാശ്രയത്തെ മുന്നിൽ കണ്ടുകൊണ്ട് മേൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പ്രാദേശിക സംഘടനകളുടെയും സഹകരണ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ ആരംഭിക്കുക .

● സംസ്ഥാന തലത്തിൽ top soil conservation task force രൂപികരിക്കുകയും പ്രവർത്തനങ്ങൾ സജീവമാക്കുകയും വേണം. ഊർജ്ജോൽപാദനത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമെന്ന നിലയിൽ മേൽമണ്ണിന്റെ സംരക്ഷണത്തിന് പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങളിൽ സുപ്രധാന ഇടം കൊടുക്കുക.

● വന-ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളെ വെവ്വേറെ കാണാതെ പരസ്പര ബന്ധിത പ്രവർത്തനങ്ങളായി പരിഗണിച്ചു കൊണ്ടുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട് .ഈ മൂന്നു അടിസ്ഥാന വിഭവങ്ങൾക്കും കോട്ടം തട്ടാതെയുള്ള വികസന പ്രവർത്തനങ്ങൾ മാത്രമേ സാധ്യമാക്കാവു .

● ഭൂഗർഭജലം പൊതുഉടമസ്ഥതാ അവകാശത്തിലേക്ക് കൊണ്ടുവരികയും ആവശ്യങ്ങളെന്തെന്ന് പരിശോധിച്ച് ഭൂഗർഭജലം ഊറ്റിയെടുക്കുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുംചെയ്യുക. കൊക്കക്കോള പോലെ ആഢംബര മൂല്യം മാത്രമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് വേണ്ടി ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തുക. കുഴൽക്കിണറുകൾ നിയന്ത്രിക്കുക.

● നെൽവയലുകളും തണ്ണീർത്തടങ്ങളും കാർഷിക ആവശ്യത്തിന് മാത്രമേ കൈമാറാവൂ എന്ന് 2008ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തുക. ആറന്മുളയിലെ 1500 ഏക്കർ വയൽ പ്രദേശം നിയമവിരുദ്ധമായ രീതിയിൽ വ്യവസായ മേഖലയായി പ്രഖ്യാപിച്ച നടപടി റദ്ദാക്കുക.

● നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചതായി കണ്ടെത്തിയിട്ടുള്ള തൃശൂർ ശോഭ സിറ്റി അടക്കമുള്ള സംരംഭങ്ങൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുക.

● കണ്ടൽക്കാടുകൾ വെട്ടിനശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക. 700 ച.കി.മീ ഉണ്ടായിരുന്ന കണ്ടൽക്കാടുകൾ ഇന്ന് വെറും 17 ച.കി.മീ ആയി കുറഞ്ഞതിന് കാരണം അന്വേഷിക്കുക. സി.ആർ. ഇസഡ് നിയമത്തിലുള്ള വ്യവസ്ഥകൾ പാലിച്ചു കൊണ്ട് അവശേഷിക്കുന്ന കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ നടപടിക ളുണ്ടാവുക.

● ഇടനാടൻ കുന്നുകളുടെ സംരക്ഷണത്തിന് നിയമം നിർമ്മിക്കുക. കുന്നുകളിൽ നിന്നുള്ള മണ്ണ്, കല്ല് എന്നിവയുടെ ഖനനത്തിന് കർശന നിയന്ത്രണം കൊണ്ടുവരുക.

● പാറയുൾപ്പെടെയുള്ള എല്ലാത്തര ഖനിജങ്ങളും കേരളത്തിന്റെ ഏതെല്ലാം പ്രദേശത്ത് നിന്നും ഇനി എത്രയളവിൽ എടുക്കാം എന്നതിനെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തി വിവരങ്ങൾ പൊതു സമൂഹത്തിനും ലഭ്യമാക്കുക. ഈ വിവരങ്ങൾ ഗ്രാമ സഭകളിൽ ചർച്ചചെയ്യുകയും പുനപരിശോധി ക്കപ്പെടുകയും വേണം.

● ക്വാറികളും അനുബന്ധ ഘടകങ്ങളായ ക്രഷറുകളും എംസാന്റ്, റെഡിമിക്സ് യൂണിറ്റുകളും സർക്കാർ നിയന്ത്രണത്തിൽ പൊതുമേഖല യിലാക്കുക. സാധാരണ ജനങ്ങൾക്ക് നിയന്ത്രിതമായ അളവിൽ കുറഞ്ഞ വിലയിൽ ഇവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. പരിസ്ഥിതി അനുമതിയില്ലാത്ത ക്വാറി-ക്രഷർ യൂണിറ്റുകൾ അടച്ചുപൂട്ടുക. കേരള പരിസ്ഥിതി ആഘാത പഠന അതോറിറ്റി പരിഷ്കരിക്കുക. ക്വാറികളും അനുബന്ധ യൂണിറ്റുകളും പഞ്ചായത്തീരാജ് ആക്ടിന് വിധേയമായി ഗ്രാമസഭകളുടെ അംഗീകാരത്തോടെ മാത്രം അനുവദിക്കുക. കടലിൽ കല്ലിട്ട് തീരദേശം സംരക്ഷിക്കുന്ന അശാസ്ത്രീയ നടപടി നിർത്തിവയ്ക്കുക. ക്വാറികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പതിവായി അഴിമതി നടത്തുന്ന മൈനിംഗ് ആന്റ് ജിയോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് സമഗ്രമാക്കി, ചട്ടങ്ങൾ പുനർനിർവചിച്ച് നിയമമാക്കുക. കേരളത്തിൽ നടക്കുന്ന എല്ലാ ക്രഷർ-ക്വാറി വിരുദ്ധ സമരങ്ങളും ന്യായമായി പരിഹരിക്കുക. ക്വാറി മാഫിയയുടെ ഭാഗത്ത് നിന്നും സമരപ്രവർത്തകർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.

● ക്വാറി, ക്രഷർ, എം സാന്റ് യൂണിറ്റുകൾക്ക് മേൽ വ്യവസായവകുപ്പിനുള്ള അധികാരം എടുത്തുകളയണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ സർക്കാർ നിയന്ത്രണത്തോടെ ഇവ നടപ്പിലാക്കണം.

● കുന്നിടിക്കൽ, കല്ലുവെട്ട്, മണൽ-മണ്ണ് ഖനനം തുടങ്ങിയവയെല്ലാം ഖനന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. പരിസ്ഥിതി ആഘാത പഠനം എല്ലാ ഖനനങ്ങൾക്കും നിർബന്ധമാക്കണം.

● തീരവും പശ്ചിമഘട്ടവും തകർക്കാൻ പോകുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് സർക്കാർ പുനർചിന്ത നടത്തുക. വിഴിഞ്ഞത്ത് പുലിമുട്ട് നിർമ്മിക്കാൻ 70 ലക്ഷം ടൺ പാറകൾ എവിടെ നിന്നാണ് കണ്ടെത്താൻ പോകുന്നതെന്ന് വ്യക്തമാക്കുക. 66 ഹെക്ടർ കടൽ നികത്തുന്നതിനുള്ള പാറയുടെ സ്രോതസ്സും വ്യക്തമാക്കുക. വിഴിഞ്ഞത്ത് ഈ നിർമ്മാണ പ്രവർത്തനങ്ങളുണ്ടാക്കാൻ പോകുന്ന പാരിസ്ഥിതക പ്രശ്നങ്ങളെക്കുറിച്ച് സഞ്ചിത ആഘാത അവലോകനം നടത്തുന്നതിന് സർക്കാർ തയ്യാറാവുക. വിഴിഞ്ഞം പദ്ധതിയുടെ ലാഭക്ഷമതയെക്കുറിച്ചുള്ള പഠനങ്ങൾ സൂചിപ്പിച്ച നഷ്ടവും വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് പദ്ധതിയുടെ പരാജയവും മത്സ്യമേഖലയ്ക്കുണ്ടാകാൻ പോകുന്നതായി വിദഗ്ധർ വിലയിരുത്തിയ നാശനഷ്ടങ്ങളും മുഖവിലയ്ക്കെടുത്ത് സർക്കാർ വിഴിഞ്ഞം പദ്ധതിയിൽ നിന്നും പിന്മാറുക.

● കേരളത്തിന്റെ തീരദേശത്ത് നടക്കുന്ന സി.ആർ.ഇസഡ് നിയമലംഘനങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

● തീരദേശത്തിന്റെ (ഭൂമിയും കടലും) ഉടമസ്ഥാവകാശം മത്സ്യതൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്ന തരത്തിൽ, വനാവകാശ നിയമത്തിന്റെ മാതൃകയിൽ നിയമം നിർമ്മിക്കുക.

● തീരശോഷണവും മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഗണിച്ച് കൊല്ലം ജില്ലയിലെ ആറാട്ടുപുഴയിൽ നടക്കുന്ന കരിമണൽ ഖനനം ഉപേക്ഷിക്കുക. വർഷങ്ങളായി തുടരുന്ന കരിമണൽ ഖനനം കാരണം തീരം നഷ്ടമായ ആറാട്ടുപുഴ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കുക. കരിമണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച് കൊടുക്കാതിരിക്കുക.

● മത്സ്യബന്ധന മേഖലയിൽ ഉല്പാദനം-വിതരണം - സംസ്കരണം എന്നെ രംഗത്ത് പ്രാദേശിക സമൂഹം പുറം തള്ളപെടുകയും അവിടേക്ക് വൻകിട കുത്തകകൾ കടന്നു വരുകയും ചെയ്തിരിക്കുന്നു. ഉത്പാദന മാന്ദ്യം മറ്റൊരു പ്രധാന പ്രശ്നമാണ്. 1992 ലെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ാഗമായി വിദേശ കമ്പനികൾക്ക് മുൻപിൽ ആദ്യം തുറന്നിട്ട് കൊടുത്തത് കടലായിരുന്നു. കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ കാലത്ത് വന്ന മീനാകുമാരി റിപ്പോർട്ട് മത്സ്യബന്ധന മേഖലയെ പൂർണ്ണമായും തകർക്കാനുള്ള നിർദേശങ്ങളാണ് മുന്നോട്ടുവച്ചത്. വിദേശകപ്പലുകളുടെ സ്വതന്ത്ര വിഹാരം സാധ്യമാക്കുന്ന നയങ്ങൾ ആയിരുന്നു അതിൽ ഉണ്ടായിരുന്നത്. നിലവിലെ സർക്കാരും ഈ നയത്തെ പിന്താങ്ങുകയാണ്. കേന്ദ്ര സർക്കാർ പറയുന്ന രണ്ടാം നീല വിപ്ലവം ഏതുവിധേനെയുമുള്ള

ഉത്പാദന വർദ്ധനവ് മാത്രമാണ് ലക്ഷ്യം വെയ്ക്കുന്നത്. കടലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ഇത് തകർക്കും. മീനാകുമാരി റിപ്പോർട്ട് മരവിപ്പിച്ചെങ്കിലും വിദേശ കപ്പലുകൾക്ക് കടലിലിറങ്ങാനുള്ള അനുമതിയെ സംബന്ധിച്ച് ഇനിയും തീരുമാനങ്ങൾ എടുത്തിട്ടില്ല.

● വിദേശകപ്പലുകളുടെ കൊള്ളയും സമുദ്രമലിനീകരണവും കാലാവസ്ഥ വ്യതിയാനവും കേരളത്തിന്റെ മത്സ്യസമ്പത്തിനെ എത്രമാത്രം നശിപ്പിച്ചു എന്നതിനെക്കുറിച്ച് വിശദമായി പഠിക്കുകയും ഇവ തടയുന്നതിനുള്ള ഫലപ്രദമായ നയപരിപാടികൾക്ക് രൂപം നൽകുകയും ചെയ്യുക.

● തീരശോഷണം തടയുന്നതിന് പുലിമുട്ടും കടൽഭിത്തിയുമല്ലാത്ത പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുക. മത്സ്യബന്ധന ഉപകരണങ്ങളുടെയും ഉരുക്കളുടെയും മുഴുവൻ ഉടമസ്ഥാവകാശം മത്സ്യ തൊഴിലാളികൾക്കോ അവരുടെ സഹകരണ സംഘങ്ങൾക്കോ മാത്രമായി നിജപ്പെടുത്തുക .

● കേരള അക്വാറിയം (ഫിഷറീസ്) റിഫോം ആക്ട് 2008 നടപ്പിലാക്കുക .

● ലേബർ ഇന്റെന്സീവ് (തൊഴിൽ സാന്ദ്രമായ) മേഖല എന്ന നിലയ്ക്ക് മത്സ്യബന്ധന മേഖലയെ സഹകരണവൽക്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക. ❑

# സാമൂഹ്യനീതി/ലിംഗനീതി/മനുഷ്യാവകാശം/ മത-രാഷ്ട്രീയ ഫാസിസം/മാഫിയാവൽക്കരണം

കേരളീയ സമൂഹത്തിൽ ധനിക-ദരിദ്ര അനുപാതത്തിലെ വിടവ് താരതമ്യേന കുറവാണെന്ന അവസ്ഥയായിരുന്നു പൊതുവിൽ നിലനിന്നിരുന്നത്. ഒരു സമൂഹമെന്ന നിലയിൽ ആദിവാസി-ദളിത് വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വർദ്ധിച്ച ദാരിദ്ര്യത്തേയും സാമൂഹ്യ പിന്നാക്കാവസ്ഥയെയും പരിഗണിക്കാതെയായിരുന്നു ഈയൊരു കണക്കുകൾ നാം ഇതുവരെ അവതരിപ്പിച്ചുകൊണ്ടിരുന്നത് എന്നത് മറ്റൊരു യാഥാർത്ഥ്യം. കേരള വികസന മാതൃകകളെ സംബന്ധിച്ചുള്ള സംവാദങ്ങളിൽ ആവർത്തിച്ച് പരാമർശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ധനിക-ദരിദ്ര വിഭാഗങ്ങൾക്കിടയിലെ കുറഞ്ഞ വിടവ് എന്നത് ഇന്ന് പഴങ്കഥയായി മാറിയിരിക്കുന്നു എന്ന കാര്യം ഔദ്യോഗിക സാമ്പത്തിക ശാസ്ത്രജ്ഞന്മാരും ആസൂത്രണ വിദഗ്ദ്ധരും അടക്കം സമ്മതിച്ചുതുടങ്ങിയിട്ടുണ്ട്. ഭക്ഷണം, പാർപ്പിടം, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ലഭ്യമാകുന്ന അവസ്ഥയിൽ മാത്രമേ നീതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സാമൂഹ്യബന്ധങ്ങൾ സാധ്യമാകുകയുള്ളൂ. അതുകൊണ്ടുതന്നെ പ്രകൃതി വിഭവങ്ങളിന്മേലും, സാമൂഹ്യസുരക്ഷാ സംവിധാനങ്ങളിലും ജനാധികാരം സ്ഥാപിച്ചെടുക്കുക എന്നത് സുപ്രധാന കടമയായി മാറിയിട്ടുണ്ട്. കഴിഞ്ഞ ആറുപതിറ്റാണ്ടു കാലത്തെ വികസന പ്രവർത്തനങ്ങൾ ഓരങ്ങളിലേക്ക് തള്ളിയിട്ട ആദിവാസി-ദളിത്-പിന്നാക്ക വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ സ്വീകരിക്കേണ്ടതുണ്ട്. ഭൂരഹിതരായ ഈ വിഭാഗങ്ങൾക്ക് ഭൂമിയിന്മേലുള്ള അവകാശം സ്ഥാപിച്ചുകൊണ്ടുമാത്രമേ സാമൂഹ്യ നീതി ഉറപ്പുവരുത്താൻ സാധിക്കൂ.

## ലിംഗനീതി

മനുഷ്യൻ എന്ന നിലയിലുള്ള ഐഡന്റിറ്റിയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള നീതിനിഷേധവും അവഗണനകളും ആധുനിക യുഗത്തിലും അനുഭവിക്കുന്നു എന്നത് തന്നെയാണ് ലിംഗനീതി സമത്വവുമായി ബന്ധപ്പെട്ട് സ്ത്രീകൾ നേരിടുന്ന കാതലായ പ്രശ്നം. സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സാന്നിദ്ധ്യം ഉണ്ടെങ്കിലും അധികാര പങ്കാളിത്തം, ചലന സ്വാതന്ത്ര്യം, തൊഴിൽ നീതി, സാമൂഹ്യ പരിഗണനകൾ, വ്യവസ്ഥാപിത മതകുടുംബ വിദ്യാഭ്യാസ സദാചാര സ്ഥാപനങ്ങൾ തുടങ്ങി സർവ്വ മേഖലകളിലും അടിസ്ഥാനപരമായി ഇത് നിലനിൽക്കുന്നുണ്ട്. പക്ഷേ അത് തിരിച്ചറിയുന്നതിൽ കേരള സമൂഹം ഏറെയൊന്നും മുന്നോട്ടുപോയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പരിസ്ഥിതി സമര ചെറുത്തുനിൽപുകൾക്ക് കിട്ടുന്ന അംഗീകാരവും പിന്തുണയും ലിംഗനീതിക്കുവേണ്ടിയുള്ള ചെറുത്തുനിൽപ്പുകൾക്ക് പൊതുവേ കേരളത്തിൽ ലഭിക്കുന്നില്ല എന്നത് അതിനുദാഹരണമാണ്. തൊഴിൽ മേഖലകളിൽ സ്ത്രീകളെ കൂടുതലായി കൊണ്ടുവരുന്നതിന്റെ മൂലധന താൽപര്യം അസംഘടിതർ എന്ന സൗകര്യത്തിൽ കൂടുതൽ തൊഴിൽ, കുറഞ്ഞ ശമ്പളം തുടങ്ങിയവയ്ക്കെതിരെ ഈ മേഖലയിൽ ഉണ്ടാകുന്ന സമരങ്ങൾക്ക് പൊതുസമൂഹത്തിന്റെ പ്രത്യേകിച്ചും സ്ത്രീ സമൂഹത്തിന്റെ പിന്തുണ ലഭിക്കുന്നില്ല എന്നത് ഇവിടങ്ങളിൽ സ്ത്രീ സമൂഹം അനുഭവിക്കുന്ന ലിംഗപ്രശ്നങ്ങളുടെ യഥാർത്ഥ മുഖം തുറന്നിടുന്നുണ്ട്. ലിംഗനീതിക്കുവേണ്ടിയും സദാചാര പോലീസിങ്ങിനെതിരെയും കാമ്പസുകളിൽ പെൺകുട്ടികളുടെ നേതൃത്വത്തിൽ ഉയർന്നുവരുന്ന സമരങ്ങളോടുള്ള പൊതു സമൂഹത്തിന്റെ നിലപാടുകളും ഇതിനോട് ചേർത്ത് വായിക്കുക. മതങ്ങളുടെ സ്ത്രീ വിരുദ്ധതയ്ക്കെതിരെ (ശബരിമല പ്രവേശനമായായും പള്ളി പ്രവേശനമായാലും) കേരളത്തിന് പുറത്ത് സമരങ്ങളും ശബ്ദങ്ങളും ഉയർന്നുവരുന്നുണ്ട്. എന്നാൽ ഇവിടെ സ്ത്രീ സംഘടനകൾ അടക്കം നിലപാട് വ്യക്തമാക്കാതെ നിൽക്കുകയാണ്.

ആർത്തവവുമായി ബന്ധപ്പെട്ട സമരം, വസ്ത്രധാരണവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ചർച്ചകൾ. തെരഞ്ഞെടുപ്പിലെ സ്ത്രീകളുടെ സ്ഥാനാർത്ഥിത്വം എന്നിങ്ങനെയുള്ള വിഷയങ്ങൾ പൊതുവെ ആരും ഏറ്റെടുക്കാറില്ല. അതിനുള്ള അന്വേഷണങ്ങളും സ്ത്രീകളുടെ മുൻകയ്യിൽ നടക്കുന്നില്ല. അടിസ്ഥാനപരമായി നിലനിൽക്കുന്ന സ്ത്രീവിരുദ്ധത ഇവർ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

പുരുഷാധിപത്യം സൃഷ്ടിച്ച, സ്ത്രീയുടെയും പുരുഷന്റെയും തലയിൽ കെട്ടിയേൽപ്പിച്ച മൂല്യങ്ങളെയും സങ്കൽപങ്ങളെയും സ്ത്രീപക്ഷത്തുനിന്നുകൊണ്ട് ചോദ്യം ചെയ്യേണ്ടതുണ്ടെങ്കിലും അതിനെ മറികടക്കാനുള്ള സംഘടിത ശേഷി ഇന്നും കേരളത്തിലെ സ്ത്രീകൾ കൈവരിച്ചിട്ടില്ല. പൊതുവേ ആൺകോയ്മയുടെ കാഴ്ചപ്പാടിനനുസരിച്ചാണ് ലിംഗനീതിയുടെ പ്രശ്നം ചർച്ച ചെയ്യപ്പെടുന്നത്. ഭയപ്പെടുത്തി ഒതുക്കുക, എപ്പോഴും സംരക്ഷണം കൊടുക്കുക, സദാചാര പോലീസിങ്ങ് നടത്തുക എന്നതിനപ്പുറം മറ്റൊന്നും ഇവിടെ സംഭവിക്കുന്നില്ല. ലൈംഗിക പീഡനങ്ങളുമായി ബന്ധപ്പെടുത്തിയാണ് സ്ത്രീ പ്രശ്നങ്ങൾ എപ്പോഴും ചർച്ച ചെയ്യുന്നത്. ഇതുകൊണ്ട് സ്ത്രീകളുടെ ശാക്തീകരണം സംഭവിക്കുകയില്ല. പൊതു ഇടങ്ങളും സഞ്ചാരങ്ങളും തൊഴിൽ ഇടങ്ങളും കുറേക്കൂടി സ്ത്രീ സൗ

ഹൃദപരമാകണം, കായിക ശാക്തീകരണത്തിന് കൂടി ഉതകുന്ന വിനോദങ്ങൾ പ്രോത്സാഹിപ്പിക്കണം, (സ്ത്രീകൾക്കും പെൺകുട്ടികൾക്കും പൊതുവിനോദത്തിനുള്ള ഇടങ്ങളും ക്ലബ്ബുകളും ലഭ്യമാകുന്ന തരത്തിലുള്ള കാഴ്ചപ്പാട് ഇല്ലാത്തതുകൊണ്ട് കൂടിയാണ് പുതുതലമുറക്കാർ ഇന്റർനെറ്റിലൂടെയുള്ള സദാചാര പ്രശ്നങ്ങളിലേക്ക് തിരിയുന്നത്). പൊതു ടോയ്‌ലറ്റുകൾ ഒരുക്കുക, കുറ്റകൃത്യങ്ങളിൽ എത്രയും പെട്ടെന്ന് നിയമ-ശിക്ഷാ നടപടികൾ കൈക്കൊള്ളുക, ലിംഗനീതിക്ക് പ്രാധാന്യം നൽകി പാഠ്യപദ്ധതി പരിഷ്കരിച്ച് വ്യാപിപ്പിക്കുക, സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാധ്യമങ്ങളുടെ സമീപനങ്ങളിൽ മാറ്റം കൊണ്ടുവരിക, സ്ത്രീകളെ മാത്രം ബോധവൽക്കരിച്ച് നന്നാക്കിയേക്കാം എന്ന പൊതുസമീപനം മാറ്റിവെച്ച് ബോധവൽക്കരണത്തിൽ രണ്ട് കൂട്ടർക്കും തുല്യപ്രാധാന്യം നൽകുക, വീടകങ്ങളിലായാലും പൊതു ഇടങ്ങളിലായാലും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ഗൗരവത്തോടെ കാണുക. (ലൈംഗീക ചുവയുള്ള നോട്ടം പോലും തങ്ങൾക്കെതിരായുള്ള കുറ്റകൃത്യമാണെന്ന് സ്ത്രീകൾക്ക് ബഹുഭൂരിപക്ഷത്തിനും അറിയില്ല). ടെലിവിഷനുകളിലും പൊതു ഇടങ്ങളിലും ഇവയെ ഒക്കെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക. ഇത്തരത്തിലുള്ള അനവധി നിരവധി ചർച്ചകളിലൂടെയും ഇടപെടലുകളിലൂടെയും ലിംഗനീതി പ്രശ്നത്തെ ഉയർത്തിക്കൊണ്ട് വരലും പരിഹാരം തേടലും അടിയന്തിര പരിഗണന അർഹിക്കുന്ന ഒന്നായി അധികൃതരും പൊതുജനങ്ങളും കാണേണ്ടിയിരിക്കുന്നു. സാമൂഹ്യ രാഷ്ട്രീയ വൈയക്തിക മണ്ഡലങ്ങളിൽ കാലാകാലങ്ങളായി അടിയുറച്ച സ്ത്രീവിരുദ്ധതയെ അത്ര എളുപ്പത്തിൽ തുടച്ചുമാറ്റാനാവില്ല എന്നതുകൊണ്ടുതന്നെയാണ് നിരന്തരമായ ചർച്ചകളും കണിശമായ ഇടപെടലും വേണ്ടിവരുന്നത്.

ഉയർന്ന സാക്ഷരതയും ജീവിതനിലവാരവും ഉണ്ടെന്ന് അവകാശപ്പെടുന്ന കേരളത്തിൽ സ്ത്രീകളുടെ പദവികളെ സംബന്ധിച്ച് ഗൗരവമായ അന്വേഷണങ്ങളും സൂക്ഷ്മപഠനങ്ങളും നടക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. കേരളത്തിലെ കാണാതായിക്കൊണ്ടിരിക്കുന്ന പെൺകുട്ടികളുടെ എണ്ണം സ്ഥിതിഗതികൾ സുഖകരമല്ല എന്ന ഓർമ്മപ്പെടുത്തലുകളിലേക്കാണ് കൊണ്ടുചെന്നെത്തിക്കുന്നത്. 1991 മുതൽ 2011 വരെയുള്ള ജനസംഖ്യാ കണക്കെടുപ്പിൽ 0–6 വരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം 958–960നും ഇടയ്ക്കാണ് എന്ന വസ്തുത വരാനിരിക്കുന്ന തലമുറയിൽ സ്ത്രീകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരുത്തും എന്നതാണ് കാണിക്കുന്നത്. മൊത്തം ജനസംഖ്യയിൽ സ്ത്രീകളുടെ സംഖ്യ 1084 എന്ന നിലയിലാണെങ്കിൽ കൂടിയും മൂന്ന് തുടർച്ചയായ സെൻസസുകളിലും പെൺകുഞ്ഞുങ്ങളുടെ സംഖ്യ കുറഞ്ഞുവരുന്നത് ആശാവഹമായ സംഗതിയല്ല. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ സാന്നിദ്ധ്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവാണെന്നതും പൊതുരംഗങ്ങളിൽ നിന്ന് സ്ത്രീകളെ ബോധപൂർവ്വം മാറ്റിനിർത്താനുള്ള പ്രവണത ഏറിവരുന്നുണ്ടെന്നതും ശ്രദ്ധിക്കേണ്ട സംഗതിയാണ്. ജനസംഖ്യയിൽ 52%ത്തോളം വരുന്ന സ്ത്രീകളിൽ നിന്നും സംസ്ഥാന രൂപീകരണത്തിന് ശേഷം ഒരൊറ്റ വനിതാ മുഖ്യമന്ത്രിയും കേരളം ഭരിച്ചിട്ടില്ല എന്നതും സംസ്ഥാന നിയമസഭയിലെ സ്ത്രീ പ്രാതിനിധ്യം 6% മുതൽ 14% വരെ മാത്രമായിരുന്നുവെന്നതും ഒക്കെ കേരളത്തിന്റെ ഉയർന്ന സാമൂഹ്യജീവിത നിലവാരത്തെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലേക്ക് പരിഭാഷപ്പെടുത്താൻ സഹായിച്ചിട്ടില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

- സ്ത്രീ കേന്ദ്രീകൃതങ്ങളായ സദാചാര സങ്കല്പങ്ങൾ ഉടച്ചുവാർക്കുക.
- കുടുംബങ്ങളിലെ സ്ത്രീപുരുഷ ബന്ധങ്ങളെ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക. കുടുംബം എന്ന സ്ഥാപനത്തെ ജനാധിപത്യവത്കരിക്കുന്നതിനായി കോഹാബിറ്റേഷൻ പോലെയുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- വിദ്യാഭ്യാസ മേഖലയിൽ ആൺ-പെൺ ബന്ധങ്ങളെ സൗഹൃദപരവും ജനാധിപത്യപരവും ആക്കേണ്ടതുണ്ട്. അതിനായി ചെറുപ്പം മുതൽ വേർതിരിച്ചിരുത്തി പഠിപ്പിക്കുന്ന രീതി മാറ്റുക.
- പൊതുഇടങ്ങൾ പകലും രാത്രിയും സ്ത്രീയെ ഭയപ്പെടുത്തുന്ന ഇടങ്ങളായി മാറിയിട്ടുണ്ട്. എല്ലായിടങ്ങളിലും (പൊതുനിരത്തും, ഇടവഴികളും, കടൽത്തീരവും, സിനിമാശാലയും...) അധികാരവും അവകാശവും പ്രഖ്യാപിക്കാനും നേടിയെടുക്കാനും കഴിയുക.
- സ്വന്തം ശരീരത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള ഭയവും അപകർഷതയും ഇല്ലാതെ വളരാൻ ചെറുപ്പം മുതൽ പരിശീലനം നൽകുക.
- അധികാരസ്ഥാനങ്ങളിലുള്ള സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുക. സ്ത്രീകളെ അധികാരത്തിൽ നിന്നും മാറ്റിനിർത്തുന്ന രാഷ്ട്രീയ കുറ്റകൃത്യം അവസാനിപ്പിക്കുകയും എല്ലാ തെരഞ്ഞെടുപ്പുകളിലും പകുതി സീറ്റുകളിൽ സ്ത്രീകളെ മത്സരിപ്പിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ തയ്യാറാവുകയും ചെയ്യുക.
- പുരുഷന്റേത് മാത്രമായിരുന്ന തൊഴിൽ മേഖലകളിലും ഉല്പാദനമേഖലകളിലും ഇന്ന് സ്ത്രീ ഉണ്ടെങ്കിലും സാമ്പത്തിക അധികാരവും സ്വത്തധികാരവും പരിമിതമായ തോതിൽ മാത്രം കയ്യാളുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇതിന് പരിഹാരം കാണുക.
- സ്ത്രീകൾക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുക.
- ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിലവിൽ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ (യാത്രാ പാസുകൾ, മെഡിക്കൽ സർട്ടി

ഫിക്കറ്റുകൾ..) പരിഹരിക്കുന്നതിനും അടിയന്തരമായി ഇടപെടുക.

### ട്രാൻസ്ജെൻഡർ നയം

ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ ഒരു പരിധിവരെ അഭിമുഖീകരിക്കാൻ കേരളീയ സമൂഹത്തിന് സാധിച്ചുവെന്നത് അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവർക്ക് അഭിമാനിക്കാൻ വകയുള്ള സംഗതിയാണ്. എന്നിരുന്നാലും ട്രാൻസ്ജെൻഡേഴ്സിനോടുള്ള പൊതു സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും മനോഭാവത്തിൽ വലിയരീതിയിലുള്ള മാറ്റം ആവശ്യമാണ്. ഈ വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുക, വിദ്യാഭ്യാസം, ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ എന്നിവ തുല്യതയോടെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നിവയൊക്കെ സുപ്രധാന സംഗതികളാണ്. ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽ പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും അരെ മുഖ്യധാരാ സമൂഹത്തിലെത്തിക്കാനും സംസ്ഥാനത്തിൽ ട്രാൻസ്ജെൻഡേഴ്സ് ജസ്റ്റിസ് ബോർഡ് രൂപീകരിക്കുക. ലൈംഗികതയെ കുറ്റകൃത്യമാക്കുന്ന ഐപിസി 377 വകുപ്പ് നടപ്പാക്കാതിരിക്കുക, ട്രാൻസ്ജെൻഡേഴ്സിന്റെ പ്രശ്നങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവ എത്രയും പെട്ടെന്നുതന്നെ ചെയ്യേണ്ടകാര്യങ്ങളാണ്.

### മനുഷ്യാവകാശം

മുതലാളിത്തം ഒരുഭാഗത്ത് അതിന്റെ തകർച്ചയെ നേരിടുമ്പോൾ തന്നെ, മറുഭാഗത്ത് സാധ്യമായത്രയും നിയന്ത്രണം കൈപ്പിടിയിലൊതുക്കാനുള്ള ശ്രമത്തിലാണ്. അതിന്റെ പരിണിതഫലമെന്ന നിലയ്ക്ക് ലോകമൊട്ടാകെ മുതലാളിത്ത സൈനിക ഭരണത്തിലേക്ക് അതിവേഗം കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. പ്രകൃതി വിഭവങ്ങളിന്മേലും വികസന നയരൂപീകരണങ്ങളിലും ഉള്ള നിയന്ത്രണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ കൂടുതൽ സൈന്യവൽക്കരണം സാധ്യമാക്കുക എന്നതായിരിക്കും അതിന്റെ തന്ത്രങ്ങളിലൊന്ന്. അമേരിക്കയിലുള്ള മർദ്ദിത സ്വഭാവം ഇങ്ങ് കേരളത്തിൽ വരെ കണ്ടേക്കാമെന്ന് സാരം. മുഖ്യധാരാ രാഷ്ട്രീയപ്രവർത്തകർ സ്വകാര്യമൂലധനത്തിന്റെ കാര്യസ്ഥന്മാരും പോലീസുകാർ അതിന്റെ ഗുണ്ടകളും ജനങ്ങൾ അടിയാളന്മാരുമായി മാറുന്ന വ്യവസ്ഥതന്നെയാണ് ഈയൊരു ഘടനയിൽ രൂപപ്പെടുക. ഇതിനുവേണ്ടി മുതലാളിത്ത വ്യവസ്ഥതയും അതാത് ഭരണകൂടവും ഉപയോഗപ്പെടുത്തുന്നത് ടെക്നോളജിയെ ആയിരിക്കും. പൗരന്മാരുടെ ഓരോ നീക്കത്തെയും നിരീക്ഷണങ്ങൾക്ക് വിധേയമാക്കാൻ സാധ്യമാകുന്ന രീതിയിൽ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തുന്ന രീതി ഇന്ന് വ്യാപകമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെ പ്രതിഷേധം നടത്തുന്ന സംഘടനകൾക്കും വ്യക്തികൾക്കും എതിരായാണ് ഈ സാങ്കേതികവിദ്യകൾ പ്രധാനമായും ഉപയോഗപ്പെടുന്നത്. പൗരന്മാരുടെ സ്വകാര്യതകളിലേക്ക് കടന്നുകയറുന്ന ഭരണകൂട നടപടികളെ പൂർണ്ണമായും ഇല്ലാതാക്കേണ്ടതുണ്ട്.

ഭരണകൂട താൽപര്യസംരക്ഷണത്തിനായി സാങ്കേതികവിദ്യകളെ കൂട്ടുപിടിക്കുന്നതോടൊപ്പം തന്നെ ജനാധിപത്യവിരുദ്ധമായ നിരവധി നിയമങ്ങളും അതത് ഭരണകൂടങ്ങൾ കാലാകാലങ്ങളായി പടച്ചുവിടുന്നുണ്ട്. കാപ്പ, UAPA തുടങ്ങിയ നിയമങ്ങൾ ഉദാഹരണം. മനുഷ്യന്റെ മൗലികാവകാശങ്ങളെ ഹനിക്കുന്ന ഇത്തരം നിയമങ്ങൾ പൂർണ്ണമായും എടുത്തുകളയേണ്ടതുണ്ട്.

ആദിവാസി-ദളിത് സമൂഹങ്ങളോടുള്ള ഭരണകൂടത്തിന്റെയും പൊതുസമൂഹത്തിന്റെയും മനോഭാവം മനുഷ്യത്വഹീനമാണെന്ന് തെളിയിക്കുന്ന നിരവധി സംഭവങ്ങൾ സമീപകാലത്തായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസി-ദളിത് വിഭാഗങ്ങൾക്കെതിരായി നടക്കുന്ന അക്രമങ്ങളിൽ പലപ്പോഴും പോലീസും ഭരണകൂടവും നിക്ഷിപ്ത താൽപര്യങ്ങളുടെ കൂടെനിൽക്കുന്നതായി കാണാം. പല കേസുകളിലും ഇരട്ടനീതി പ്രയോഗിക്കപ്പെടുകയും ചെയ്യും. ആദിവാസികൾക്കെതിരായി പ്രയോഗിക്കപ്പെടുന്ന പോക്സോ കേസുകൾ ഇതിനുള്ള എറ്റവും വലിയ തെളിവാണ്. ഇവയെല്ലാം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുക. പൗരരുടെ അവകാശങ്ങളെ മാനിക്കുന്നവിധം അധികാരസ്ഥാപനങ്ങളെ പുനക്രമീകരിക്കുക.

### വധശിക്ഷ

ജീവിക്കാനുള്ള ഒരു പൗരന്റെ അവകാശത്തെ ഇല്ലാതാക്കുന്നു എന്നതിനപ്പുറത്ത് വധശിക്ഷ കുറ്റകൃത്യങ്ങളുടെ തോത് കുറയ്ക്കുന്നില്ല. ശിക്ഷയുടെ കാഠിന്യം എത്രകണ്ട് കൂടിയാലും കുറ്റകൃത്യം കുറയ്ക്കാൻ അത് പര്യാപ്തമാവുന്നില്ല. ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റകൃത്യത്തോടുള്ള പ്രതികാരം മാത്രമേ വധശിക്ഷയിലൂടെ നിറവേറ്റപ്പെടുന്നുള്ളൂ. ശിക്ഷാനടപടിയുടെ പേരിൽ ജീവനെടുക്കാനുള്ള ഭരണകൂടത്തിന്റെ ഈ അവകാശത്തെ പൗരസമൂഹം ചോദ്യം ചെയ്യേണ്ടതുണ്ട്. കുറ്റകൃത്യങ്ങളുമായി ബന്ധമില്ലാത്ത നിരപരാധികളായിരിക്കും മിക്കപ്പോഴും വധശിക്ഷയ്ക്ക് വിധിക്കപ്പെടുക എന്നത് ക്രൂരമാണ്. നൂറ്റി അമ്പതോളം രാജ്യങ്ങളിൽ വധഷിക്ഷ സമ്പ്രദായം എടുത്തു കളഞ്ഞിട്ടുണ്ട്. അത്തരം രാജ്യങ്ങളിൽ കുറ്റകൃത്യം കൂടിയതായി കാണുന്നില്ലെന്ന വസ്തുത നാം ശ്രദ്ധിക്കേണ്ടതുണ്ട്. അതേസമയം വധശിക്ഷ നടപ്പിലാക്കുന്ന ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ കുറ്റകൃത്യങ്ങൾ കുറയുന്നതായും കാണുന്നില്ല. ഇന്ത്യയുടെ നിയമനിർമ്മാണത്തിന് നിർദ്ദേശം കൊടുക്കുന്ന നിയമ നിർമാണ ഉപദേശ സമിതി പോലും വധശിക്ഷ നിർത്തലാക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു പരിഷ്കൃത സമൂഹമെന്ന നിലയിൽ കേരളത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനായി വധശിക്ഷയ്ക്കെതിരായി ഒരു മന

സ്സോടെ നാം ഉറച്ചുനിൽക്കേണ്ടതുണ്ട്.

## മത-രാഷ്ട്രീയ ഫാസിസം

മതപരമായ അസഹിഷ്ണുതകൾ സമൂഹത്തിൽ പല രൂപത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഏറെ ആശങ്കയുണ്ടാക്കുന്ന ഈ പ്രശ്നത്തെ സഹിഷ്ണുതയോടെ സമീപിക്കാനുള്ള ശ്രമങ്ങളില്ലെങ്കിൽ മാനവരാശിക്ക് നിലനിൽപ്പില്ല എന്ന തലത്തിലേക്ക് എത്തിയിരിക്കുന്നു കാര്യങ്ങൾ. വിവിധ മതസമൂഹങ്ങൾ നിലനിൽക്കുന്ന നാട്ടിൽ, മതങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ സംഘർഷങ്ങൾ സൃഷ്ടിക്കുന്നു എന്നത് അഭികാമ്യമായ കാര്യമല്ല. ചരിത്രപരമായ കാരണങ്ങൾ ആ സംഘർഷങ്ങളെ രൂക്ഷമാക്കുന്നു എന്നതാണ് ഇന്ത്യയുടെ സമകാലികാവസ്ഥ. കൊളോണിയൽ ബ്രിട്ടീഷ് ഭരണകാലത്ത് തുടങ്ങുകയും വിഭജനവും രാമജന്മഭൂമി തർക്കവും ഗുജറാത്തും സമാനമായ മറ്റ് കലാപങ്ങളുമായി തുടരുകയും ചെയ്യുന്നു ആ ചരിത്രപരമായ വിടവുകൾ. അത്തരം സംഘർഷങ്ങളെ രാഷ്ട്രീയ ലാഭത്തിനും വംശശുദ്ധതാവാദത്തെ പ്രതിഷ്ഠിക്കുന്നതിനും ഉപയോഗിക്കുകയാണ് സംഘപരിവാർ അടക്കമുള്ള എല്ലാ മത ഫാസിസ്റ്റ് ശക്തികളും ചെയ്തുകൊണ്ടിരിക്കുന്നത്. സംഘടിതമതങ്ങളും രാഷ്ട്രീയപാർട്ടികളും കൊളോണിയൽ ഭരണാധികാരികളും അധികാരത്തിന് വേണ്ടി കശാപ്പുചെയ്ത മതപാരസ്പര്യത്തെ എങ്ങിനെ വീണ്ടെടുക്കാം, ചരിത്രം സൃഷ്ടിച്ച മുറിവുകളെ എങ്ങിനെ ഭേദമാക്കാം എന്നതാണ് അടിയന്തിരമായി ചിന്തിക്കേണ്ട കാര്യം.

മതനിരപേക്ഷതയും ജനാധിപത്യവും നിലനിൽക്കുന്ന സമൂഹത്തിൽ മതങ്ങൾക്കും ആശയപ്രചരണത്തിന് തുല്യാവകാശമുണ്ട്. അതുകൊണ്ട് മതനിരോധനമോ മതപരമായ ആശയങ്ങളെ തടയുന്നതോ ജനാധിപത്യവിരുദ്ധമായി മാറും. മതേതരത്വത്തെയും മാനവികതയെയും മാനിക്കാത്ത മതസങ്കുചിത പ്രസ്ഥാനങ്ങളെയെല്ലാം ആശയപരമായി നേരിടുക എന്നതാണ് ജനാധിപത്യത്തിൽ സ്വീകാര്യമായ വഴി. മതേതരത്വത്തെ മുറിപ്പെടുത്തുന്നവരുടെ ധാർമ്മികബോധത്തെ ഉണർത്തുന്നതരത്തിൽ എങ്ങനെ ആശയവ്യാപനവും സാഹോദര്യവും വളർത്താം എന്നതും ചിന്തിക്കേണ്ടതുണ്ട്.

മതേതര പൊതുബോധത്തിലെ ന്യൂനപക്ഷവിരുദ്ധതയും മതേതരത്വവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഇന്ന് ഉയർന്നുവന്നിരിക്കുന്ന ഒരു പ്രധാന വിഷയമാണ്. ഭൂരിപക്ഷത്തിന്റെ മനോഭാവം പൊതുബോധമായി മാറുന്നതിനാൽ ഇന്ത്യൻ മതേതരത്വം അത്ര മതേതരത്വമല്ലെന്നും ന്യൂനപക്ഷങ്ങളോട് അസഹിഷ്ണുത പുലർത്തുന്ന സവർണ്ണത (വരേണ്യത) അതിലുണ്ടെന്നതും ഒരു യാഥാർത്ഥ്യമാണ്. എന്നാൽ, അതിന്റെ പേരിൽ ന്യൂനപക്ഷങ്ങൾ വിഘടിതമായി സംഘടിതരാകാൻ ശ്രമിക്കുന്നതും വിലപേശൽ നടത്തുന്നതും മതേതരത്വത്തെ കൂടുതൽ കലുഷിതമാക്കുകയാണ് ചെയ്യുന്നത്. ന്യൂനപക്ഷ ഭൂരിപക്ഷ വ്യത്യാസങ്ങളില്ലാത്തവിധം, സമത്വബോധത്തിൽ ജനാധിപത്യവും മതേതരത്വവും കൂടുതൽ വികസിതമാവുകയാണ് പൊതുബോധത്തിലെ വരേണ്യതയെ പരാജയപ്പെടുത്താനുള്ള മാർഗ്ഗം. മൂർത്തമായ ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ന്യൂനപക്ഷ-ഭൂരിപക്ഷ വ്യത്യാസങ്ങൾ പരിഗണിക്കേണ്ടി വന്നേക്കാം. എന്നാൽ മനുഷ്യന്റെ ഏകതയെ മറന്ന്, ആ വ്യത്യാസം അതേപടി നിലനിർത്തുന്നതുകൊണ്ട് ഗുണമുണ്ടാകുന്നത് മൗലികവാദത്തിന് മാത്രമാകും. ഈ മതേതര ജനാധിപത്യവീക്ഷണവുമായി മതങ്ങൾക്ക് പൊരുത്തപ്പെടാൻ താത്പര്യമുണ്ടോ എന്നതാണ് പ്രശ്നം. നിലവിൽ ഭൂരിപക്ഷവും ന്യൂനപക്ഷവും വിഘടിതരായി സംഘടിതരാകാനാണ് താൽപ്പര്യപ്പെടുന്നത്. ഒന്ന് അസഹിഷ്ണുതയുടെ ഭാഷ ചമയ്ക്കുമ്പോൾ മറ്റൊന്ന് പ്രതിരോധത്തിൽ ഊന്നുന്നു. ഫലത്തിൽ രണ്ടും ഹിംസാത്മകമായ ചെയ്തികളിലേക്ക് വഴിമാറുന്നു.

മതങ്ങൾ തമ്മിലുള്ള മൈത്രിയേക്കാൾ പ്രധാനം മനുഷ്യർ തമ്മിലുള്ള മൈത്രിയാണ്. മനുഷ്യർ തമ്മിലുള്ള മൈത്രി അസാധ്യമാക്കുംവിധം ജനങ്ങളെ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയുമൊക്കെയായി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചു നിർത്തുന്നതുകൊണ്ട് ആർക്കാണ് ലാഭമുണ്ടാകുന്നതെന്നും ആ ലാഭം കൊണ്ട് തഴച്ചുവളരുന്ന മതാധികാര സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന സെക്ടേറിയനിസം എന്തെല്ലാം ദുരന്തങ്ങളിലേക്കാണ് മനുഷ്യസമൂഹത്തെ കൂട്ടിക്കൊണ്ടുപോകുന്നതെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ഭരണകൂടം തന്നെയായി പരിവർത്തിക്കാൻ എല്ലാ മതങ്ങളും ആഗ്രഹിക്കുന്നത് ഭരണത്തെ തങ്ങളുടെ മതത്തിന് മേൽക്കൈയ്യുള്ള അധികാരസ്ഥാപനമായി നിലനിർത്താനാണ്.

മനുഷ്യബന്ധങ്ങളെ വിഘടിതമാക്കുന്നതിലൂടെ ജനാധിപത്യത്തെ തകർക്കുകയും സാമൂഹിക അനീതികൾ സൃഷ്ടിക്കുകയും ചെയ്യുന്ന മതാധികാരത്തെ തള്ളിക്കളയുക എന്നത് മാനവരാശിയുടെ വർത്തമാനത്തെയും ഭാവിയേയും കുറിച്ച് ആശങ്കപ്പെടുന്ന ആരുടെയും കടമയാണ്.

ഭിന്നാഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും ബോദ്ധ്യങ്ങളെയും കായികമായി ഉന്മൂലനം ചെയ്യുക എന്നത് ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ ലക്ഷണങ്ങളിലൊന്നാണ്. നിരർത്ഥകമായ ഗണബോധത്തെയും അക്രമോത്സുകതയെയും ഉപയോഗപ്പെടുത്തിക്കൊണ്ട് എതിർശബ്ദങ്ങളെ തകർക്കാൻ അത് എല്ലായ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. ഭരണകൂട സ്ഥാപനങ്ങളായ പോലീസ്, സൈന്യം എന്നിവയ്ക്കൊപ്പം തന്നെ ക്രിമിനിൽ മാഫിയ സംഘങ്ങളെയും തങ്ങളുടെ താൽപര്യ സംരക്ഷണത്തിനായി അവർ ഉപയോഗപ്പെടുത്തും. ദേശീയത, മതബോധം, പാർട്ടിഭക്തി, സാമുദായിക വേർതിരിവുകൾ, സാംസ്കാരിക വൈജാത്യങ്ങൾ എന്നിവയൊക്കെയും തങ്ങളുടെ ഹിംസാത്മക പദ്ധ

തികളുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഫാസിസ്റ്റ് രാഷ്ട്രീയത്തിന് യാതൊരു മനസ്സാക്ഷി ക്കുത്തും അനുഭവപ്പെടുകയില്ല. ആത്യന്തികമായി അധികാരക്കുത്തക നിലനിർത്തുകയും അതുവഴി മൂലധന താല്പര്യങ്ങൾ സംരക്ഷിച്ചു നിർത്തുകയും ചെയ്യുക എന്നതാണ് അതിന്റെ ധർമ്മം. അതുകൊണ്ടു തന്നെ ഫാസിസ്റ്റ് രാഷ്ട്രീയത്തെ അതിന്റെ സത്തയിൽ തന്നെ നിരാകരിക്കേണ്ടത് ജനാധിപത്യബോധമുള്ള എല്ലാവരുടെയും കടമയാണ്.

ജനാധികാര പ്രയോഗത്തിലൂടെ മാത്രമേ കേന്ദ്രീകൃത അധികാര സ്വരൂപങ്ങളെയും ഫാസിസ്റ്റ് രാഷ്ട്രീയ പ്രയോഗങ്ങളെയും നേരിടാൻ സാധിക്കു കയുള്ളൂ. പ്രാതിനിധ്യ രാഷ്ട്രീയാധികാരത്തിനുമപ്പു റത്ത് നേരിട്ടുള്ള ജനാധിപത്യത്തിന്റെ (Direct Democracy) സാധ്യതകളെ കൂടി ഗൗരവമായ അന്വേഷണ ങ്ങൾക്ക് വിധേയമാക്കേണ്ടത് രാഷ്ട്രീയ ഫാസി സത്തെ ചെറുക്കുന്നതിനുള്ള മുന്നുപാധിയാണ്. ജനാ ധികാര രാഷ്ട്രീയത്തിന് ഹിംസ ഒരുപാധിയല്ലെന്ന തിരി ച്ചറിവ് ഇവിടെ പ്രസക്തമാണ്. നീതിയുടെയും തുല്യ തയുടെയും ആദർശങ്ങൾ കയ്യേൽക്കുന്നവരെ സംബ ന്ധിച്ചിടത്തോളം ഹിംസയെ ആദർശവൽക്കരിക്കാൻ സാധ്യമല്ലതന്നെ. സാമൂഹ്യ ജീവിതത്തിൽ നിന്നും ഹിംസയെ പുറത്താക്കിക്കൊണ്ടുള്ള ഒരു രാഷ്ട്രീയ ബോധം വളർത്തിയെടുക്കുക എന്നത് നീതിക്കുവേ ണ്ടിയുള്ള പോരാട്ടങ്ങളിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ❑

# ജനാധികാരം/വിഭവാധികാരം/അധികാര വികേന്ദ്രീകരണം/ ഭരണനവീകരണം/വിവരാവകാശ നിയമം

73, 74 ഭരണഘടനാ ഭേദഗതികൾ നിലവിൽ വന്ന് ഇരുപതിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഭരണത്തിന്റെയും അധികാരത്തിന്റെയും വികേന്ദ്രീകരണം ഇനിയുമേറെ മുന്നോട്ടുപോകാനുണ്ട് എന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ജനാധികാരത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ഗ്രാമസഭകളെ ഫലപ്രദമായ അധികാരകേന്ദ്രങ്ങളാക്കി മാറ്റിത്തീർക്കാൻ കേരള പഞ്ചായത്ത് രാജ് ആക്ടിന് കഴിഞ്ഞിട്ടില്ല. അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെട്ടതിന്റെ പ്രതിഫലനങ്ങൾ പല മേഖലകളിലും ദൃശ്യമാണ്. കേന്ദ്ര-സംസ്ഥാന ഭരണകൂടത്തിന്റെ പല നയങ്ങൾക്കെതിരെയും തദ്ദേശീയ ഭരണകൂടങ്ങൾ ഏറ്റുമുട്ടേണ്ടി വരുന്ന കാഴ്ച കേരളത്തിലെ പല സമരരംഗങ്ങളിലും നമ്മൾ കാണുന്നുണ്ട്. പരിമിതമെങ്കിലും ഗ്രാമസഭകളുടെ അധികാരമുപയോഗിക്കാൻ ശ്രമിച്ച ജനങ്ങൾ പലയിടത്തും പഞ്ചായത്ത് ഭരണസമിതിയുടെ ദുർനടപടികളെ ചോദ്യം ചെയ്യുന്നതും പതിവായിട്ടുണ്ട്. എന്നാൽ അധികാരവികേന്ദ്രീകരണത്തിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് വാചാലരാകുന്ന ഇടത്-വലത് രാഷ്ട്രീയകക്ഷികളൊന്നും ജനങ്ങളുടെ അധികാരത്തെ വികസിപ്പിക്കുന്ന ശ്രമങ്ങളൊന്നും നടത്തിയില്ല എന്നുമാത്രമല്ല ഗ്രാമപഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുന്നതിനുള്ള ശ്രമങ്ങൾ പലവിധത്തിൽ തുടരുകയും ചെയ്യുകയാണ്. ആഗോള മൂലധനതാത്പര്യങ്ങൾക്കനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന പരിപാടികൾ തദ്ദേശീയ സമൂഹങ്ങളെ ബാധിക്കുന്നത് തടയാൻ കഴിയുന്ന തരത്തിൽ അധികാരം വികേന്ദ്രീകരണം ശക്തിപ്പെട്ടിട്ടില്ല എന്നുതന്നെയാണ് കേരളത്തിലെ ജനകീയ സമരങ്ങളെല്ലാം വ്യക്തമാക്കുന്നത്. പ്രകൃതിവിഭവങ്ങൾക്ക് മേൽ ജനങ്ങൾക്കുള്ള നിയന്ത്രണം ഇന്ന് വളരെ സുപ്രധാനമായ ഒരു രാഷ്ട്രീയ വിഷയമാണ്. വിഭവകൊള്ള തടയാൻ ജനങ്ങൾക്ക് അധികാരം ലഭിക്കുക എന്നത് കോർപ്പറേറ്റ് വിഭവചൂഷണത്തിന്റെ കാലത്ത് വളരെ പ്രധാനപ്പെട്ട ഒരു നയപ്രശ്നമാണ്. ഗ്രാമസഭകൾ അനുമതി നൽകിയാൽ മാത്രമെ സംസ്ഥാന-സർക്കാറുകളുടെ അനുമതിക്കായി അപേക്ഷിക്കാൻ കഴിയൂ എന്ന തരത്തിൽ നിയമം മാറേണ്ടതുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള പരിമിതമായ അധികാരങ്ങൾ പോലും കവർന്നെടുക്കുന്നതിനുള്ള ശ്രമമാണ് കേരളത്തിൽ നടക്കുന്നത്. പ്ലാച്ചിമട സമരത്തിന്റെ അനുഭവം ഒരു ഉദാഹരണം മാത്രമാണ്. കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ ചട്ടങ്ങളിലെ ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽസംബന്ധിച്ച 232-ാം വകുപ്പുപ്രകാരമാണ് കൊക്കകോള കമ്പനിക്ക് നൽകിയ പ്രവർത്തനാനുമതി പുതുക്കേണ്ടതില്ലെന്ന് പ്രാദേശിക ഭരണസ്ഥാപനമായ പെരുമാട്ടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത്. കൊക്കക്കോളയ്ക്ക് അനുകൂലമായ വികസനനയമായിരുന്നു അന്നത്തെ കേരള സർക്കാറിന്റേത് എന്നതിനാൽ പെരുമാട്ടി പഞ്ചായത്തിന്റെ ആ തീരുമാനം സർക്കാർ തടയുകയായിരുന്നു. ഭരണഘടനയുടെ 73-74 ഭേദഗതികൾക്ക് അനുസൃതമായ അധികാരങ്ങൾ പഞ്ചായത്തിനു കൈമാറാൻ ഭരണഘടനാപരമായ ബാധ്യതയുള്ള സംസ്ഥാന ഭരണകൂടമാണ് ഇത്തരത്തിലുള്ള നിലപാട് കൈക്കൊണ്ടത്. തർക്കം ഹൈക്കോടതി ബഞ്ചുകളും സുപ്രീംകോടതിയിലും വരെ എത്തിനിൽക്കുകയാണ്. പ്ലാച്ചിമടയിൽ മാത്രമല്ല, നിറ്റാജലാറ്റിൻ കമ്പനിക്കെതിരെ നടപടിയെടുത്ത കാടുകുറ്റി ഗ്രാമപഞ്ചായത്തിനും പരിസ്ഥിതി നശിപ്പിക്കുകയും ജനജീവിതം ദുസഹമാക്കുകയും ചെയ്യുന്ന ക്വാറികൾക്കും ക്രഷറുകൾക്കുമെതിരെ നടപടിയെടുത്ത ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾക്കും സമാനമായ അനുഭവമുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാരങ്ങൾ കോടതി വ്യവഹാരങ്ങളിൽ കുരുങ്ങുന്നു. ഇതിന് പരിഹാരം കാണും വിധം കേരള പഞ്ചായത്തീരാജ് നിയമം ഭേദഗതി ചെയ്യേണ്ടത് കേരളത്തിൽ അടിയന്തരമായി പരിഗണിക്കേണ്ട വിഷയമാണ്. സ്വയംഭരണത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് വികസിപ്പിക്കുന്നതിലൂടെ മാത്രമേ ജനാധികാരത്തെ ശക്തിപ്പെടുത്താൻ കഴിയൂ. എന്നാൽ ഭരണരംഗം കയ്യാളുന്ന കേരളത്തിലെ പ്രബല രാഷ്ട്രീയകക്ഷികളൊന്നും അത്തരത്തിലുള്ള ഒരു രാഷ്ട്രീയ കാഴ്ച്ചപ്പാട് പിന്തുടരാത്തതിനാലും അധികാര വികേന്ദ്രീകരണ പ്രകിയ കേരളത്തിൽ പ്രതിസന്ധി നേരിടുകയാണ്. പഞ്ചായത്തീരാജ് നിയമത്തിന്റെ മുഖ്യസവിശേഷതയായ ഗ്രാമസഭകളെ ഒരു ചടങ്ങു മാത്രമാക്കി മാറ്റിത്തീർത്തതിൽ ഈ രാഷ്ട്രീയ പാർട്ടികൾക്കെല്ലാം പങ്കുണ്ട്. ക്വാറം തികയ്ക്കാൻ ഗ്രാമസഭകളുടെ രേഖകളിൽ കൃത്രിമം കാണിക്കുകയും നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾ യഥാസമയം പൂർത്തിയാക്കാതിരിക്കുകയും ചെയ്തുകൊണ്ട് ഗ്രാമസഭാനടപടികളെ തികച്ചും പ്രഹസനമാക്കി മാറ്റുന്നതിലും ഈ രാഷ്ട്രീയ പാർട്ടികൾക്ക് പങ്കുണ്ട്. ഈ പ്രതിസന്ധിയെ എങ്ങനെ മറികടക്കാം എന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികളും ജനകീയ പ്രസ്ഥാനങ്ങളും സംയുക്തമായി ഇക്കാര്യങ്ങൾ പരിഗണിക്കണം. ഭരണഘടനയുടെ അഞ്ച്, ആറ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗോത്രവർഗ്ഗ പ്രദേശങ്ങളിലേക്ക് പഞ്ചായത്തീരാജ് നിയമം വ്യാപിപ്പിക്കു

ന്നതിന്റെ ഭാഗമായികൊണ്ടുവന്ന 1996ലെ പെസ നിയമം കേരളത്തിലെ ആദിവാസി മേഖലകളിൽ അടിയന്തര മായി നടപ്പിലാക്കണം. ആദിവാസി നിൽപ്പ് സമരം ഉന്ന യിച്ച ഈ ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ടെ ങ്കിലും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ഗ്രാമസഭയുടെ പരമാധികാ രത്തെ പൂർണ്ണമായും അംഗീകരിക്കുന്ന പെസ നിയമ ത്തിന്റെ മാതൃകയിൽ കേരള പഞ്ചായത്തീരാജ് നിയമം ഉടച്ചുവാർക്കുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്.

## ഉടൻ പരിഗണിക്കേണ്ട കാര്യങ്ങൾ

● തദ്ദേശീയ വിഭവങ്ങളുടെ മേലുള്ള അധികാരം തദ്ദേ ശീയ സമൂഹത്തിന്റെ പൊതു ഉടമസ്ഥതയിൽ ഉറ പ്പാക്കും വിധം പഞ്ചായത്തീരാജ് നിയമം ഭേദഗതി ചെയ്യുക. പൊതുഉടമസ്ഥത എന്നത് സർക്കാർ ഉടമ സ്ഥതയിൽ നിന്നും സാമൂഹ്യ ഉടമസ്ഥതയിലേക്ക് മാറ്റു ക. പൊതുഉടമസ്ഥതയിലുള്ള വിഭവങ്ങൾക്ക് മേൽ ഗ്രാമസഭയ്ക്ക് പരമാധികാരം നൽകുക. വിഭവവിനി യോഗത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം ഗ്രാമസഭയ്ക്ക്.

● ഗ്രാമസഭ എന്നത് വാർഡ് സഭയിൽ നിന്നും അയൽസഭയിലേക്ക് പുനർനിർവചിക്കുക. ജൈവപ രമായ മനുഷ്യസമൂഹങ്ങളെ അയൽസഭകളായി പരി ഗണിക്കുക (ഉദാ. ആദിവാസി ഊരുക്കൂട്ടം).

● ജനപ്രതിനിധികൾക്കുള്ളതിന് തുല്യമായതോ കൂടു തലായതോ ആയ വിവേചനാധികാരങ്ങൾ ജനപങ്കാ ളിത്തസഭകൾക്ക് നൽകുക. ഗ്രാമസഭയെ ശക്തിപ്പെ ടുത്തുന്നതിനും കൂടുതൽ അധികാരങ്ങൾ കൈമാറു ന്നതിനുമുള്ള കൂട്ടായ ശ്രമങ്ങൾ നടത്തുക.

● ഗ്രാമസഭകളുടെ തീരുമാനത്തിനെതിരെ പ്രവർത്തി ക്കുന്ന പഞ്ചായത്ത് അംഗത്തിന്റെ അംഗത്വം റദ്ദുചെ യ്യുക. തെരഞ്ഞെടുക്കപ്പെട്ട അംഗത്തെ തിരിച്ചുവിളി ക്കാനുള്ള അധികാരം ഗ്രാമസഭയ്ക്ക് നൽകുക.

● പൊതുവിഭവങ്ങളുടെ മേൽ (ജലം, പുഴ, മണ്ണ്, മിന റൽ, വിത്ത് മുതലായവ) പെസ നിയമത്തിന്റെ മാതൃ കയിൽ ജനപങ്കാളിത്തസഭകൾക്ക് അധികാരം നൽ കുക.

● അയൽസഭകൾ കൂടുന്നതിനുള്ള അധികാരം ജന ങ്ങളിൽ നിക്ഷിപ്തമാക്കുക. പ്രമേയം പാസാക്കുന്ന തിനുള്ള വോട്ടിംഗ് നില 10 ശതമാനം എന്നതിൽ നിന്നും 50 ശതമാനം എന്നതിലേക്ക് ഉയർത്തുക.

● പഞ്ചായത്തീരാജ് നിയമം വരുന്നതിന് മുമ്പ് നില വിലുണ്ടായിരുന്ന എല്ലാ കൊളോണിയൽ നിയമങ്ങ ളെയും ജനാധിപത്യവത്കരിക്കുക.

● സർക്കാർ ഫണ്ടുകൾക്ക് മേൽ ഗ്രാമസഭകൾക്ക് നിയന്ത്രണമുണ്ടാകണം.

● കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ പദ്ധതികൾ തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് പുനക്രമീ കരിക്കാൻ അവകാശം വേണം.

● നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തുകളാണെങ്കിലും അതിന്റെ ഘടനയെ നിശ്ചയിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല.

● ഗ്രാമസഭയുടെ ഏതുസംശയത്തിനും ആശങ്ക യ്ക്കും ഗ്രാമസഭയിൽ തന്നെ മറുപടി നൽകാൻ സർക്കാറിന് കഴിയണം.

● ഗ്രാമസഭയുടെ തീരുമാനങ്ങൾ പഞ്ചായത്ത് ഭരണ സമിതി തിരുത്തിയെഴുതുന്നത് തടയുക.

● അതാത് വാർഡുകളിലെ തണ്ണീർത്തടങ്ങളെയും നെൽവയലുകളെയും കുറിച്ചുള്ള നിലവിലെ ഡാറ്റാ ബാങ്ക് രജിസ്റ്റർ ഗ്രാമസഭയ്ക്ക് കൈമാറുക

● ഭൂമിയുടെ അളവ് കുറയുന്നത്, കുടിവെള്ള സ്രോത സ്സുകൾ മലിനമാകുന്നത്, മറ്റ് പാരിസ്ഥിതിക പ്രശ്ന ങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ പഞ്ചാ യത്ത് ഭരണസമിതി ഗ്രാമസഭയെ അറിയിക്കുക.

● നിലവിൽ കേന്ദ്ര വനാവകാശ നിയമത്തിന്റെയും പെസ നിയമത്തിന്റെയും പരിധിയിൽ വരാത്ത ആദി വാസി ഊരുക്കൂട്ടങ്ങൾക്ക് കൂടി ഈ അധികാരങ്ങൾ ലഭ്യമാകുന്ന വിധത്തിലുള്ള ഒരു സംവിധാനമുണ്ടാ ക്കുക. അതിനെ പഞ്ചായത്തീരാജ് നിയമവുമായി ബന്ധിപ്പിക്കുകയും ഊരുക്കൂട്ടങ്ങൾ ശക്തിപ്പെടുത്തു കയും ചെയ്യുക.

● ആദിവാസി മേഖലയിലുള്ള എല്ലാ ഫണ്ടുക ളുടെയും വിനിയോഗത്തെക്കുറിച്ച് തീരുമാനമെടുക്കു ന്നതിനുള്ള പൂർണ്ണാധികാരം ആദിവാസി ഉരുക്കൂട്ട ങ്ങൾക്ക് കൈമാറുക.

● ലോകബാങ്ക്/എ.ഡി.ബി മുതലായ അന്തർദേശീയ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികളായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുക. ലോകബാങ്ക്/ എ.ഡി.ബി വായ്പകൾ വഴി നടപ്പിലാക്കിയ പദ്ധതിക ളുടെ നേട്ടകോട്ട വിശകലനം നടത്തി പൊതുസമൂഹ ത്തിന് മുന്നിൽ വയ്ക്കുക.

## ഭരണനവീകരണം

● പൊതുഭരണരംഗത്ത് നിലനിൽക്കുന്ന അമിതമായ ബ്യൂറോക്രാറ്റൈസേഷൻ തടയാൻ നിയമം കൊണ്ടു വരുക.

● പൊതുഭരണത്തിൽ സിവിൽ സൊസൈറ്റിയുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പാക്കാൻ കഴിയും വിധം നിയമനിർമ്മാണം.

● ഓരോ നിയമവും ചട്ടവും നടപ്പാക്കാൻ ബാധ്യത പ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമായി നിർവചിക്കുകയും അത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരി ക്കാൻ കഴിയുന്ന വിധത്തിൽ ചുമതലാനിയമം (അ ക്കൗണ്ടബിലിറ്റി ആക്ട്) രൂപീകരിക്കുകയും ചെയ്യുക. സമയബന്ധിതമായി നടപടിയെടുക്കാത്ത ഉദ്യോഗ സ്ഥരെ ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥ എല്ലാ നിയമ ത്തിലും ഉൾപ്പെടുത്തുക.

● സർക്കാർ തലത്തിലും ഭരണഘടനാ സ്ഥാപ നങ്ങളിലും നിലനിൽക്കുന്ന അഴിമതിക്ക് അറുതിവരു

ത്താൻ കഴിയുന്ന തരത്തിൽ ജനലോക്പാൽ നിയമം കേരളത്തിലും നടപ്പിലാക്കുക.

● വനിതാ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ, പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി, പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി ബോഡികളുടെ പ്രവർത്തനങ്ങളെയും അവർ സ്വീകരിക്കുന്ന പരിഹാര നടപടികളെയും ജനകീയ ഓഡിറ്റിംഗിന് വിധേയമാക്കുക.

## വിവരാവകാശ നിയമം

● വിവരാവകാശ നിയമത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തും വിധം സർക്കാറിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുണ്ടാകുന്ന ഇടപെടലുകൾ അവസാനിപ്പിക്കുക. വിജിലൻസ് ആൻഡ് ആന്റി കറപ്ക്ഷൻ ബ്യൂറോയിൽ നിന്നും അഴിമതിക്കേസുകളുമായി ബന്ധപ്പെട്ട രേഖകളൊന്നും വിവരാവകാശ നിയമപ്രകാരം നൽകേണ്ടതില്ലെന്ന് കേരള സർക്കാർ വിജ്ഞാപനം അത്തരത്തിലുള്ള ഒന്നായിരുന്നു.

● ഏതെരു നിർമ്മാണ പ്രവർത്തനത്തിന്റെയും മെറ്റീരിയൽ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള അധികാരത്തെ സംബന്ധിച്ച് നിയമത്തിൽ വ്യക്തതവരുത്തുക.

● നിഷേധിക്കാവുന്ന വിവരങ്ങളെ സംബന്ധിച്ച പട്ടിക തയ്യാറാക്കി എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിക്കുക.

● വിവരാവകാശ നിയമത്തെ സർക്കുലറുകൾകൊണ്ട് തടയുന്നത് നിർത്തലാക്കുക. നിയമത്തിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്ന സർക്കുലറുകൾ പിൻവലിക്കുക.

● വിവരാവകാശ കമ്മീഷന്റെ നിയമനത്തിലും നടത്തിപ്പിലും ജനകീയ ഇടപെടലുകൾ എങ്ങനെ സാധ്യമാക്കാം എന്ന് ആലോചിക്കുക. വിവരാവകാശ കമ്മീഷൻ നടത്തുന്ന തീർപ്പുകളെ ജനകീയ ഓഡിറ്റിംഗിന് വിധേയമാക്കുക.

● വിവരാവകാശ നിയമം സെക്ഷൻ 4 അനുസരിച്ച് സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങളും രേഖകളും മിക്ക സർക്കാർ ഓഫീസുകളും ഇപ്പോഴും പൊതുജനത്തിന് ലഭ്യമാക്കിയിട്ടില്ല. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് ഇക്കാര്യങ്ങൾ ഇൻഡക്സ് ചെയ്യാൻ പ്രയാസമാണെങ്കിൽ ക്രമീകരണ ചുമതല ഐ.ടി മിഷൻ പോലെയുള്ള സർക്കാർ ഏജൻസികളെ ഏൽപ്പിക്കുക.

● സെക്ഷൻ 20 അനുസരിച്ചുള്ള ശിക്ഷാനടപടികൾ അപ്പീൽ തീർപ്പിന്റെ ഭാഗമായി നിർബന്ധമാക്കുക. വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിക്കുക. പിഴശിക്ഷയായി ഈടാക്കുന്ന തുകയുടെ പരിധി ഉയർത്തുക.

● സേവനാവകാശ നിയമം, ഉപഭോക്തൃ നിയമം, കേരള പോലീസ് ആക്ട്, സിവിൽ നടപടി നിയമം, കേന്ദ്ര പൊതുരേഖാ നിമയം തുടങ്ങിയ നിയമങ്ങളെ വിവരാവകാശ നിയമവുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി രൂപീകരിക്കുക.

● അഴിമതി തടയാനും ഭരണസുതാര്യ ഉറപ്പുവരുത്താനും ഉതകുന്ന തരത്തിൽ ഓരോ വകുപ്പിലും 'വിവരാവകാശ പ്രായോഗിക പാക്കേജ്' ഉണ്ടാക്കുകയും പ്രചാരണം നൽകുകയും ചെയ്യുക.

● വിവരാവകാശ നിയമത്തേയും അതിന്റെ സാധ്യതകളേയും പൗരസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള പ്രായോഗിക ബോധവത്കരണ പദ്ധതികൾ ആവിഷ്കരിക്കുക. ❑

# നഗരവത്കരണം/നഗരമാലിന്യസംസ്കരണം/ പാർപ്പിടം/സ്വകാര്യമൂലധന നിക്ഷേപങ്ങൾ

മൂലധന നിക്ഷേപങ്ങളെ സ്വീകരിക്കാൻ യോഗ്യമായ തരത്തിൽ നഗരങ്ങളെ മാറ്റിയെടുക്കുക എന്നതായി മാറിയിരിക്കുകയാണ് ഏറെക്കാലമായി നമ്മുടെ നഗരാസൂത്രണ പ്രക്രിയ. നവലിബറൽ നയങ്ങളുടെ ഭാഗമായി വന്ന ലോകബാങ്ക്-എ.ഡി.ബി വായ്പകളും പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് പരിപാടികളും ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ വ്യവസ്ഥകളും ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പോലെയുള്ള പദ്ധതികളും പൊതുസ്വത്ത് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നഗരപ്രദേശങ്ങളിലെ ദരിദ്രർക്കും ചേരിനിവാസികൾക്കുമിടയിൽ ഭീകരമായ അസംതൃപ്തികൾ ഈ പദ്ധതികൾ വഴി സൃഷ്ടിക്കപ്പെടുന്നുണ്ട്. നഗരവൽക്കരണത്തിന്റെ ഏറ്റവും വലിയ ദോഷം വൻതോതിലുള്ള വിഭവധൂർത്തും അവ കണ്ടെത്തുന്നതിനായി ഗ്രാമീണ മേഖലകളെ അവയുടെ കോളനികളാക്കി മാറ്റുന്നതുമാണ്. നഗര-ഗ്രാമ മേഖലകളിലെ വ്യക്തികളുടെ വിഭവ-ഊർജ്ജ വിനിയോഗത്തിലെ അന്തരം ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്. വികസന പ്രവർത്തനങ്ങൾക്കായുള്ള കുടിയൊഴിപ്പിക്കലുകൾ പതിവായിത്തീർന്നിരിക്കുന്നു. കേരളത്തിലെ നഗരവത്കരണ പ്രക്രിയയുടെ വ്യാപ്തി കൂടും തോറും വെല്ലുവിളികളും കൂടിവരുകയാണ്. (2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനങ്ങളിൽ 48 ശതമാനം പേർ നഗരവാസികളാണ്.) മാലിന്യസംസ്കരണം ഒരു കീറാമുട്ടിയായി മാറി. അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി വന്ന കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങൾ നഗരമാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്ന പരിതാപകരമായ സ്ഥിതിയാണ് കേരളത്തിലുള്ളത്. പത്തുലക്ഷത്തിലേറെ ജനവാസമുള്ള നഗരങ്ങളുടെ എണ്ണം 1921ൽ മൊത്തം 24 ആയിരുന്നത് 1988ൽ 240 ആയി ഉയർന്നു. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് വികസ്വര രാജ്യങ്ങളിലാണ് ഈ വർദ്ധനവ് മുഖ്യമായും ഉണ്ടായിരിക്കുന്നത്. നഗരങ്ങൾ കുറഞ്ഞ കാലയളവിൽ മഹാനഗരങ്ങളായി വളരുന്ന സ്ഥിതിയാണ് പൊതുവിലുള്ളത്. കേരളത്തിലും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. നഗര ഉല്ലാസസൗകര്യങ്ങൾക്കായി ഗ്രാമങ്ങളിലെ വിഭവങ്ങൾ നഗരങ്ങളിലേക്ക് വ്യാപകമായി ഒഴുക്കുന്നതിന്റെ പ്രതിസന്ധികൾ കേരളത്തിലും രൂക്ഷമാകാൻ തുടങ്ങിയിരിക്കുന്നു. കേരളത്തിലെ എല്ലാ വൻകിട നഗരങ്ങളുടെയും മാലിന്യം ചുമക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത് നഗരാതിർത്തികളിലുള്ള പഞ്ചായത്തുകളും ഗ്രാമങ്ങളുമാണ്. പാരിസ്ഥിതിക മാനദണ്ഡങ്ങളെല്ലാം ലംഘിച്ചുകൊണ്ടുള്ള വികസന പ്രക്രിയകൾ നഗരങ്ങളെ വലിയ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. ചെന്നൈ നഗരത്തിൽ കഴിഞ്ഞ വർഷമുണ്ടായ വെള്ളപ്പൊക്ക ദുരന്തം പോലെ ഒന്ന് കേരളത്തിലെ നഗരങ്ങളിലും എപ്പോൾ വേണമെങ്കിലും സംഭവിക്കാം. കാരണം, അത്തരത്തിലുള്ള ആസൂത്രണ പിഴവുകൾ ഇവിടെ അതിലേറെയാണ്. എന്നാൽ നിക്ഷേപക സൗഹൃദമാകാനുള്ള മത്സരത്തിനിടയിൽ ഇതൊന്നും പരിഗണിക്കേണ്ടതില്ല എന്ന തരത്തിലാണ് കേരളത്തിലെ നഗരാസൂത്രണം മുന്നോട്ടുപോകുന്നത്. നിക്ഷേപം എന്നത് ധനമൂലധനം മാത്രമാണെന്ന തെറ്റായ ധാരണയാണ് കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഗണിക്കപ്പെടാതിരിക്കുമ്പോൾ നിക്ഷേപകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ടോൾ പിരിവുകൾ ബലപ്രയോഗത്താൽ നടത്തുന്ന അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. നഗരവത്കരണത്തിന്റെ പ്രശ്നങ്ങളെയൊന്നും അഭിമുഖീകരിക്കാതിരിക്കുമ്പോഴും, വിഭവ പരിമിതിയെ മനസ്സിലാക്കാതെ നിക്ഷേപക സംഗമങ്ങൾ നടത്തി വീണ്ടും നഗരങ്ങൾ സൃഷ്ടിക്കുന്ന അന്ധമായ വികസന സങ്കൽപ്പം കേരളത്തെ വൈകാതെ ഗുരുതരമായ പ്രതിസന്ധികളിലെത്തിക്കും. നഗരവത്കരണത്തെയും അനുബന്ധ പ്രശ്നങ്ങളെയും സമഗ്രമായി പരിഗണിക്കുന്ന ഒരു നയം അടിയന്തരമായി രൂപീകരിക്കപ്പെടേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ

- നഗരങ്ങൾ ഒരു യാഥാർത്ഥ്യമായി ഇവിടെ നിലനിൽക്കുമ്പോൾ വരാനിരിക്കുന്ന നാളുകളിലെ പാരിസ്ഥിതിക-വിഭവ പ്രതിസന്ധികൾ പരിഗണിച്ചുകൊണ്ട് കാലത്തിനൊത്ത് അവയെ പുനർരൂപകല്പന ചെയ്യുക. നഗരങ്ങളുടെ വഹനശേഷി കണക്കാക്കിക്കൊണ്ടുള്ള സ്പേഷ്യൽ പ്ലാനിംഗിന് വാർഡുസഭകളുടെ അംഗീകാരത്തോടെ രൂപം നൽകുക.
- നഗരപരിധിയിലെ തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, തീരപ്രദേശങ്ങൾ, കുളങ്ങൾ എന്നിവ സംരക്ഷിച്ചുകൊണ്ട് അത്തരം പ്രദേശങ്ങൾ നോൺ ഡവലപ്മെന്റ് സോണുകളായി പ്രഖ്യാപിക്കുക.
- നഗരത്തിനുള്ളിലെ പൊതു ഇടങ്ങൾ വർദ്ധിപ്പിക്കുക (പാർക്കുകൾ, കളിസ്ഥലങ്ങൾ, സൈക്കിൾ പാത്തുകൾ...). നഗരവനവത്കരണ പരിപാടിക്ക് രൂപം നൽകുക.
- നഗരങ്ങൾക്കാവശ്യമായ എല്ലാത്തരം വിഭവങ്ങൾക്കും ഗ്രാമീണ മേഖലയെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം നഗരങ്ങൾ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നു എന്നതും വസ്തുതയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടിക

ളെക്കുറിച്ച് ഗൗരവമായിത്തന്നെ ആലോചന നടത്തുക.

● നിലനിൽക്കുന്ന നിയമങ്ങൾ ലംഘിച്ചുകൊണ്ട് പണിതുയർത്തിയ എല്ലാ നിർമ്മിതികളും പൊളിച്ചുനീക്കുക. നഗരങ്ങളിലെ വൻകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വാർഡുസഭകളുടെ അംഗീകാരം നിർബന്ധിതമാക്കുക.

● നഗരദരിദ്രർക്ക് പ്രത്യേക പാർപ്പിട പദ്ധതി ഏർപ്പെടുത്തുക. ആറ് മാസത്തിലധികം ആൾത്താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന ഫ്ളാറ്റുകൾ താൽക്കാലികമായി ഏറ്റെടുത്ത് മിതമായ വാടകയ്ക്ക് ഭവനരഹിതർക്ക് താമസിക്കുന്നതിനായി നൽകുക. അതിനുള്ള അധികാരം നഗരസഭയിൽ നിക്ഷിപ്തമാക്കുക. ഫ്ളാറ്റുകളെ നിക്ഷേപമാർഗ്ഗവും റിയൽ എസ്റ്റേറ്റ് വ്യാപാരത്തിന്റെ ഉപാധിയുമാക്കുന്ന വിധത്തിൽ നഗരത്തിൽ ഒന്നിലധികം ഫ്ളാറ്റുകൾ വാങ്ങുന്നതിനുള്ള അനുമതി ഒരു വ്യക്തിക്ക് നൽകാതിരിക്കുക. ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സോളാർ വൈദ്യുതി സംവിധാനം നിർബന്ധിതമാക്കുക.

● കേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നത് കേരളത്തിൽ അമ്പേ പരാജയമടഞ്ഞ പരിഹാരമാണ്. ഞെളിയൻ പറമ്പ്, വിളപ്പിൽശാല, ലാലൂർ തുടങ്ങിയവ അതിന്റെ ഉദാഹരണങ്ങളായി നമുക്കു മുന്നിലുണ്ട്. ഏറ്റവും നവീനവും കാര്യക്ഷമവുമായ പ്ളാൻറുകൾ സ്ഥാപിച്ചാൽ പോലും ഈ പ്രശ്നത്തെ മറികടക്കാനാവാത്തവിധം നാറിയിരിക്കുന്നു നമ്മുടെ രാഷ്ട്രീയ സാമൂഹ്യ പരിസരം. ഈ പ്രശ്നത്തോടുള്ള അങ്ങേയറ്റത്തെ അലംഭാവത്തിനു പുറമെ കെടുകാര്യസ്ഥതയും, അഴിമതിയും നിറഞ്ഞ ഒരു ഘടനയിൽ തികഞ്ഞ പരാജയമാണ് ഇത്തരം പ്ലാന്റുകൾ. ഈ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുക. ഇലക്ട്രോണിക് മാലിന്യങ്ങൾ ഉത്പാദകർ തന്നെ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

● ഫലപ്രദമായ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുക. പൊതു ഡ്രെയിനേജുകളിലേക്ക് മലിനജലം ഒഴുക്കാൻ സ്ഥാപനങ്ങളെ അനുവദിക്കരുത്. പ്ലാസ്റ്റിക് പാക്കിംഗ് പൂർണ്ണമായും തടയുക. കുടുംബശ്രീകൾ വഴി പേപ്പർ/തുണി ബാഗുകൾ നിർമ്മിക്കുക.

● നഗരങ്ങളിലേക്കാവശ്യമായ ഭക്ഷ്യവസ്തുക്കളിൽ പഴം-പച്ചക്കറികൾ എന്നിവയെങ്കിലും നഗരങ്ങളിലെ ഒഴിഞ്ഞ പ്രദേശങ്ങളിലും വീടുകളിലെ ടെറസുകളിലും മറ്റുമായി ഉൽപാദിപ്പിക്കാൻ സാധിക്കും. നഗരങ്ങളിൽ നിന്ന് പുറന്തള്ളുന്ന ജൈവമാലിന്യങ്ങൾ സ്രോതസ്സുകളിൽ വെച്ചുതന്നെ ശാസ്ത്രീയമായി സംസ്കരിക്കുകയാണെങ്കിൽ പ്രതിദിനം ടൺകണക്കിന് ജൈവവളം ലഭ്യമാകുകയും ചെയ്യും. വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ഒരു പരിധിവരെ നഗരങ്ങളിൽത്തന്നെ ഉത്പാദിപ്പിക്കാൻ ഇതുവഴി സാധിക്കും. എന്നുമാത്രമല്ല, രോഗംപരത്തുന്ന മാലിന്യങ്ങളിൽ നിന്ന് രക്ഷനേടുകയും ചെയ്യാം. നഗരങ്ങളിൽ രൂപപ്പെടുന്ന പഴം-പച്ചക്കറി തോട്ടങ്ങൾ അന്തരീക്ഷ മലിനീകരണത്തെ ചെറിയതോതിൽ തടയുകയും ചെയ്യും.

● ഊർജ്ജമേഖലയിലെ ധൂർത്ത് നഗരങ്ങളുടെ മറ്റൊരു മുഖമുദ്രയാണ്. ഇതിന് തടയിടേണ്ടത് അനിവാര്യമാണ്. പരസ്യങ്ങൾക്കും ഡിസ്‌പ്ലേകൾക്കുമായി വിനിയോഗിക്കപ്പെടുന്ന വൈദ്യുതിയുടെ കാര്യത്തിൽ നിയന്ത്രണങ്ങളുണ്ടാകണം. അതുപോലെത്തന്നെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്ന രീതിയിൽ കെട്ടിടങ്ങളും മറ്റും ഡിസൈൻ ചെയ്യുകയും വേണം. പകൽ നേരങ്ങളിൽപോലും വെളിച്ചം ആവശ്യമായിവരുന്ന രീതിയിലുള്ള കെട്ടിടനിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്തുക.

● ഗതാഗത മേഖലയിൽ പൊതുവാഹനങ്ങളുടെ എണ്ണം കൂട്ടിയും സ്വകാര്യവാഹനങ്ങൾ പെരുപ്പം നിയന്ത്രിച്ചും സൈക്കിളുകൾ പോലുള്ള പരിസ്ഥിതി സൗഹൃദപരമായ യാത്രാസൗകര്യങ്ങൾ പ്രോത്സാഹിപ്പിച്ചും നഗരങ്ങളിലെ തിരക്കും മലിനീകരണവും കുറയ്ക്കാനും ഗതാഗതമേഖലയിലെ ഊർജ്ജനിയന്ത്രണം സാധ്യമാക്കാനും കഴിയും. നഗരങ്ങളിലെ റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുക.

● ലോകത്തിലെ കാർബൺ ബഹിർഗമനത്തിന്റെ 35 ശതമാനവും നിർമ്മാണ മേഖലയിൽ നിന്നാണുണ്ടാകുന്നത് എന്ന പ്രശ്നവും അസംസ്കൃത വസ്തുക്കളുടെ ശോഷണവും പരിഗണിച്ചുകൊണ്ട് കെട്ടിട നിർമ്മാണ മേഖലയെക്കുറിച്ച് സമഗ്രമായ പുനർചിന്ത നടത്തുക. കെട്ടിട നിർമ്മാണത്തിലെ ധൂർത്തും ധാരാളിത്തവും അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക. പുനരുത്പാദനം ചെയ്യാവുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുന്ന കെട്ടിട നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുക. ആവശ്യത്തിനനുസരിച്ച് കെട്ടിടത്തിന്റെ വലുപ്പം തീരുമാനിക്കുന്നതരത്തിൽ ഒരു നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുക.

● ഐ.എം.ഫ്/എ.ഡി.ബി തുടങ്ങിയ സാമ്രാജ്യത്വ ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ ഒരു മൂന്നാംലോക നഗരങ്ങൾക്കും സഹായകമായി മാറിയിട്ടില്ല എന്ന അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം വായ്പകളിലൂടെ വരുന്ന വികസന പദ്ധതികൾ വേണ്ടെന്നുവയ്ക്കുക. സംസ്ഥാനത്ത് ഇതുവരെ നടത്തിയ നിക്ഷേപക സംഗമങ്ങളിലൂടെ നടപ്പിലാക്കിയ വികസനപദ്ധതികളെക്കുറിച്ച് സർക്കാർ ഒരു ധവളപത്രമിറക്കുക.

● നവലിബറൽ നയങ്ങളുടെ ഭാഗമായി കടന്നുവന്ന, സുതാര്യയില്ലാത്തതും പൊതുവിഭവങ്ങൾ സ്വകാര്യ നിക്ഷേപകരുടെ ലാഭാധിഷ്ഠത സംരംഭങ്ങൾക്ക് കൈമാറുന്നതുമായ പി.പി.പി, ബി.ഒ.ടി മാതൃകകൾ ഉപേക്ഷിക്കുക.

● പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം മാത്രമേ കുടിയൊഴിപ്പക്കൽ നടപടികൾ ആരംഭിക്കാവൂ എന്നത് നിർബന്ധമാക്കുക. ❑

# ഗതാഗതം/ദേശീയപാത സംരക്ഷണം/സുസ്ഥിര മാർഗ്ഗങ്ങൾ

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭൂമി ലഭ്യത തീരെ കുറഞ്ഞ ഒരു സംസ്ഥാനമാണ്. അതുകൊണ്ട് തന്നെ ഭൂമിയുടെ ഉപയോഗം അതിസൂക്ഷ്മമായി നിർവഹിക്കപ്പെടേണ്ട ഒന്നാണ്. എന്നാൽ വികസന പദ്ധതികൾക്ക് വേണ്ടി ജനങ്ങളെ കുടിയൊഴിപ്പിച്ച് ഏറ്റെടുക്കുന്ന ഭൂമി പ്രഖ്യാപിത ആവശ്യത്തിന് ഉപയുക്തമാക്കാത്തത് കുറ്റകരമായ അനാസ്ഥയാണ്. സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് വേണ്ടി പലയിടത്തും 45 മീറ്റർ വീതിയിലും മിക്കവാറും എല്ലായിടത്തും 30 മീറ്റർ വീതിയിലും ഭൂമി ഏറ്റെടുത്തിട്ട് പതിറ്റാണ്ടുകളായി. എന്നാൽ ഇവിടങ്ങളിൽ അപൂർവം ചിലയിടത്ത് 4 വരിപാതയും ബാക്കിയുള്ളിടത്ത് 7 മീറ്റർ മാത്രം ഉപയോഗിച്ച് രണ്ട് വരിപാതയും മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ബാക്കി ഭൂമി പാഴായി കിടക്കുന്നു. ഇടപ്പള്ളി-മൂത്തകുന്നം പാതയിൽ ഒരു വരി റോഡ് പോലും നിർമ്മിച്ചിട്ടുമില്ല. ലഭ്യമായ 30 മീറ്റർ ഉപയോഗിച്ച് 3 പതിറ്റാണ്ട് മുമ്പെങ്കിലും സംസ്ഥാനത്തെ ദേശീയപാതകൾ 6 വരിപാതകളായി വികസിപ്പിക്കാൻ കഴിയുമായിരുന്നു. അയൽസംസ്ഥാനങ്ങൾ ഈ രംഗത്ത് നേട്ടമുണ്ടാക്കിയത് ഇത്തരത്തിൽ പാതകൾ വികസിപ്പിച്ചാണ്. കരമന-കളിയിക്കാവിള ദേശീയപാത 30 മീറ്റർ ഉപയോഗിച്ച് ഈയിടെ സർക്കാർ 6 വരിയായി വികസിപ്പിച്ചിരുന്നു. ഈ മാതൃക എല്ലായിടത്തും പ്രയോഗിച്ചാൽ ദേശീയപാത വികസനത്തിലെ പ്രതിസന്ധിക്ക് പരിഹാരമാകും. എന്നാൽ 45 മീറ്റർ ബി.ഓ.ടി. കോർപ്പറേറ്റ് സ്വകാര്യപാത അടിച്ചേൽപ്പിച്ചേ അടങ്ങൂ എന്ന ദുർവാശി പാത വികസനം എന്ന ജനകീയ ആവശ്യത്തെ അട്ടിമറിക്കാൻ മാത്രമേ സഹായിക്കൂ എന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കണം.

## സമഗ്രവും സംയോജിതവുമായ ഗതാഗതനയം വേണം

സംസ്ഥാനത്ത് 44 നദികളും 600 കിലോമീറ്റർ നീളത്തിൽ തീരവുമുണ്ട്. ഉപരിതല (റോഡ്) ഗതാഗതത്തേക്കാൾ നാലിൽ ഒന്ന് മാത്രം ചിലവ് വരുന്ന ഒന്നാണ് ജലഗതാഗത മേഖല. റോഡുകൾക്കും റെയിലുകൾക്കും വേണ്ടി വരുന്നത് പോലെ വലിയ മുതൽമുടക്ക് ആവശ്യമില്ലാതെ ജലഗതാഗത സംവിധാനങ്ങൾ വികസിപ്പിക്കാം. ഒന്നരലക്ഷം കോടി രൂപയുടെ കടബാധ്യതയും റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും ശമ്പളം പെൻഷൻ പലിശ തുടങ്ങിയ നിക്ഷേപരഹിത ആവശ്യങ്ങൾക്ക് ചിലവഴിക്കേണ്ടിയും വരുന്ന കേരളം പോലുള്ള ഒരു സംസ്ഥാനം ഇത്തരത്തിലുള്ള ചിലവ് കുറഞ്ഞ ഗതാഗത സംവിധാനങ്ങൾ സൃഷ്ടിച്ചെടുക്കാനാണ് ഉൽസാഹിക്കേണ്ടത്. എന്നാൽ ഇന്ന് കാണുന്നത് നേരെ മറിച്ചാണ്. ഒന്നരലക്ഷം കോടിയുടെ അതിവേഗ റയിൽപാത, 6000 കോടിയുടെ മെട്രോറെയിൽ, പതിനായിരം കോടിയുടെ ലൈറ്റ്മെട്രോ, അരലക്ഷം കോടിയെങ്കിലും ചിലവാകുന്ന ഹൈവെ വികസനം തുടങ്ങിയവ ഉദാഹരണം. രാഷ്ട്രീയ-ഉദ്യോഗസ്ഥ-മുതലാളിത്ത അച്ചുതണ്ടിന്റെ 'അഴിമതിയുടെ രീതി ശാസ്ത്ര'മാണ്. തീർത്തും തെറ്റായ ഈ നയങ്ങൾക്ക് പിന്നിൽ. വമ്പൻ പദ്ധതികളാണെങ്കിൽ മാത്രമേ ഭീമമായ അഴിമതിക്കും കമ്മീഷനും സാധ്യതയുള്ളൂവെന്ന തിരിച്ചറിവാണ് പദ്ധതി ആസൂത്രണത്തിൽ നിഴലിക്കുന്നത്. റെയിൽ ഗതാഗത മേഖലയോടുള്ള താല്പര്യക്കുറവിന് പിന്നിലും മേൽക്കാരണങ്ങൾ തന്നെ.

'റോൾ ഓൺ റോൾ ഓഫ്' സംവിധാനത്തിൽ ട്രെയിനുകളും ചെറിയ കപ്പലുകളും സജ്ജീകരിച്ചാൽ സംസ്ഥാനത്തെ ചരക്ക് ഗതാഗത രംഗത്ത് വലിയ കുതിപ്പിന് നിതാനമാകും. കൊങ്കൺ റൂട്ടിൽ ഒരു ട്രെയിനിൽ 40 കണ്ടെയ്നർ ലോറികളെ ചരക്കുകളോടൊപ്പം കടത്തികൊടുക്കുന്ന സംവിധാനം സുഗമമായി നടക്കുന്നു. ഗതാഗത തിരക്ക്, അപകടങ്ങൾ, പണച്ചെലവ്, പരിസ്ഥിതി ആഘാതം, സമയം, ജീവനക്കാരുടെ ആരോഗ്യം തുടങ്ങി എല്ലാ മേഖലയിലും മിച്ചം. സമാനരീതിയിൽ ചെറിയ ചരക്ക് കപ്പലുകളിൽ ലോറികൾ അടക്കമുള്ള കണ്ടെയ്നറുകൾ കയറ്റി സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ എത്തിക്കുന്ന സംവിധാനം ഒരുക്കിയാൽ കേരളത്തിലെ ഹൈവെകളിൽ അതുണ്ടാക്കുന്ന ഗുണകരമായ മാറ്റം മാത്രം വിലയിരുത്തിയാൽ ആ പദ്ധതി നമ്മുടെ സ്വപ്നപദ്ധതിയാവേണ്ടതായിരുന്നു. പക്ഷെ താരതമ്യേന തീരെ ചിലവ് കുറഞ്ഞ അത്തരം പദ്ധതി നടപ്പാക്കാൻ രാഷ്ട്രീയ-ഉദ്യോഗസ്ഥ വർഗത്തിന് ഒരു താൽപര്യവുമില്ല. കടലിൽ കപ്പലുകൾക്ക് സഞ്ചരിക്കാൻ പ്രത്യേക പാത നിർമ്മിക്കേണ്ട ആവശ്യമില്ലല്ലോ ? അപ്പോൾ പിന്നെ അഴിമതി എങ്ങനെ സാധ്യമാക്കും ? പാത വികസന പദ്ധതി പ്രഖ്യാപിക്കുന്നതിന് മുമ്പേ ഭൂമി വാങ്ങികൂട്ടി പാത വന്നതിന് ശേഷം അതിന്റെ നേട്ടം അനേകം മടങ്ങായി കൊയ്തെടുക്കാമെന്ന ഭൂമാഫിയ താൽപര്യവും ജലഗതാഗത വികസനപദ്ധതിയിൽ ഇല്ലല്ലോ ? ഈ അവസ്ഥ മാറ്റി നാടുവികസിപ്പിക്കണമെന്ന ആത്മാർത്ഥമായ ലക്ഷ്യത്തോടെ ജനപക്ഷത്തുനിന്ന് കൊണ്ട് ജനകീയവും ലളിതവുമായ പരിഹാരങ്ങളാണ് കേരളത്തിന്റെ പശ്ചാത്തല വികസന അജണ്ടയുടെ മുഖമുദ്രയാവേണ്ടത്. വൻപാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക ആഘാതമുണ്ടാക്കുന്ന വമ്പൻ പദ്ധതികളല്ല കേരളത്തിന് ഇണങ്ങുന്നത് എന്ന് ഭരണാധികാരികൾ തിരിച്ചറിയണം.

## ആകാശപ്പാതകളും മേൽപ്പാലങ്ങളും

സംസ്ഥാനത്ത് ലഭ്യമായ 30 മീറ്റർ ഉപയോഗിച്ച് കരമന-കളിയിക്കാവിള മോഡലിൽ 6 വരിപ്പാതകൾ

നിർമ്മിക്കാൻ യാതൊരു തടസ്സവും നിലവിലില്ല. ഏതാണ്ടെല്ലായിടത്തും 30-45 മീറ്റർ ലഭ്യമാണ്. മലബാറിലെ ചിലയിടങ്ങളിൽ മാത്രം 30 മീറ്റർ തികക്കാൻ നാമമാത്രമായ സ്ഥലമെടുപ്പ് വേണ്ടിവരും. ഇതിന് സമ്മതമാണെന്ന് സമരരംഗത്തുള്ളവർ മുൻകൂറായി സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി 6 വരിപ്പാത നിർമ്മിക്കുകയും എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മേൽപാലങ്ങൾ നിർമ്മിക്കുകയും ചെയ്താൽ ഇന്നുള്ളതിന്റെ രണ്ടിരട്ടിയിലധികം ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കും. ഇതിനകം ചെറുപട്ടണങ്ങളായി മാറിയിട്ടുള്ള പ്രദേശങ്ങൾ ഇടിച്ചുനിരത്തി വൻവിനാശം സൃഷ്ടിക്കാതെ അവിടങ്ങളിൽ മീഡിയനിൽ തൂണുകൾ നാട്ടി അതിന് മുകളിലൂടെ എലിവേറ്റഡ് ആയി (ആകാശപ്പാത) നാലുവരിപ്പാതകൾ തീർക്കാം. ഇതിലൂടെ 8 വരിപ്പാതയുടെ സൗകര്യങ്ങൾ ലഭ്യമാക്കാം. വശങ്ങളിൽ നിന്ന് ഹൈവെയിലേക്ക് പ്രധാന റോഡുകൾ ചേരുന്നയിടങ്ങളിൽ മാത്രം ആവശ്യകതക്കനുസരിച്ച് സർവ്വീസ് റോഡുകളും നിർമ്മിക്കാം. സമസ്ത മേഖലയിലും കേരളം അതിന്റേതായ മോഡൽ സൃഷ്ടിച്ച് രാജ്യത്തിന് മാതൃകയായ രീതിയിൽ ഹൈവെ - ഗതാഗത രംഗത്തും ഇത്തരത്തിൽ ജനകീയമായ പുത്തൻ കേരള മോഡൽ നടപ്പാക്കിയാൽ അത് സംസ്ഥാനത്തിന്റെ സങ്കീർണ്ണമായ ഒരു വികസന പ്രതിസന്ധിക്കും ജനകീയ പ്രക്ഷോഭത്തിനും പരിഹാരമാകും. അപകടങ്ങളും ഗതാഗതകുരുക്കും ഗണ്യമായി കുറക്കുന്നതിനും സാധിക്കും.

## റെയിൽ ഗതാഗത സാധ്യതകൾ

സ്വാതന്ത്ര്യം ലഭിച്ച് 70 ആണ്ടുകൾ തികയാറാവുമ്പോഴും സംസ്ഥാനത്തെ റയിൽപാതയുടെ കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. പദ്ധതി തീരുമാനിക്കുന്നതും അംഗീകരിക്കുന്നതും കരാർ കൊടുക്കുന്നതും അതിനാൽ തന്നെ കമ്മീഷൻ വിഹിതം പങ്കുവെയ്ക്കുന്നതും കേന്ദ്രത്തിലായതിനാൽ സംസ്ഥാന രാഷ്ട്രീയ നേതാക്കൾക്ക് റെയിൽ ഗതാഗത വികസനത്തിൽ വലിയ താൽപര്യമില്ല. സംസ്ഥാനത്തെ റെയിൽപാതയിലെ ഡബിളിംഗും ഇലക്ട്രിഫിക്കേഷനും പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പലതായി. സമയബന്ധിതമായി ഇവ പൂർത്തിയാക്കിയിരുന്നെങ്കിൽ പോലും ഇപ്പോഴുള്ളതിനേക്കാൾ ഏറെ സൗകര്യപ്രദമാകുമായിരുന്നു. എന്നാൽ ഒച്ചിഴയുന്ന വേഗത്തിലാണ് പദ്ധതികൾ നീങ്ങുന്നത്. ഹൈവെ വികസനത്തിന് ഭൂമിയേറ്റെടുക്കുന്നതിനേക്കാൾ പ്രതിഷേധവും കുടിയൊഴിപ്പിക്കലും നഷ്ടപരിഹാര ചിലവും ഏറെ കുറവാണ് റെയിൽപാതയുടെ വശങ്ങളിൽ ഭൂമിയേറ്റെടുപ്പിന് വേണ്ടിവരിക. റോഡിൽ നിന്ന് വ്യത്യസ്ഥമായി റെയിൽപാത ക്കിരുവശവും വീട്, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ എന്നിവ തീരെ കുറവാണ്. വാണിജ്യസാധ്യതകൾ ഒട്ടും തന്നെ ഇല്ലാത്തതിനാൽ ഭൂമിക്ക് വിലയും തീരെ കുറവാണ്. ഈ അനുകൂല ഘടകങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ തെക്ക് വടക്ക് റെയിൽപാത 4 വരിയാക്കിയാൽ സംസ്ഥാനത്ത് ചരക്ക് നീക്കത്തിനും ഗതാഗതത്തിനും പുതിയ അനവധി ട്രെയിനുകൾ സാധ്യമാക്കാം. ഡൽഹി-ആഗ്ര റൂട്ടിൽ (150 കിലോമീറ്റർ വേഗതയിൽ) പുതുതായി ഓടി തുടങ്ങിയ രീതിയിലുള്ള എക്സ്പ്രസ്സ് ട്രെയിനുകൾ കേരളത്തിൽ സാധ്യമാക്കിയാൽ തിരുവനന്തപുരത്ത് നിന്ന് - കാസർഗോഡേക്ക് (600 കിലോമീറ്റർ) നാലോ അഞ്ചോ മണിക്കൂർ കൊണ്ട് എത്തിച്ചേരാനാകും. എറണാകുളത്തേക്ക് ഒന്നര മണിക്കൂറിലും എത്താം. സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്ന വിനാശകരമായ അതിവേഗ റയിൽ പദ്ധതിയുടെ ചിലവിനേക്കാൾ പത്തിലൊന്ന് മാത്രം ചിലവിലും സാധാരണക്കാർക്ക് പോലും പ്രാപ്യമായ നിരക്കിലും ഈ പദ്ധതി നടപ്പാക്കാം. വൻപാരിസ്ഥിതിക പ്രത്യാഘാതം, അതിരൂക്ഷമായ പ്രതിഷേധം, കാലതാമസം എന്നിവയെല്ലാം ഒഴിവാക്കാനുമാകും. വികസനത്തിലെ അജണ്ട നിശ്ചയിക്കുന്നവരുടെ ഉള്ളിലിരുപ്പ് നല്ലതാണെങ്കിൽ ഇതൊന്നും അസാധ്യമല്ല. സംസ്ഥാനത്തിന് ഉപകാരപ്പെടുന്ന പ്രായോഗികമായ ഇത്തരം ജനകീയ പരിഹാരങ്ങൾ നടപ്പാക്കാൻ ശ്രമമുണ്ടാവണം. അഴിമതി, മുതലാളിത്ത പ്രീണനം, സ്വകാര്യവൽക്കരണം, സാമ്പത്തിക ചൂഷണം എന്നിവയ്ക്ക് പകരം ജനപക്ഷ അജണ്ടയാവണം വികസനത്തിന്റെ ചൂണ്ടുപലക.

ദേശീയപാതയുടെ വിഷയത്തിൽ ദേശീയപാത അതോറിറ്റിയെ പദ്ധതി നടത്തിപ്പ് ചുമതലയിൽ നിന്ന് കേന്ദ്രസർക്കാർ മാറ്റി പകരം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്ന അനുകൂലസാഹചര്യം നിലവിലുണ്ട്. അതുപയോഗപ്പെടുത്തി അടുത്ത സർക്കാർ അടിയന്തരമായ ജനകീയ പരിഹാരത്തിന് ശ്രമിക്കണം. 45 മീറ്റർ ബി.ഒ.ടി ടോൾ വ്യവസ്ഥ അടിച്ചേൽപ്പിക്കാൻ വേണ്ടി 12 വർഷങ്ങൾ മാറി മാറി വന്ന സർക്കാരുകൾ ജനങ്ങളുമായി യുദ്ധം ചെയ്തു. ഇനിയും അതിന് തന്നെ ശ്രമിക്കുന്നത് ആത്മഹത്യാപരമാണ്. സംസ്ഥാനത്തിന്റെ ഹൈവെ വികസനത്തിന് ദോഷമല്ലാതെ യാതൊരു ഗുണവും അതുണ്ടാക്കില്ല. ജനവിരുദ്ധ പദ്ധതി അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതിന് പകരം കൈവശമുള്ള 30 മീറ്റർ ഉപയോഗപ്പെടുത്തി 6 വരിപ്പാതകളായി വികസിപ്പിച്ചിരുന്നെങ്കിൽ സംസ്ഥാനത്ത് എത്ര അപകടങ്ങളും മരണങ്ങളും ഒഴിവാക്കാമായിരുന്നു. ഗതാഗതക്കുരുക്കും പരിസ്ഥിതി നാശവും എത്രത്തോളം കുറക്കാമായിരുന്നു. എത്ര മാത്രം സാമ്പത്തിക നേട്ടം കൈവരിക്കാമായിരുന്നു. സംസ്ഥാനം നഷ്ടപ്പെടുത്തിയ അവസരം തിരിച്ചറിഞ്ഞ് ശരിയായ ജനകീയ പരിഹാരമാണ് ഇനിയുണ്ടാവേണ്ടത്. കേന്ദ്രഹൈവെ മന്ത്രാലയം പഴയ ഫീസിബിളിറ്റി റിപ്പോർട്ടും വിശദ പദ്ധതി പഠനവും ഒഴിവാക്കി പുതിയ പഠനത്തിന് ശ്രമമാരംഭച്ചിട്ടുണ്ട്. ഇതിന് തന്നെ ഇനിയും വർഷങ്ങൾ കാലതാമസം ഉണ്ടാവും. ഭൂമിയുടെ

വിലയും കെട്ടിടങ്ങളും ക്രമാതീതമായി വർധിക്കുന്ന സാഹചര്യത്തിൽ കാലംകഴിയുംതോറും എതിർപ്പ് കൂടുകയല്ലാതെ കുറയുകയില്ല. ഈ സാഹചര്യത്തിൽ 30 മീറ്റർ എന്ന പ്രായോഗിക സമീപനത്തിലേക്ക് എത്തുക മാത്രമാണ് പരിഹാരം.

## നിർദ്ദേശങ്ങൾ

- സംസ്ഥാനത്തെ റോഡ് വികസന ആവശ്യം മുൻനിർത്തി ജനങ്ങളെ കുടിയൊഴിപ്പിച്ച് പാഴാക്കിയിട്ടിരിക്കുന്ന സ്ഥലം ഉപയോഗിച്ച് അടിയന്തര പ്രാധാന്യത്തോടെ നാല് അല്ലെങ്കിൽ ആറുവരി പാത വികസിപ്പിക്കുക. കേരളത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ, വിഭവദൗർലഭ്യം, ഭൂമിയുടെ കുറവ്, ജനസാന്ദ്രത എന്നിവ പരിഗണിച്ച് 45 മീറ്റർ ബി.ഒ.ടി ഹൈവേകളും, അതിവേഗ റെയിൽപാതകളും, മെട്രോ പോലെയുള്ള വിനാശകരമായ പദ്ധതികളും ഉപേക്ഷിക്കുക. പകരം സംസ്ഥാനത്തിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് താങ്ങാൻ കഴിയുന്ന ജനകീയ ബദലുകൾ ആരായുക.
- 30 മീറ്ററിൽ ആറുവരി പാതയായി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് ഈയിടെ ഉദ്ഘാടനം ചെയ്ത കരമന-പ്രാവച്ചമ്പലം റോഡിന്റെ മാതൃക സംസ്ഥാനത്ത് മുഴുവൻ നടപ്പിലാക്കുക.
- പൊതുനിരത്തുകളിലെ സഞ്ചാരസ്വാതന്ത്ര്യം ഹനിച്ച് ജനങ്ങളിൽ നിന്നും സ്വദേശ-വിദേശ കുത്തകകളെക്കൊണ്ട് ചുങ്കം പിരിക്കുന്ന ബി.ഒ.ടി, ടോൾ, പി.പി.പി മാതൃകകൾ ഉപേക്ഷിക്കുക.
- ദേശീയപാത വികസന പദ്ധതിയിൽ നിന്നും ദേശീയപാത അതോറിറ്റി പിന്മാറി പകരം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെ ചുമതലയേൽപ്പിക്കുക.
- എല്ലാ റോഡുകളിലും ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ, ഡ്രെയിനേജുകൾ, ഫുട്പാത്തുകൾ, മറ്റ് അടിയന്ത പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ശാസ്ത്രീയമായി നിർമ്മിക്കുക.
- പ്രധാന ജംഗ്ഷനുകളിലെല്ലാം ഫ്ളൈഓവറുകൾ നിർമ്മിക്കുക.
- സംസ്ഥാനത്ത് തെക്കു-വടക്ക് നാലുവരി റെയിൽ ഗതാഗതം അടിയന്തരമായി സാധ്യമാക്കുക.
- നിലവിലുള്ള റെയിൽ ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുക. ഇലക്ട്രിഫിക്കേഷൻ, ഡബിളിംഗ് പോലെയുള്ള ഇഴയുന്ന പദ്ധതികൾ വർദ്ധിത പ്രാധാന്യത്തോടെ പൂർത്തിയാക്കുക.
- കൊങ്കൺ പാതയിൽ നടപ്പിലാക്കിയതുപോലെ റോ-റോ (റോൾ ഓൺ റോൾ ഓഫ്) ട്രെയിനുകൾ ആരംഭിക്കുക. ഒരു ട്രെയിനിൽ തന്നെ 40 ഓളം കണ്ടെയ്നറുകളടക്കിയ ലോറികൾ കടത്താൻ സൗകര്യമുള്ള ഈ സംവിധാനം റോഡിലെ ഗതാഗതക്കുരുക്കും കാർബൺ ബഹിർഗമനവും കുറയ്ക്കും.
- സാധാരണ യാത്രക്കാർക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ സബർബൻ ട്രെയിനുകൾ നടപ്പാക്കുക.
- വൻസാമ്പത്തിക ബാധ്യതയിലായ സംസ്ഥാനത്ത് 1.5 ലക്ഷം കോടി രൂപ മുതൽ മുടക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അതിവേഗ റെയിൽ പോലെയുള്ള വിനാശകരമായ പദ്ധതികൾ ഉപേക്ഷിക്കുക.
- 600 കിലോമീറ്റർ തീരവും 44 നദികളും നിരവധി തുറമുഖങ്ങളുമുള്ള സംസ്ഥാനം ചരക്കുഗതാഗതത്തിന് ജലമാർഗ്ഗങ്ങൾക്ക് പ്രാമുഖ്യം നൽകുക. കുറഞ്ഞ നിരക്കിൽ യാത്രയൊരുക്കാൻ കഴിയുന്നതും ജലഗതാഗത മേഖലയ്ക്കാണ് എന്ന വസ്തുതയും പരിഗണിക്കുക. ❑

## 2016 ഏപ്രിൽ 24ന് നടന്ന ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുത്തവർ.

**1. കൃഷി/ഭക്ഷ്യസ്വരാജ്/ഭൂമി/ഭൂവിനിയോഗം/തോട്ടങ്ങൾ**

എം. ഗീതാനന്ദൻ, ലാജ്. സി.എ, കെ.പി. ഇല്യാസ്, ഷിബു, വിനോദ്.കെ.പി, ആശാഹരി, ദിനിൽ, രാജൻ നായർ. വി.കെ.

**2. ഊർജ്ജം**

കെ. രാമചന്ദ്രൻ, സബ്ന.എ.ബി, സ്മിത.പി. കുമാർ, കെ. സഹദേവൻ, രാജേഷ്, പി. രജനീഷ്, ബാല കൃഷ്ണൻ, റോബിൻ കേരളീയം, ഡോ. സാഗർധാര.

**3. ആരോഗ്യം**

രാജൻ.ടി, സനൂപ്.എം, റംസീന ഉമൈബ, മുരളി.

**4. വ്യവസായം/തൊഴിൽ/സഹകരണ സംഘങ്ങൾ/ വ്യാവസായിക മലിനീകരണം**

പുരുഷൻ ഏലൂർ, സതീഷ്, ജയഘോഷ്, എ. പരമേശ്വരൻ, വിജി, പ്രഭ, പഴനിസ്വാമി, നാഗപ്പൻ, ഷാജി, ജിപ്സ, അറുമുഖൻ പത്തിച്ചിറ.

**5. വിഭവസംരക്ഷണം – ജലം/നദി/തണ്ണീർത്തടം/വനം/പശ്ചിമഘട്ടം/തീരദേശം/കണ്ടൽക്കാടുകൾ/ ഇടനാടൻ കുന്നുകൾ**

എസ്. ബാബുജി, ടി.എം. സത്യൻ, ലിബിൻ, നബീൽ.സി.കെ.എം, അജിതൻ, ഷെമീർ, മനീഷ, മായാ കൃഷ്ണൻ, പ്രൊഫ. കുസുമം ജോസഫ്, വിജയരാഘവൻ ചേലിയ, മാരിയപ്പൻ, സി.എൻ. മുസ്തഫ, പി. സുന്ദരരാജൻ.

**6. നഗരവത്കരണം/നഗരമാലിന്യസംസ്കരണം/പാർപ്പിടം/സ്വകാര്യമൂലധന നിക്ഷേപങ്ങൾ/ ട്രാൻസിഷൻ ടൗൺ മൂവ്മെന്റ്സ്**

സി.ആർ. നീലകണ്ഠൻ, ജിയോ ജോസ്, മേരി ലിഡിയ, ടി.കെ. വാസു.

**7. വിദ്യാഭ്യാസം/സാംസ്കാരികരംഗം/മാദ്ധ്യമരംഗം**

ഷൗക്കത്തലി, ഇക്ബാൽ കൊടുങ്ങല്ലൂർ, സിസ്ലു, നസ്റുള്ള, വിഷ്ണു, മിനി.പി.വി, വി.ടി. ജയദേ വൻ, സി. രാജഗോപാലൻ, സഫീർ.എൻ.എ, ഷിബുരാജ്.

**8. സാമൂഹികനീതി/ലിംഗനീതി/മനുഷ്യാവകാശം/യുവജനങ്ങൾ/രാഷ്ട്രീയ ഫാസിസം/ മാഫി യവത്കരണം**

എം. സുൽഫത്ത്, ജാൻസി ജോസ്, സീന പനോളി, ധനേഷ്.വി.വി, ടി.കെ. ഹാരിസ്, പി.എം. ദിവാക രൻ, കെ.പി. മധുകുമാർ, ടി.സി. ബാലകൃഷ്ണൻ, അഡ്വ. ജോർജ്ജ് പുലികുത്തിയിൽ, സുനിൽ. വി.

**9. ഗതാഗതം/ദേശീയപാത സംരക്ഷണം/സുസ്ഥിര ഗതാഗത മാർഗ്ഗങ്ങൾ**

ഹാഷിം ചേന്ദാമ്പിള്ളി, കെ.വി. സത്യൻ മാസ്റ്റർ, കെ.എസ്. സ്കറിയ, ടോമി അറയ്ക്കൽ, അബ്ദുൾ വഹാബ്.കെ.പി, പ്രേംദാസ്, ഡേവിസ് വളർക്കാവ്, ടി.പി. അബുലൈസ്.

**10. ജനാധികാരം/വിഭവാധികാരം/ഭരണനവീകരണം/അഴിമതി വിരുദ്ധത/വിവരാവകാശം**

ഡോ. അമിതാബച്ചൻ, അഡ്വ. ശീതൾ, പി.കെ. ഒഫൂർ, നീതുദാസ്, എൻ. രമേശൻ, രമേഷ് മുതലമട, കെ.വി. ഷാജി.

*(ഗ്രൂപ്പ് അവതരണത്തിന്റെ സമയത്ത് കൈമാറിയ ലിസ്റ്റ് പ്രകാരം).*

## കരട് മാനിഫെസ്റ്റോ തയ്യാറാക്കുന്നതിനായി നടത്തിയ ആശയവിനിമയം

**1. കൃഷി/ഭക്ഷ്യസ്വരാജ്/ഭൂമി/ഭൂവിനിയോഗം/തോട്ടങ്ങൾ**

വി. അശോക്കുമാർ, സണ്ണി പൈകട, വിനോദ്, എസ്. ഉഷ, എം. സുചിത്ര, എം.എ. റഹ്മാൻ, ആർ. ശ്രീധർ, എം. ഗീതാനന്ദൻ, കെ.കെ. കൊച്ച്, എൻഡോസൾഫാൻ സമരങ്ങൾ, മെത്രാൻകായൽ സംരക്ഷണ സമിതി, ഹരീഷ് വാസുദേവൻ, കെ.പി. ഇല്യാസ്.

**2. ഊർജ്ജം**

എസ്.പി. രവി, കെ. രാമചന്ദ്രൻ, കെ. സഹദേവൻ, നന്ദലാൽ, പി. രജനീഷ്.

**3. ആരോഗ്യം**

ഡോ. ജയശ്രീ, ഡോ. ബ്രഹ്മപുത്രൻ, ഡോ. ജയകൃഷ്ണൻ, കളം രാജൻ, കെ. രാമചന്ദ്രൻ, ഡോ. പി. ജി. ഹരി, ഡോ. എം. പ്രസാദ്, ഡോ. പുകഴേന്തി.

**4. വ്യവസായം/തൊഴിൽ/സഹകരണ സംഘങ്ങൾ/ വ്യാവസായിക മലിനീകരണം**

വി.ടി. പത്മനാഭൻ, പുരുഷൻ ഏലൂർ, വിജി പെൺകൂട്ട്, ബോബി തോമസ്, കെ.ജി. ജഗദീശൻ, ഇന്ദു (സി.ഡി.എസ്), പെമ്പിള ഒരുമൈ, നഴ്സിംഗ് സമരങ്ങൾ, വ്യാവസായിക മലിനീകരണ വിരുദ്ധ സമരങ്ങൾ.

**5. വിഭവസംരക്ഷണം – ജലം/നദി/തണ്ണീർത്തടം/വനം/പശ്ചിമഘട്ടം/തീരദേശം/കണ്ടൽക്കാടുകൾ/ ഇടനാടൻ കുന്നുകൾ**

ഡോ. ടി.വി. സജീവ്, ഡോ. എ. ലത, എസ്. ബാബുജി, ഡോ. അജയകുമാർ വർമ്മ, ഹരി–ആശ, സഞ്ജീവഘോഷ്, എ.ജെ. വിജയൻ, ചാൾസ് ജോർജ്ജ്, ശ്രീകുമാർ ആറാട്ടുപുഴ, ഡോ. അമൃത്.

**6. നഗരവത്കരണം/നഗരമാലിന്യസംസ്കരണം/പാർപ്പിടം/സ്വകാര്യമൂലധന നിക്ഷേപങ്ങൾ/ ട്രാൻസിഷൻ ടൗൺ മൂവ്മെന്റ്സ്**

കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരങ്ങൾ, സി.ആർ. നീലകണ്ഠൻ, മാർട്ടിൻ.ജി.ഡി, ജോസഫ്. സി. മാത്യു, ഡോ. മുഹമ്മദ് ഇർഷാദ്, ചിത്ര (കാലടി സംസ്കൃത സർവ്വകലാശാല), സാജൻ കോസ്റ്റ്ഫോർഡ്, ഇന്ദു (സി.ഡി.എസ്).

**7. വിദ്യാഭ്യാസം/സാംസ്കാരികരംഗം/മാദ്ധ്യമരംഗം**

എൻ. പ്രഭാകരൻ, പി. പ്രേമചന്ദ്രൻ, മുരളി പയ്യന്നൂർ.

**8. സാമൂഹികനീതി/ലിംഗനീതി/മനുഷ്യാവകാശം/യുവജനങ്ങൾ/രാഷ്ട്രീയ ഫാസിസം/ മാഫിയവത്കരണം**

ഡോ. എ.കെ. ജയശ്രീ, എം. സുൽഫത്ത്, കെ.പി. സേതുനാഥ്, അഡ്വ. പി.എ. പൗരൻ, കെ. അജിത, കെ.സി. ഉമേഷ്ബാബു, ശീതൾ ശ്യാം, ശരത് ചേലൂർ, എൻ.പി. രാജേന്ദ്രൻ, ശശികുമാർ

**9. ഗതാഗതം/ദേശീയപാത സംരക്ഷണം/സുസ്ഥിര ഗതാഗത മാർഗ്ഗങ്ങൾ**

ഹാഷിം ചേന്ദാമ്പിള്ളി.

**10. ജനാധികാരം/വിഭവാധികാരം/ഭരണനവീകരണം/അഴിമതി വിരുദ്ധത/വിവരാവകാശം**

ഡോ. അമിതാബച്ചൻ, ഡോ. എബി ജോർജ്ജ്, അഡ്വ. ജോൺ ജോസഫ്.

## കരട് മാനിഫെസ്റ്റോ തയ്യാറാക്കൽ കമ്മിറ്റി:

കെ. സഹദേവൻ, ഡോ. ആസാദ്, പി.എം. ജയൻ. എസ്. ശരത്, വി.പി. റജീന, വി.കെ. സുരേഷ്, സ്മിത.പി. കുമാർ, ജംഷീന, റംസീന ഉമൈബ, മേരി ലിഡിയ, സുഹൈൽ (ഡൂൾ ന്യൂസ്).

## നന്ദി:

ജിയോ ജോസ്, റോബിൻ കേരളീയം, ഷെഫീഖ് താമരശ്ശേരി, ദിനിൽ, ഐ.വി. ബാബു, ജീബേഷ്, മനേഷ് (ഡൂൾ ന്യൂസ്), മിനി. പി.വി, സബ്ന.എ.ബി, കെ. സജിമോൻ, സന്തോഷ് കുമാർ...

**'പുറന്തള്ളൽ വികസനത്തിന് ഒരറുതി, ജനകീയ വികസനത്തിന് ഒരു മാനിഫെസ്റ്റോ: സമരകേരളം കൂടിയിരിക്കുന്നു' പരിപാടിയുടെ സംഘാടക സമിതി:**
അധിനിവേശ പ്രതിരോധ സമിതി, കേരളീയം മാസിക, ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി.എം), ലോഹ്യവിചാരവേദി, കേരള ജൈവകർഷക സമിതി, പശ്ചിമഘട്ട സംരക്ഷണ ഏകോപന സമിതി, സംസ്ഥാന ക്രഷർ-ക്വാറി വിരുദ്ധ സമര സമിതി, കേരള പരിസ്ഥിതി ഐക്യവേദി, ദേശീയപാത സംരക്ഷണ സമിതി, കണ്ണൂർ ജില്ലാ പരിസ്ഥിതി സമിതി, കാസർഗോഡ് ജില്ലാ പരിസ്ഥിതി സമിതി, എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി, ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം, പെരിയാർ മലിനീകരണ വിരുദ്ധ സമിതി, ജനജാഗ്രത ഏലൂർ, കുട്ടനാട് സംയുക്ത സമിതി, മെത്രാൻ കായൽ സംരക്ഷണ സമിതി, പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമര സമിതി, കാക്കഞ്ചേരി പരിസ്ഥിതി സംരക്ഷണ സമിതി, കാതിക്കുടം എൻ.ജി.ഐ.എൽ ആക്ഷൻ കൗൺസിൽ, തീരദേശ-പശ്ചിമഘട്ട സംരക്ഷണ സമിതി (വിഴിഞ്ഞം സമരം), ആദിവാസി സംരക്ഷണ സംഘം, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ, എ.എം.ടി.യു, പെമ്പിള ഒരുമൈ, ബി.ഒ.ടി-ടോൾ വിരുദ്ധ സമര സമിതികൾ, മൊടക്കല്ലൂർ നഴ്സിംഗ് സമര സമിതി, വിവരാവകാശ കൂട്ടായ്മ (മലപ്പുറം), മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ വിരുദ്ധ സമിതി, എൻഡോസൾഫാൻ ദുരിതബാധിത സംരക്ഷണ സമിതി, ജനാധിപത്യ ഊര് വികസന മുന്നണി, കമ്മിറ്റി എഗൈൻസ്റ്റ് പോക്സോ ഓൺ ട്രൈബ്സ് മാരേജ്, ഫ്രണ്ട്സ് ഓഫ് നേചർ.

**2016 ഏപ്രിൽ 23, 24 തീയ്യതികളിൽ കോഴിക്കോട് വച്ച നടന്ന ചർച്ചയിൽ പങ്കെടുത്ത സമര സംഘടനകൾ:**
പി.യു.സി.എൽ, മാസ് കേരള, ആന്റി കറപ്ഷൻ പീപ്പിൾസ് മൂവ്മെന്റ്-കേരളം, ഹരിതസേന-കോഴിക്കോട്, എൻ.എച്ച് ആക്ഷൻ കമ്മിറ്റി-മലപ്പുറം, കേരള ശാസ്ത്ര സാഹിത്യ പരിഷദ്-കോഴിക്കോട്, ബി.ഒ.ടി വിരുദ്ധ ജനകീയ സമിതി-കോഴിക്കോട്, അന്വേഷി-കോഴിക്കോട്, ഡൈനാമിക് ആക്ഷൻ-തിരുവല്ല, ദേശീയപാത കർമ്മ സമിതി-കോഴിക്കോട്, സോളിഡാരിറ്റി-കോഴിക്കോട്, യൂത്ത്ഡയലോഗ്, ചക്കിട്ടപ്പാറ ഇരുമ്പയിര് ഖനന വിരുദ്ധസമിതി-കോഴിക്കോട്, മൈസൂർമല ക്വാറി വിരുദ്ധ സമിതി-മലപ്പുറം, റിവർ റിസർച്ച് സെന്റർ-തൃശൂർ, ജനനീതി-തൃശൂർ, എൽ.പി.ജി ടെർമിനൽ വിരുദ്ധ ജനകീയ സമിതി, പാലിയേക്കര ടോൾ വിരുദ്ധ സമിതി, കളരിക്കുന്ന് പരിസ്ഥിതി സംരക്ഷണ സമിതി, തെക്കൻമല സംരക്ഷണ സമിതി-കോഴിക്കോട്, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, മണിയൂർ സംരക്ഷണ സമിതി, കേരള ബ്ലൈൻഡ്സ് അസോസിയേഷൻ. *(രജിസ്ട്രേഷൻ ലിസ്റ്റിൽ നിന്നും).*